KOTTAYAM PUBLIC LIBRARY

Call No M200 Acc. No 11438

Author [illegible]

Title ചില അടിസ്ഥാനവിശ്വാസങ്ങൾ

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

812

# ചില അടിസ്ഥാന വിശ്വാസങ്ങൾ

ഗ്രന്ഥകർത്താ:

യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ
തിരുമനസ്സുകൊണ്ട്

പ്രസാധകർ:

എസ്. സി. എം. ബുക്ക് ക്ലബ്ബ്

സി. എം. എസ്. പ്രസ്സ്, കോട്ടയം.

ആഗസ്റ്റ് 1958

വില രൂപ 1

ഒന്നാംപതിപ്പ് കോപ്പി ആയിരം.

NATIONAL BOOK STALL
SBCS
LTD.
BR. KOTTAYAM

കേരളാ എസ്. സി. എം.

പ്രസിദ്ധീകരണങ്ങൾ

യേശുക്രിസ്തുവിന്റെ സുവിശേഷം,

ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു,

ചില അടിസ്ഥാന വിശ്വാസങ്ങൾ,

എസ്. സി. എം. ഡസ്ക്ക് ഡയറി.

# പ്രസ്താവന

നമ്മുടെ ചില അടിസ്ഥാന വിശ്വാസങ്ങളെപ്പററി യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി രചിച്ച ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിനു ഞങ്ങൾക്കു വളരെ സന്തോഷമുണ്ട്. ഇതൊരു പുസ്തകമാക്കണമെന്നുള്ള ഉദ്ദേശം മുൻനിറുത്തി എഴുതപ്പെട്ടതല്ല. എസ്. സി. എം. ൻെറ ഒരു "ടീച്ചിങ്ങ് മിഷ്യനിൽ" തിരുമേനി ചെയ്ത അഞ്ച് പ്രസംഗങ്ങൾ, ഗ്രന്ഥരൂപത്തിൽ സമാഹരിച്ചിരിക്കുകയാണ്. ഞങ്ങളുടെ അഭ്യർത്ഥനയെ ആദരിച്ചും, സമയക്കുറവിനെ അവഗണിച്ചും, പ്രസംഗം വിശദമായി എഴുതി തയ്യാറാക്കിത്തന്നതിനു് തിരുമേനിയോട്ട് ഞങ്ങൾ അതീവ കൃതജ്ഞരാണ്.

അടിസ്ഥാന വിശ്വാസങ്ങളെപ്പററിയുള്ള സമഗ്രമായ ഒരു പ്രതിപാദനമല്ലിതു്. ക്രിസ്തീയവിശ്വാസത്തിൻെറ മൗലികവശങ്ങളെപ്പററി യുവജനങ്ങൾക്ക് ഒരു ഏകദേശ ജ്ഞാനമെങ്കിലും നൽകുന്നതിനു് ഈ ഗ്രന്ഥം ഉപകരിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. മാത്രമല്ല, ഈ ഗ്രന്ഥം വായിച്ചശേഷം, പ്രസ്തുത വിഷയങ്ങളെപ്പററി കൂടുതലായി പഠിക്കുന്നതിനും ചിന്തിക്കുന്നതിനും അതു പ്രചോദനം നൽകുമെന്നാണ് ഞങ്ങളുടെ പ്രത്യാശ.

എസ്. സി. എം. ബുക്ക് ക്ലബ്ബിൻെറ രണ്ടാമത്തെ പുസ്തകമാണിതു്. "ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു" എന്ന പ്രഥമ പ്രസിദ്ധീകരണത്തിനു ലഭിച്ച സ്വാഗതം പ്രോത്സാഹജനകമായിരുന്നു. എങ്കിലും, ബുക്ക് ക്ലബ്ബിൻെറ സുഗമമായ നടത്തിപ്പിനു് ഇനിയും കൂടുതൽ അംഗങ്ങൾ ചേരേണ്ടിയിരിക്കുന്നു. രണ്ടു രൂപാ വരിസംഖ്യ കൊടുത്തു് ബുക്ക് ക്ലബ്ബിൻെറ അംഗങ്ങളാകുന്നവർക്ക് ഈ വർഷം പ്രസിദ്ധീകരിക്കുന്ന നാലു പുസ്തകങ്ങൾ നൽകുന്നതായിരിക്കും. യുവജനങ്ങളുടെ, വിശിഷ്യ, കോളജ് വിദ്യാർത്ഥികളുടെ, പ്രോത്സാഹനവും സഹകരണവും പ്രതീക്ഷിച്ചുകൊള്ളുന്നു.

കോട്ടയം
ആഗസ്റ്റ് 1958.

എം. കുര്യൻ,
എസ്. സി. എം. ലിറററച്ചർ സെക്രട്ടറി

# ആമുഖം

വിദ്യാൎത്ഥിനീവിദ്യാൎത്ഥികളായ എൻെറ സ്നേഹിതന്മാരുടെ പ്രബോധനത്തിനായി ഒരു പ്രസംഗപരമ്പര നടത്തുന്നതിനു് തിരുവനന്തപുരം എസ്. സി. എം. സെക്രട്ടറി എന്നെ ക്ഷണിച്ചപ്പോൾ, ഞാൻ ആ ക്ഷണം സന്തോഷത്തോടെ സ്വീകരിച്ചു. പാപം, പാപത്തിൽനിന്നുള്ള രക്ഷ, രക്ഷിതാവായ ക്രിസ്തു, രക്ഷയുടെ ദൂതു്, തലമുറകളായി നമുക്കായി കാത്തു് രക്ഷയുടെ അനുഭവത്തിലേക്കു് നമ്മെ പ്രവേശിപ്പിക്കുന്ന സഭ, സഭയുടെ ജീവനു് ആധാരമായിത്തീൎന്നിട്ടുള്ള വേദപുസ്തകം, ഇവയെപ്പററിയുള്ള ഒരു സാമാന്യജ്ഞാനം ഒരു ക്രിസ്ത്യാനിക്കു് ആവശ്യമാണു്. സുപ്രധാനവും ഗഹനവുമായ ഈ വിഷയങ്ങൾ ഇന്നത്തെ യുവതീയുവാക്കന്മാൎക്കു് സുഗ്രാഹ്യമായ വിധത്തിൽ ലഘുവായി പ്രതിപാദിക്കുക സാധ്യമാണോ? അതു് സാധിക്കേണ്ടതു് സഭയെ സംബന്ധിച്ചിടത്തോളം ആവശ്യമാണു്. ഇതിനായുള്ള ഒരു ശ്രമമാണു് ഞാൻ ചെയ്തതു്. ഇതിൽ തോൽവി അടഞ്ഞുവെങ്കിൽ എനിക്കു് വളരെ സങ്കടമില്ല. ഇതിനായി ശ്രമിച്ചതു് എനിക്കു് ഒരു സന്തോഷമായിരുന്നു. എൻെറ തോൽവി മററൊരാളെ ഈ ഉദ്യമത്തിലേക്കു് പ്രേരിപ്പിക്കുമെങ്കിൽ, അതിലും എനിക്കു സന്തോഷമേയുള്ളു.

പാപം ഒരു സാൎവ്വത്രിക യാഥാൎത്ഥ്യമാണു്; രക്ഷ മനുഷ്യൻെറ ആവശ്യമാണു്; യേശു എന്ന രക്ഷിതാവിനെയാണു് തിരുസഭയും, വേദപുസ്തകവും നമുക്കു് തരുന്നതു്. വേദപുസ്തകത്തിൻെറ വെളിച്ചത്തിലും, ചില ആധുനിക എഴുത്തുകാരുടെ പുസ്തകങ്ങൾ വായിച്ചതിൻെറ വെളിച്ചത്തിലുമാണു് ഈ പ്രസംഗങ്ങൾ ഞാൻ തയ്യാറാക്കിയിട്ടുള്ളതു്.

എസ്. സി. എം. പ്രവൎത്തകരുടെ പ്രസിദ്ധീകരണമായി ആ പ്രസംഗങ്ങൾ അച്ചടിപ്പിക്കാൻ തീരുമാനിച്ചതിൽ ഞാൻ നന്ദിയുള്ളവനത്രെ. പ്രസംഗത്തിനായി ഉണ്ടാക്കിയ വിസ്തരിച്ച കുറിപ്പുകളിൽ നിന്നു്, അച്ചടിപ്പിക്കത്തക്ക വാചക രീതിയിൽ വാചകങ്ങൾ ആവിഷ്കരിച്ചു എഴുതുക കുറെ പ്രയാസമാണെന്നു് ഈ ഉദ്യമത്തിൽ നിന്നു് എനിക്കു് ബോധ്യപ്പെട്ടു. ചിലരെയെങ്കിലും, ഈ ലഘുപുസ്തകത്തിന്റെ വായന, വേദപുസ്തകപഠനത്തിലേക്കു് വഴി നടത്തുമെങ്കിൽ ഞാൻ അതീവ കൃതാൎത്ഥനായി.

തിരുവനന്തപുരം ആംഗ്ലേയപള്ളിയിൽ നാലു ദിവസം തുടൎച്ചയായി വന്നു് ശ്രദ്ധയോടെ എന്റെ പ്രസംഗങ്ങൾ കേട്ട വിദ്യാൎത്ഥിനീവിദ്യാൎത്ഥികളേപ്പററിയുള്ള സ്മരണയോടുകൂടെ, ഈ ചെറുപുസ്തകം ഇതിന്റെ വായനക്കാൎക്കായി ഞാൻ പ്രതിഷ്ഠിക്കുന്നു.

J. MALABAR,
യൂഹാനോൻ മാൎത്തോമ്മാ
മെത്രാപ്പോലീത്താ.

തിരുവല്ല,
ജൂലൈ 24, 1958.

# ഉള്ളടക്കം

1. പാപവും പരിഹാരവും

2. രക്ഷ

3. ക്രിസ്തുവും നിങ്ങളും

4. സഭ

5. വേദപുസ്തകം

No. 11438

KOTTAYAM PUBLIC LIBRARY
KOTTAYAM.

# I

# പാപവും പരിഹാരവും

പാപം സാർവ്വത്രികമായ ഒരു പ്രശ്നമാണ്. മനുഷ്യജീവിതത്തിലെ ഒരു വലിയ യാഥാർത്ഥ്യമാണതു്. ഉയർന്ന മതങ്ങളെല്ലാം തന്നെ പാപത്തെക്കുറിച്ചും അതിന്റെ പരിഹാരത്തെക്കുറിച്ചും പഠിപ്പിക്കുന്നുണ്ടു്. പുരാതന മതങ്ങളായ ഹിന്ദുമതവും, യഹൂദമതവും മനുഷ്യജീവിതത്തിൽ പാപത്തിനുള്ള പിടിപാടിനെപ്പററിയും, പാപപരിഹാരത്തിനു് ആവശ്യമായ ബലിപൂജകളെപ്പററിയും വളരെ വിശദമായി പഠിപ്പിക്കുന്നു. ഹിന്ദുമതത്തിലെ ഒരു പ്രാർത്ഥനാശകലം സൂക്ഷിക്കുക:—“പാപാഹം; പാപകർമ്മാഹം; പാപാത്മാ; പാപസംഭവാ:”

പാപത്തിന്റെ ആരംഭത്തെപ്പററിയുള്ള പ്രശ്നവും, പാപത്തിന്റെ സാർവ്വത്രികത്വവും പഴയനിയമത്തിലെ സാന്മാർഗ്ഗികപ്രബോധനങ്ങളിൽ വരുന്നുണ്ടു്. ക്രിസ്തുയേശു

വിൽകൂടെ പാപത്തിൽനിന്നു വിടുതൽ ലഭിക്കുന്നുവെന്നതാണ് പുതിയനിയമത്തിൻെറ അടിസ്ഥാന ഉപദേശം തന്നെ.

**പാപം എന്നാൽ എന്തു്?**

പാപത്തിന്നു് ഒരു നിർവചനം വേദപുസ്തകം നല്കിക്കാണുന്നില്ല. പാപത്തിൻെറ ശക്തിയും, സാർവ്വത്രികതയും ഒരു യാഥാർത്ഥ്യമായി വേദപുസ്തകം സ്വീകരിച്ചിരിക്കയാണു്.

പാപത്തെ കുറിക്കുന്ന എബ്രായപദത്തിൻെറ അർത്ഥം "ശരിയായ പാതയിൽനിന്നു വ്യതിചലിക്കുക", അഥവാ "ലാക്കുതെററുക" എന്നാകുന്നു. "ഹമാർട്ടിയാ" എന്ന ഗ്രേക്കു പദമാണു്, ഇംഗ്ലീഷിൽ "സിൻ" എന്നും, മലയാളത്തിൽ "പാപം" എന്നും പരിഭാഷപ്പെടുത്തിയിരിക്കുന്നതു്. അതിൻെറ അർത്ഥവും "ലാക്കുതെററുക" എന്നു തന്നെ. "എല്ലാവരും പാപംചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീൎന്നു".[1] അങ്ങനെ ദൈവസംബന്ധമായും, മനുഷ്യസംബന്ധമായും നാം ചെയ്തുതീർക്കുവാനുള്ളതു ചെയ്യാതെ തെററിപ്പോകുന്നതത്രെ പാപം.

യശ്ശയ്യാവിൻെറ അഭിപ്രായത്തിൽ പാപം ദൈവത്തോടുള്ള മത്സരമാണു്. "ആകാശമേ, കേൾക്കുക; ഭൂമിയേ, ചെവിതരിക; കർത്താവു സംസാരിച്ചിരിക്കുന്നു; മക്കളെ, ഞാൻ പോററി വളർത്തി, അവർ എന്നോടു മത്സരിച്ചിരിക്കുന്നു."[2] "അവൻ അവൻെറ പാപത്തോടു മത്സരംകൂടെ ചേർത്തിരിക്കുന്നു."[3] ഇവിടെ സൂചിപ്പിച്ചിരിക്കുന്നതു്, പാപം, ഒരു അധിപതിയെ ആളത്വപരമായി എതിർക്കുന്നുവെന്നാണു്.

---

1. റോമർ 3. 23.
2. യശയ്യാ 1. 2.
3. ഇയ്യോബ് 34. 37.

പാപത്തെക്കുറിച്ചു വേദപുസ്തകത്തിൽ മററൊരുആശയം കൂടെയുണ്ടു്. യഹൂദന്മാരുടെ ജീവിതത്തിൻെറ എല്ലാവശങ്ങളും ഉഭയസമ്മതത്താൽ (covenant) ബന്ധിതമാണു്. സമൂഹത്തിൻെറ അംഗങ്ങൾക്കു ദൈവത്തോടും മനുഷ്യരോടും ഉടമ്പടിബന്ധങ്ങൾ ഉണ്ടു്. ആ ബന്ധങ്ങളെ തകൎക്കുന്നതു പാപം ആകുന്നു. തൻെറ മക്കൾ സഹോദരനായ യോസേഫിനോടു മോചനം അപേക്ഷിക്കുവാൻ യാക്കോബു് ഉപദേശിക്കുന്നതു് ഇങ്ങനെയാണു്: "നിൻെറ സഹോദരന്മാരുടെ അതിക്രമങ്ങളും, അവർ നിന്നോടു ദോഷം ചെയ്കയാലുള്ള പാപങ്ങളും ക്ഷമിക്കണം എന്നു ഞാൻ പ്രാൎത്ഥിക്കുന്നു."[1]

ആമോസ്സപ്രവാചകൻെറ പുസ്തകത്തിൽ, ഗാസാ, ദമസ്കോസ്, മുതലായ ദേശങ്ങൾ തങ്ങളുടെ അയൽദേശത്തോടു് അക്രമം പ്രവൎത്തിച്ചതു്, അവരുടെമേൽ ദൈവശിക്ഷ വരുത്തുന്ന പാപങ്ങൾ ആയി വൎണ്ണിച്ചിരിക്കുന്നു.

നമ്മുടെ ചിന്തയ്ക്കു വിഷയീഭവിക്കേണ്ടതായി, പാപത്തെക്കുറിച്ചുള്ള വേറൊരു പ്രധാനവശം കൂടി വേദപുസ്തകത്തിൽ കാണാം. പാപം ഒരു മനുഷ്യൻെറ സ്ഥിതിയോ, മനോഭാവമോ ആകുന്നു. "ദുഷ്ടന്മാരോ, കലങ്ങിമറിയുന്ന കടൽ പോലെ ആകുന്നു; അതിനു് അടങ്ങിയിരിപ്പാൻ കഴികയില്ല; അതിലെ വെള്ളം ചേറും ചെളിയും മേലോട്ടു തള്ളുന്നു."[2]

മേൽവിവരിച്ചതിൽനിന്നു പാപത്തെപ്പററി നാം ഗ്രഹിക്കുന്ന കാൎയ്യങ്ങൾ ഈവിധം സംഗ്രഹിക്കാം. (1) ലാക്കു തെററുകയെന്നതാണു് പാപം. ദൈവം നമ്മെക്കുറിച്ചു് ഉദ്ദേ

1. ആദ്യപുസ്തകം 50. 17.
2. യശയ്യാ 57. 20.

ശിച്ചതിൽനിന്നു നാം വീണുപോകുക. (2) പാപം ദൈവത്തോടുള്ള മത്സരം ആകുന്നു. സ്വമേധയാ അറിഞ്ഞുകൊണ്ടു ദൈവഹിതത്തിനു എതിരായി പ്രവൎത്തിക്കുക. (3) ദൈവത്തോടും മനുഷ്യരോടും പരസ്പരബന്ധമുള്ള ജീവിതരംഗത്തു വ്യക്തികളായും, സമൂഹമായും ഉള്ള ബന്ധങ്ങളെ ഹനിക്കുന്നതു പാപമാണു്. (4) പാപം ഹൃദയത്തിൻെറയും മനസ്സിൻെറയും ഒരു അവസ്ഥയും മനോഭാവവും ആകുന്നു. ("Sin is a state and attitude of mind.")

പാപം:

**പഴയനിയമത്തിലും**

**പുതിയനിയമത്തിലും**

പ്രവാചകന്മാരുടെ കാലത്തിനു മുമ്പ്, പഴയനിയമത്തിൽ പാപം, പുറമേയുള്ള ആചാരചടങ്ങുകളുടെ (ceremonials) അനുഷ്ഠാനത്തോടു ബന്ധിച്ചുള്ളതായിരുന്നു. അഹറോൻെറ പുത്രനായ നാദാബും, അബിഹൂവും "അന്യാഗ്നി" (unholy fire) ധൂപമായി അൎപ്പിച്ചതിനാൽ കൊല്ലപ്പെട്ടു. ധൂപം അൎപ്പിക്കുന്നതിനു് അവൎക്കു് അർഹതയില്ലായിരുന്നു. ഏഴാംദിവസമായ ശാബതുദിവസത്തിൽ എന്തെങ്കിലും വേല ചെയ്യുന്നതു പാപമായിരുന്നു. ചില പക്ഷികളുടെയും മൃഗങ്ങളുടെയും മാംസം ഭക്ഷിക്കുന്നതു മതപരമായ അശുദ്ധിയായി പരിഗണിക്കപ്പെട്ടു. പഴയനിയമചിന്തയിൽ, വ്യക്തി സമൂഹത്തിൽ ലയിച്ചിരുന്നു. ആളത്വപരമായ ഉത്തരവാദിത്വബോധം പ്രവാചകന്മാരുടെ കാലത്താണു ശക്തിപ്പെടുന്നതു്. ദാവീദുരാജാവു് യിസ്രായേലിൻെറ ജനസംഖ്യ എടുത്തതു യഹോവയ്ക്കു കോപം ഉളവാക്കി. ശിക്ഷ അനുഭവിച്ചതു യിസ്രായേൽജനം. രേലോ

മോൻ അന്യദേവന്മാരെ ആരാധിച്ച്, യഹോവയെ കോപി
പ്പിച്ചു. അതിനുള്ള ശിക്ഷ അനുഭവിച്ചതു് അവൻെറ മകനും
യിസ്രായേൽജനങ്ങളുമാണു്. ആഖാൻ ശപഥാപ്പിതം എ
ടുത്തു് ഒളിച്ചുവെച്ചതിനാൽ പാപംചെയ്തു. ഹായി മുമ്പാകെ
യിസ്രായേൽജനത്തിനു തോൽവി നേരിട്ടു. 'അപ്പന്മാർ പച്ച
മുന്തിരിങ്ങാ തിന്നു; അക്കാരണത്താൽ മക്കളുടെ പല്ലു
പുളിച്ചു' എന്നതായിരുന്നു പഴയനിയമപ്രമാണം.

എന്നാൽ, പ്രവാചകന്മാരുടെ കാലത്തു പാപത്തെക്കുറി
ച്ചുള്ള ചിന്തയിൽ വലിയ വളച്ച്യുണ്ടാകുന്നതായി കാണാം.
യറമിയാപ്രവാചകൻ പറയുന്നു: "ഓരോരുത്തൻ താന്താന്റെ
പാപംനിമിത്തംഅത്രെ മരിക്കുന്നതു്; പച്ചമുന്തിരിങ്ങാ തിന്ന
വൻെറ പല്ലേ പുളിക്കയുള്ളു." ഈ ആശയമാണു പുതിയ
നിയമത്തിൽ ഊന്നിപ്പറഞ്ഞിട്ടുള്ളതു്. വ്യക്തികളുടെ ഉത്ത
രവാദിത്വത്തിനു ഇവിടെ പ്രാധാന്യം കല്പിച്ചിരിക്കുന്നു.

യശയ്യാവും ആമോസും ശക്തിയായി പഠിപ്പിക്കുന്ന
ഒരു വസ്തുതയുണ്ടു്. അതിതാണു്:— നീതി, ന്യായം, സാ
ന്മാർഗ്ഗിക പ്രമാണങ്ങൾ ഇവയിന്മേൽ അടിസ്ഥാനപ്പെട്ടതാ
ണു് യഹോവയും യിസ്രായേലും തമ്മിലുള്ള ഉഭയസമ്മത
ബന്ധം. ഉഭയസമ്മതബന്ധം ചില ആചാര ചടങ്ങുകളെ
അടിസ്ഥാനമാക്കിയുള്ളതാണെന്നായിരുന്നു യിസ്രായേലിലെ
ശാസ്ത്രിമാരുടെയും പുരോഹിതന്മാരുടെയും വിചാരം. തെര
ഞ്ഞെടുപ്പിൻെറയും ഉഭയസമ്മതത്തിൻെറയും പദവികൾ
ഉത്തരവാദിത്വത്തെ ഉളവാക്കുന്നു എന്നു ആമോസു പഠിപ്പി
ച്ചു. "ഭൂമിയിലെ സകല വംശങ്ങളിലുംവച്ചു് ഞാൻ നി
ങ്ങളെ മാത്രം തെരഞ്ഞെടുത്തിരിക്കുന്നു; അതുകൊണ്ടു ഞാൻ
നിങ്ങളുടെ അകൃത്യങ്ങൾ ഒക്കെയും നിങ്ങളിൽ സന്ദർശിക്കും."[1]

1. ആമോസ് 3. 2.

"എൻെറ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിന്മേൽ എഴുതും" എന്നു യഹോവാ അരുളിച്ചെയ്യുന്നതായി യിരെമ്യാവു്[1] പറയുന്നു. അങ്ങനെ പുതിയനിയമത്തിൽ കാണുന്നതായി ആത്മികവും, സന്മാൎഗ്ഗ പ്രമാണങ്ങളിൽ അധിഷ്ഠിതവും ആയ മാൎഗ്ഗത്തിൻെറ അടിസ്ഥാനം പഴയനിയമത്തിൽ പ്രവാചകരുടെ ഗ്രന്ഥങ്ങളിൽ നാം കണ്ടുമുട്ടുന്നുണ്ടു്.

പഴയനിയമത്തിൽ പാപത്തെപ്പററിയുള്ള ചിന്ത പുറമേയുള്ള പ്രവൃത്തികളിന്മേൽ ഉള്ള വിധിയാണു്. എന്നാൽ പുതിയനിയമത്തിലാകട്ടെ പാപം സ്ഥിതിചെയ്യുന്നതു് മനുഷ്യൻെറ ഹൃദയത്തിലെ താല്പൎയ്യത്തിന്മേലും ഉദ്ദേശങ്ങളിന്മേലും അത്രെ.

## പാപത്തിൻെറ ഉത്ഭവം

പാപത്തിൻെറയോ ദോഷത്തിൻെറയോ ആരംഭം എവിടെയാണെന്നോ ഏതു വിധത്തിലാണെന്നോ പ്രതിപാദിക്കുന്നതിൽ തിരുവചനം താല്പൎയ്യം കാണിക്കുന്നില്ല. "ദൈവം ഉണ്ടു്" എന്നുള്ളതിനു് ന്യായങ്ങൾ എടുത്തുപറഞ്ഞു സമൎത്ഥിക്കുവാൻ തുനിയാതെ, "ദൈവം ഉണ്ടു്" എന്നുള്ള അടിസ്ഥാന വിശ്വാസം അംഗീകരിച്ചുകൊണ്ടു് വേദപുസ്തകം ആരംഭിക്കുന്നതുപോലെ, ദോഷവും പാപവും യാഥാൎത്ഥ്യങ്ങളാണെന്നുള്ള സങ്കല്പത്തിലാണു് തിരുവചനം ആരംഭിക്കുന്നതു്.

"പാമ്പു് യഹോവയായ ദൈവം ഉണ്ടാക്കിയ എല്ലാ കാട്ടുജന്തുക്കളെക്കാളും കൌശലം ഏറിയതായിരുന്നു."[2] കാട്ടു

1. യിരെമ്യാവു് 31. 33.
2. ഉല്പത്തി 3. 1.

ജന്തുക്കളുടെ കൂട്ടത്തിൽ കൌശലമുള്ള ജന്തുക്കൾ ഉണ്ടായിരുന്നു. അതിൽ ഏററവും കൂടുതൽ കൌശലം പാമ്പിനു ഉണ്ടായിരുന്നു എന്നത്രെ ആദ്യപുസ്തകം പറയുന്നതു്. ഈ കൌശലജന്തുക്കളെയും യഹോവ സൃഷ്ടിച്ചതാകയാൽ ദോഷത്തിൻെറ ഉത്ഭവം ദൈവമാണെന്നു ചിലർ വാദിക്കാറുണ്ടു്. കന്നുകാലി, ഇഴജാതി, കാട്ടുമൃഗം എന്നീ ജീവജന്തുക്കളെ സൃഷ്ടിയുടെ ആറാംദിവസം യഹോവ സൃഷ്ടിച്ചു. അവ നല്ലതു് എന്നു ദൈവം കണ്ടു. "താൻ ഉണ്ടാക്കിയതിനെ ഒക്കെയും ദൈവം നോക്കി, അതു എത്രയും നല്ലതു എന്നു കണ്ടു."[1] സൃഷ്ടികളെ നോക്കിയപ്പോൾ അവ "നല്ലതു" എന്നു ദൈവം വിധിച്ചു.

ദോഷവും കൌശലവും ദൈവം സൃഷ്ടിച്ചതായി പറയുന്നില്ല. എന്നാൽ പിന്നെ, പാമ്പിൽ പ്രത്യക്ഷപ്പെട്ട കൌശലവും കയീനിൽ പ്രത്യക്ഷപ്പെട്ട ദുഷ്ടതയും എങ്ങനെ ഉണ്ടായി? വേദപുസ്തകം ഇതേപ്പററി മൌനം അവലംബിക്കുകയാണു ചെയ്യുന്നതു്. ആകാശ ഗോളങ്ങളുടെയും ഭൂമിയുടെയും ജീവജാലങ്ങളുടെയും ശാസ്ത്രീയമായ ഉത്ഭവത്തെപ്പററി പഠിപ്പിക്കുകയല്ല വേദപുസ്തക ലേഖകന്മാരുടെ ഉദ്ദേശം. പ്രകൃതിയും മനുഷ്യനും ദൈവത്തോടു എങ്ങനെ, ഏതു രീതിയിൽ ബന്ധപ്പെട്ടിരിക്കുന്നു എന്ന കാര്യത്തിലാണു് വേദപുസ്തക ലേഖകന്മാരുടെ ശ്രദ്ധ പതിഞ്ഞതു്. കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലതും ദൈവത്തിൻെറ സൃഷ്ടിയാകുന്നു. സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള ബന്ധമാണു് ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധമെന്നു വേദപുസ്തകം വ്യക്തമായി ഊന്നിപ്പറയുന്നു. സകലത്തിൻെറയും ആദികാരണത്തെപ്പററിയും, ഉത്ഭവത്തെപ്പററിയും ഉള്ള അന്വേഷണം തത്വജ്ഞാനത്തിൻെറയും ശാസ്ത്രത്തിൻെറയും പരിധിയിൽ വരുന്നതാണു്. വേദപുസ്തകത്തിലെ പ്രതിപാദ്യം അതല്ല.

---

1. ഉല്പത്തി 1. 31.

മനുഷ്യനിൽ ദോഷശക്തിയും പാപവും ഉണ്ടാകുന്നതിനുള്ള കാരണം ഏതാണ്ട് മനസ്സിലാക്കുന്നതിനു് ഉല്പത്തി പുസ്തകം രണ്ടാം അദ്ധ്യായത്തിൽ കൊടുത്തിട്ടുള്ള സൃഷ്ടിയുടെ കഥ സഹായിക്കും. "യഹോവയായ ദൈവം നിലത്തെ പൊടികൊണ്ടു മനുഷ്യനെ നിർമ്മിച്ചിട്ടു അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായിത്തീന്നു."[1] മനുഷ്യനിൽ ലോകമയമായ ഒരു അംശവും ദൈവികമായ ഒരു വശവും ഉണ്ടു്. ദൈവത്തിന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു എന്നാകുന്നു 'ഉല്പത്തി'യിൽ പറയുന്നതു്.[2] ദൈവത്തിന്റെ തിരുഹിതപ്രകാരം കാലത്തികവിൽ ദൈവം തന്നെത്തന്നെ പൂർണ്ണമായി വെളിപ്പെടുത്തുന്നതിന്നു തീരുമാനിച്ചപ്പോൾ, "വചനം ജഡ"മായിത്തീരത്തക്കവിധമുള്ള ദൈവാംശം മനുഷ്യനിൽ ഉണ്ടു്. കയീനെപ്പോലെ ഒരു മൃഗീയ വിചാരം മനസ്സിൽവച്ചു് വളത്തി തന്റെ സഹോദരനെ കൊലപ്പെടുത്തത്തക്ക ക്രൂര മൃഗസ്വഭാവവും മനുഷ്യനിൽ ഉണ്ടു്. ഈ യാഥാത്ഥ്യം അംഗീകരിച്ചുകൊണ്ടാണു് വേദപുസ്തകം എഴുതപ്പെട്ടിരിക്കുന്നതു്. ക്രിസ്തു നമുക്കു തരുന്ന ആശയുടെ സന്ദേശം, മനുഷ്യന്നു തന്റെ മൃഗസ്വഭാവത്തെ അടക്കി നിയന്ത്രിച്ചു് ദൈവത്വത്തിന്റെ പൂർണ്ണതയിലേക്കു വളരാൻ കഴിയും എന്നതാണു്. ഇതാണു സദ്വർത്തമാനം: ഇതാണു് സുവിശേഷം.

പാപപ്രകൃതി നമുക്കു സൃഷ്ടി മുതൽത്തന്നെ ഉള്ളതാണെങ്കിൽ, പാപത്തിൽ വീഴുന്നതു ശിക്ഷാർഹമായ ഒരു തെററാണോ? നമ്മുടെ പാപപ്രകൃതിയിന്മേൽ ചവുട്ടിനിന്നു് ദൈവികസ്വഭാവത്തിലേക്കു വളരുന്നതിന്നുള്ള ശക്തി നമ്മു

1. ഉല്പത്തി ൨. 7.
൨. ഉല്പത്തി 1. 27.

ക്ക് ക്രിസ്തുവിൽ നല്കപ്പെട്ടിരിക്കുമ്പോൾ, "പാപാത്മാ, പാപ സംഭവാഃ" എന്നു പറഞ്ഞു് അടിപ്പെടുന്നതു കുററകരം തന്നെ.

## മനുഷ്യൻെറ വീഴ്ച

ഉല്പത്തിപുസ്തകം മൂന്നാം അദ്ധ്യായത്തിൽ ആദാമിൻെറ യും ഹവ്വായുടെയും വീഴ്ചയെപ്പററിയുള്ള വണ്ണന കാണാം. വളരെ തന്മയത്വമായി അതു വിവരിച്ചിരിക്കുന്നു. മനുഷ്യൻ പാപത്തിൽ വീഴുന്നതിൻെറ ഒരു യഥാത്ഥ ചിത്രീകരണമാണതു്. ഈ വണ്ണന ചരിത്രദൃഷ്ട്യാ വാസ്തവമാണോ എന്നാണു ചിലക്കു സംശയം. പിശാചു പാമ്പിൻെറ വേഷത്തിൽ ഹവ്വാക്കു പ്രത്യക്ഷപ്പെട്ടുവോ? ഒരു വൃക്ഷഫലം പറിച്ചു തിന്നതിനു് ഇത്ര ഭയങ്കരമായ ശിക്ഷ കൊടുക്കണമായിരുന്നോ? തിരിഞ്ഞുകൊണ്ടിരിക്കുന്ന വാളിൻെറ ജ്വാലയുമായി നിറുത്തിയ കെരൂബുകൾ എവിടെയാണു്? ജീവൻെറ വൃക്ഷം എന്നാൽ എന്തു്?......ഈദൃശ ചോദ്യങ്ങൾ മനസ്സിൽ ഉദിക്കുക സ്വാഭാവികമാണു്. ഉല്പത്തി പുസ്തകം മൂന്നാം അദ്ധ്യായത്തിൻെറ വില നാം കാണേണ്ടതു്, അതു ചരിത്രപ്രകാരം നടന്ന സംഭവം ആണോ അല്ലയോ എന്നുള്ളതിലല്ല; ഇന്നും എന്നും മനുഷ്യൻ പരീക്ഷിക്കപ്പെടുകയും, പാപത്തിൽ വീഴുകയും ചെയ്യുന്നതിൻെറ യഥാത്ഥമായ ചിത്രീകരണം ആണോ അതു്? അതിലാണു് നാം സൃഷ്ടികഥയുടെ യഥാത്ഥ മൂല്യം കാണേണ്ടതു്. മനുഷ്യൻ പാപത്തിൽ വീഴുന്നതു് എങ്ങനെ എന്നു അറിയണമോ? ഉല്പത്തി പുസ്തകം മൂന്നാം അദ്ധ്യായം വായിക്കുക.

ആദാമിൻെറയും ഹവ്വായുടെയും വീഴ്ചയിൽനിന്നു താഴെ പറയുന്ന സംഗതികൾ നമുക്കു മനസ്സിലാക്കാം:

പാപം ദൈവത്തിൻെറ കല്പനയുടെ ലംഘനമാണു്. തിന്നരുതു് എന്നു യഹോവ കല്പിച്ച ഫലം ഹവ്വാ തിന്നു. ദൈവത്തെപ്പററിയുള്ള അറിവു വൎദ്ധിക്കുന്നതനുസരിച്ചു പാപത്തിൻെറ വ്യാപ്തിയും വർദ്ധിക്കുന്നു. ദീർഘനൂററാണ്ടുകളിൽ അടിമക്കച്ചവടവും, അടിമകളെ സൂക്ഷിക്കുന്നതും പാപമാണെന്നു ക്രിസ്തീയസഭ ചിന്തിച്ചില്ല. എന്നാൽ, ക്രിസ്തുവിൽ ദൈവസ്വഭാവത്തെ കൂടുതലായി മനസ്സിലാക്കിയപ്പോൾ, അടിമവ്യാപാരവും അടിമകളെ സൂക്ഷിക്കുന്നതും ദൈവഹിതത്തിനു എതിരാണെന്നു സഭക്കു ബോദ്ധ്യമായി. അന്യോന്യ വൈരാഗ്യത്തോടെ വിഭജിച്ചിരിക്കുന്ന സഭയുടെ ദുഃസ്ഥിതി പാപമാണെന്നു ഇന്നു പലരും ചിന്തിക്കുന്നില്ലായിരിക്കാം. കാലക്രമേണ ഇതു സംബന്ധിച്ചും സഭയുടെ ചിന്തയിൽ വളൎച്ചയുണ്ടാകാതെയിരിക്കയില്ല.

പാപം, ദൈവത്തിൻെറ നന്മയിലും, സ്നേഹത്തിലും വിശ്വാസമില്ലായ്മയിൽനിന്നു് ഉത്ഭവിക്കുന്നു. ഹവ്വാ വീഴുന്നതിനു കാരണമായതു്, ആ ഫലം തിന്നുന്നതിനുള്ള ജഡിക ഇച്ഛ അല്ല, പിന്നെയൊ, ദൈവം നിരോധിച്ചതു തങ്ങളുടെ നന്മയെ ഉദ്ദേശിച്ചുതന്നെയാണോ എന്നുള്ള സംശയംആണു്. പാമ്പു് ദൈവത്തിൻെറ സ്നേഹത്തിലും കരുതലിലും അവക്കു സംശയം ജനിപ്പിച്ചു. അവർ ദൈവത്തെപ്പോലെ ആയിത്തീരാതെ തടയുന്നതിനാണു്, ഫലം തിന്നുന്നതിൽനിന്നും ദൈവം നിരോധനം കൊടുത്തതു് എന്ന ചിന്ത പാമ്പു് ഹവ്വായിൽ ഉദിപ്പിച്ചു. അങ്ങനെ പാമ്പിൻെറ പ്രേരണയിൽ ദൈവത്തിൻെറ നന്മയെപ്പററി സംശയിച്ച ഹവ്വാ അനുസരണക്കേടിൽ വീഴുകയും ചെയ്തു.

പുരാതന ഗ്രേക്കന്മാർ മനുഷ്യൻെറ ജഡമയത്വത്തിലാണു പാപത്തിൻെറ കാരണം കണ്ടതു്. അതിനാൽ പാപ

ത്തെപ്പററി അത്ര ബോധമുള്ളവരായിരുന്നില്ല ഗ്രേക്കർ. സന്മാർഗ്ഗനിലയിൽ പുരാതനഗ്രേക്കർ അത്ര ഉയൎന്നവരല്ലായിരുന്നു. ഭൌമികമായ ഒരു വശം മനുഷ്യനുണ്ടെന്നും, അതുകൊണ്ടു മനുഷ്യൻ പാപത്തിലേക്കു വീഴുന്നുവെന്നും ചിന്തിച്ചുകഴിഞ്ഞാൽ, പാപബോധം നഷ്ടപ്പെടും ; പാപത്തിൻെറ ആദിമകാരണം, മനുഷ്യനെ മണ്ണിൽനിന്നുകൂടി സൃഷ്ടിച്ച ദൈവത്തിൽ ചാരുകയും ചെയ്യും. പാപം ചെയ്യുന്നതിനു മൃഗജാലങ്ങൾക്കു കഴിയുകയില്ല; ദൈവനന്മയെയും ദൈവസ്നേഹത്തെയുംകുറിച്ചു ബോധമുണ്ടായി, ദൈവകല്പന മനസ്സിലാക്കുവാൻ കഴിവുള്ള മനുഷ്യനു മാത്രമേ പാപംചെയ്യാൻ കഴിവുള്ളു. ("Sin is always a conscious and responsible act of will on the part of an individual")

പാപത്തിൻെറ ഫലം

(1) ദൈവത്തിൽനിന്നുള്ള അകൽച്ച.

(2) ലജ്ജയും കുററബോധവും. യഹോവ തോട്ടത്തിൽ സഞ്ചരിക്കുന്നതു കാത്തിരുന്നു പരിചയിച്ച ആദാമും ഹവ്വായും, അവരുടെ വീഴ്ചയ്ക്കുശേഷം യഹോവയുടെ സന്നിധിയിൽനിന്നു മറഞ്ഞുകളയുന്നു.

(3) ദൈവകോപത്തിനു പാത്രമായിത്തീരുന്നു. പാപം ശിക്ഷയെ ഉളവാക്കുന്നു. കഷ്ടതയും മരണവും ആദാമിൻെറയും ഹവ്വായുടെയും ഓഹരിയായി ഭവിച്ചു.

(4) ദൈവവുമായുള്ള സംസൎഗ്ഗവും സഹോദര സംസൎഗ്ഗവും ഹനിക്കപ്പെടുന്നു. ആദാമും ഹവ്വായും ദൈവസംസൎഗ്ഗം നഷ്ടപ്പെടുത്തി; കയീൻ സഹോദരസംസൎഗ്ഗം നഷ്ടപ്പെടുത്തി. പാപത്തിനു സാമൂഹ്യമായ പ്രത്യാഘാതങ്ങൾ ഉണ്ടു്.

ആദ്യപുസ്തകത്തിലെ വീഴ്ചയുടെ വൎണ്ണന, മനുഷ്യൻ പാപത്തിൽ വീഴുന്നതിൻെറ ഒരു യഥാൎത്ഥ ചിത്രീകരണം ആകുന്നു. ഹവ്വാ നിരോധിക്കപ്പെട്ട കനിയെ നോക്കി, അതു തിന്നരുതെന്നുള്ള നിരോധനത്തെപ്പററി ചിന്തിച്ചു; കനിയെപ്പററിയുള്ള ചിന്ത ആകൎഷണീയമായിത്തീൎന്നു; അതിനെത്തുടൎന്നു വിലക്കപ്പെട്ട കനി പറിച്ചുതിന്നു.

ആധുനിക മനഃശാസ്ത്രജ്ഞന്മാർ പാപത്തിൽ വീഴുന്നതിൻെറ പടികളെപ്പററി ഇങ്ങനെ പറയുന്നു: "ഒരുനോട്ടം, അതേപ്പററിയുള്ള ചിന്ത, ആകൎഷണീയത, പ്രവൃത്തി." (a look–thought–fascination–and the act) ഹൈസ്കൂൾ വിദ്യാഭ്യാസകാലത്തു ഞങ്ങളുടെ ഒരു ഗുരുഭൂതൻ ഞങ്ങളുടെ പഠനത്തിനായി തന്ന ഒരു വാചകം എൻെറ ഓൎമ്മയിൽ ഇപ്പോഴും തങ്ങിനില്ക്കുന്നുണ്ട്. അതിപ്രകാരമാണ്:

"ഒരു ചിന്ത വിതച്ച്, ഒരു പ്രവൃത്തി കൊയ്യുക;
ഒരു പ്രവൃത്തി വിതച്ച്, ഒരു ശീലം കൊയ്യുക;
ഒരു ശീലം വിതച്ച്, ഒരു സ്വഭാവം കൊയ്യുക;
ഒരു സ്വഭാവം വിതച്ച്, ഒരു ഭാഗധേയം കൊയ്യുക."

"Sow a thought, reap an act;
Sow an act, reap a habit;
Sow a habit, reap a character;
Sow a character, reap a destiny".

എത്ര വാസ്തവമായ പ്രബോധനം!

## പാപത്തിന്മേലുള്ള വിജയം

പാപം മനുഷ്യജീവിതത്തിലെ ഒരു യാഥാൎത്ഥ്യമാണെന്നു നാം മുകളിൽ കണ്ടു. പാപത്തിൽ വീഴുന്നു എന്നതിനാൽ നിരാശപ്പെടരുത്. പാപത്തിൽ പതിക്കുന്നതിനുള്ള

ഒരു പ്രവണത നമ്മിൽ ഉണ്ട്. ഈ അർത്ഥത്തിലാണു "ജന്മ പാപം" നാം മനസ്സിലാക്കേണ്ടതു്. ആദാമിൽനിന്നു ലഭിച്ചു എന്നു പറയുന്നതു്, ആദാമിന്റെ പാപംമൂലമുള്ള ശിക്ഷയല്ല, പാപത്തിൽ വീഴുന്നതിനുള്ള പ്രവണത മാത്രമാണു്.

പാപത്തിലേക്കുള്ള ഒരു ചായ്വ് മനുഷ്യനിലുണ്ട് എന്ന യാഥാർത്ഥ്യം പാപത്തിന്റെ ഗൗരവം ലഘൂകരിക്കുന്നതിനോ, പാപത്തിൽ വീഴുന്നതിന്റെ ഉത്തരവാദിത്വം കുറയ്ക്കുന്നതിനോ, പാപസ്വഭാവത്തിനു ഒരു ഒഴികഴിവ് ആക്കുന്നതിനോ, നാം ഉപയോഗിക്കരുതു്. നമ്മുടെ ഹൃദയവിചാരത്തിലും, നമ്മുടെ ആന്തരികമായ സത്തയിലുമാണു പാപം സ്ഥിതിചെയ്യുന്നതെന്നു യേശുക്രിസ്തു പഠിപ്പിച്ചു. ആ പ്രബോധനംവഴി, അദ്ദേഹം പാപത്തിന്റെ വ്യാപ്തി വളരെയധികം വർദ്ധിപ്പിക്കുകയായിരുന്നു. അതോടുകൂടെ, പാപത്തെ ജയിച്ചു കീഴടക്കുന്നതിനുള്ള ശക്തിയും തന്നിട്ടുണ്ട് എന്നു നാം ഓർക്കണം. പരീക്ഷകളിന്മേൽ ജയംകൊള്ളുന്നതിനുള്ള ശക്തി ക്രിസ്തു നമുക്കു തരുന്നു. അതു ക്രിസ്തുവുമായുള്ള സഖിത്വം ആണു്. ക്രിസ്തുവുമായുള്ള സഖിത്വം മനുഷ്യനെ രൂപാന്തരപ്പെടുത്തുന്ന അനുഭവം ആകുന്നു. പാപം നമ്മിലുള്ള ഒരു മോഹം ആണു്. ആ മോഹത്തെ ജയിക്കുന്നതിനു വേറൊരു മോഹം (passion) ആവശ്യമാണു്. ("It needs a passion to cure a passion") ദൈവിക സ്നേഹത്തിന്റെ ഉച്ചാടനക്ഷമമായ ശക്തിവിശേഷമായിട്ടാണു് പാപത്തെ നമ്മിൽനിന്നു അടിച്ചിറക്കാൻ കഴിവുള്ള ദിവ്യസ്നേഹത്തെ ക്രിസ്തീയ ചിന്തകർ കാണുന്നതു്. ('The expulsive power of a divine affection.') ക്രിസ്തുവിനോടുള്ള സഖിത്വവും സ്നേഹബന്ധവുമാണു്, പാപത്തിന്റെ മോഹപാശങ്ങളെ നമ്മിൽനിന്നു നിർമ്മാർജ്ജനം ചെയ്യുന്നതു്.

പാപത്തോടു കളിക്കുന്നതു നല്ലതല്ല. പാപവികാരങ്ങൾ മുളയിലേ നുള്ളിക്കളയണം. ജഡമോഹങ്ങളെ ഉത്തേജിപ്പിക്കുന്ന കാഴ്ചകളിൽനിന്നു ആരംഭത്തിൽതന്നെ ദൃഷ്ടി തിരിക്കണം. കാണുന്നതു് എല്ലാം നോക്കരുതു്. പരീക്ഷയിൽനിന്നു് ഓടിമാറി, അതിനോടു കഴിയുന്നത്ര അകന്നു നില്ക്കുവാൻ ശ്രമിക്കുക. ഒരു കാറുടമസ്ഥൻ തനിക്കു ഒരു ഡ്രൈവറെ നിയമിക്കുന്നതിനു തീരുമാനിച്ചു്, ഒരു ഇൻററർവ്യൂ നിശ്ചയിച്ചു. പല ഡ്രൈവർമാരും ജോലിക്കായി വന്നു. ഇൻററർവ്യൂ സമയത്തു കാറുടമസ്ഥൻ ചോദിച്ച ചോദ്യങ്ങളിൽ ഒന്നു താഴെ വരുന്നതായിരുന്നുപോലും: 'കിഴക്കാംതൂക്കായ ഒരു മലയുടെ വശത്തുകൂടെ വെട്ടിയിട്ടുള്ള ഒരു റോഡുവഴി കാർ ഓടിക്കുമ്പോൾ വീഴ്ചയുള്ള വശത്തിനോടു എത്രമാത്രം അടുത്തു കാർ ഓടിക്കാം?' ഒരുത്തൻ പറഞ്ഞു: "ഞാൻ അഞ്ചടി അടുത്തുവരെ ഓടിക്കാം." മറെറാരുത്തൻ പറഞ്ഞു: "ഞാൻ മൂന്നടി അടുത്തുവരെ ഓടിച്ചുപോകും." മറൊരുവൻ പറഞ്ഞു: "ആ വീഴ്ചയുള്ള വശത്തുനിന്നു് എത്രയും അകലത്തിൽ കാർ ഓടിക്കാമോ അത്രയും അകലത്തിൽ ഓടിച്ചുപോകും." പരീക്ഷയോടു കളിക്കരുതെന്നു പറയുന്നതിൻെറ അത്ഥം ഒടുവിൽ പറഞ്ഞ ഡ്രൈവർ നല്ലവണ്ണം മനസ്സിലാക്കിയിരുന്നു.

നമ്മുടെ ചിന്തയെ നാം സൂക്ഷ്മതയോടെ നിയന്ത്രിക്കണം. പൌലൊസ് അപ്പൊസ്തലൻെറ ഉപദേശം എത്ര അത്ഥവത്തായിരിക്കുന്നു! "സത്യമായതു ഒക്കെയും, ഘനമായതു ഒക്കെയും, നീതിയായതു് ഒക്കെയും, നിമ്മലമായതു ഒക്കെയും... ചിന്തിച്ചുകൊൾവിൻ." നമ്മുടെ നോട്ടവും ചിന്തയുമാണു് നമ്മുടെ പ്രവൃത്തികളെ നിയന്ത്രിക്കുന്നതു്. ദോഷമായ സംഗതി നാം നോക്കാതെയിരിക്കുന്നപക്ഷം, നല്ല കായ്യത്തെപ്പററി ചിന്തിക്കുന്നതിനു കൂടുതൽ മെച്ചമായ സൌകര്യം നമുക്കു

ലഭിക്കുന്നു." ("If we don't look at the wrong thing, we may have a better chance to think the right thing.") നമ്മുടെ ഹൃദയത്തിൽ നാം ക്രിസ്തുവിനു കേന്ദ്രസ്ഥാനം കൊടുക്കുക; അപ്പോൾ അശുദ്ധവിചാരങ്ങളും ജഡികതാല്പര്യങ്ങളും നമ്മിൽനിന്നു ബഹിഷ്കരിക്കപ്പെട്ടും.

പട്ടാളക്കാർ താമസിച്ചിരുന്ന ഒരു ബാരക്കിനെപ്പററി ഒരു കഥ കേട്ടിട്ടുണ്ട്. ചില പടയാളികൾ ജഡമോഹം ജനിപ്പിക്കത്തക്ക ചിത്രങ്ങൾ തങ്ങളുടെ ഭോജനശാലയിലെ ഭിത്തിമേൽ തൂക്കിയിട്ടിരുന്നു. ഈ ചിത്രങ്ങൾ കണ്ടു് ഒരു പടയാളിയുടെ മനസ്സ് വളരെ വേദനപ്പെട്ടു. അയാൾ ഒരു ഉത്തമ ക്രിസ്തീയകുടുംബത്തിൽനിന്നു വന്നവനായിരുന്നു. ആ പടയാളിയുടെ അമ്മ കൊടുത്ത യേശുക്രിസ്തുവിൻെറ ഒരു ചിത്രം അയാളുടെ പക്കൽ ഉണ്ടായിരുന്നതു് ഒരു ദിവസം രാത്രിയിൽ അയാൾ ആ ഭോജനശാലയിലെ പ്രധാന സ്ഥലത്തു തൂക്കിയിട്ടു. പിറേറദിവസം പട്ടാളക്കാർ ഭോജനശാലയിൽ കയറിയപ്പോൾ ആ ചിത്രമാണു കണ്ടതു്. ആരും യാതൊരു വിമർശനവും നടത്തിയില്ല. അന്നു രാത്രി ഓരോരുത്തർ തങ്ങൾ തൂക്കിയിട്ടിരുന്ന ചീത്തചിത്രങ്ങൾ എടുത്തു മാററിക്കളഞ്ഞു. പിറേറദിവസം രാവിലെ ആളുകൾ ശാലയിൽ പ്രവേശിച്ചപ്പോൾ ക്രിസ്തുവിൻെറ ചിത്രം മാത്രം ശാലയിൽ കാണപ്പെട്ടു. വാസ്തവത്തിൽ നടന്നതായാലും, ഒരു കല്പിത കഥ കെട്ടിയുണ്ടാക്കിയതായാലും വേണ്ടില്ല, വലിയ ഒരു സത്യം അതു സ്പഷ്ടമാക്കുന്നുണ്ടു്. ആർ ക്രിസ്തുവിനു തങ്ങളുടെ ഹൃദയത്തിൽ കേന്ദ്രസ്ഥാനം കൊടുക്കുമോ, അയാളുടെ ഹൃദയത്തിൽ അശുദ്ധമായതിനു സ്ഥാനം ഉണ്ടായിരിക്കയില്ല. അതോടെ ഒരു പുതിയ സ്നേഹത്തിൻെറ പ്രചോദകശക്തി, അയാളുടെ ധ്യാനവിഷയമായിത്തീരുന്നു.

"ഞാൻ പ്രവൎത്തിക്കുന്നതു് ഞാൻ അറിയുന്നില്ല; ഞാൻ ഇച്ഛിക്കുന്നതിനെ അല്ല, പകെക്കുന്നതിനെ അത്രെ ചെയ്യുന്നതു് ......... നന്മ ചെയ്യാനുള്ള താല്പൎയ്യം എനിക്കുണ്ടു്; പ്രവൎത്തിക്കുന്നതോ ഇല്ല......... എങ്കിലും എന്റെ ബുദ്ധിയുടെ പ്രമാണത്തോടു പോരാടുന്ന വേറൊരു പ്രമാണം ഞാൻ എന്റെ അവയവങ്ങളിൽ കാണുന്നു. അതു് എന്റെ അവയവങ്ങളിലുള്ള പാപപ്രമാണത്തിനു് എന്നെ ബദ്ധനാക്കിക്കളയുന്നു. അയ്യോ, ഞാൻ അരിഷ്ടമനുഷ്യൻ! ഈ മരണത്തിനു് അധീനമായ ശരീരത്തിൽനിന്നു് എന്നെ ആർ വിടുവിക്കും? നമ്മുടെ കൎത്താവായ യേശുക്രിസ്തു മുഖാന്തരം ഞാൻ ദൈവത്തിനു സ്തോത്രം ചെയ്യുന്നു." [1]

---

1 രോമർ 7. 15—25.

# II

# രക്ഷ

മനുഷ്യനെ സംബന്ധിച്ചിടത്തോളം, പാപം സ്രാവ്വത്രികവും, സജീവവുമായ ഒരു പ്രശ്നം ആണെന്നും, ലാക്കു തെററിയുള്ള പോക്കും ദൈവത്തോടുള്ള മത്സരവും ആണ് അതു കാണിക്കുന്നതെന്നും നാം ഗ്രഹിച്ചുകഴിഞ്ഞു. ദൈവസ്നേഹത്തെയും, ദൈവത്തിൻെറ വിശ്വാസ്തതയേയും സംബന്ധിച്ചുള്ള സംശയവും അവയെ ചോദ്യംചെയ്യുന്ന സ്വഭാവവുമാകുന്നു പാപത്തിൻെറ അടിസ്ഥാനം. ദൈവത്തോടും മനുഷ്യനോടുമുള്ള ബന്ധങ്ങളെ പാപം തകൎത്തുകളയുന്നു. ദൈവസംസൎഗ്ഗത്തെ അതു നശിപ്പിക്കും.

പാപത്തിൻെറ ഗൌരവത്തെപ്പററിയുള്ള ചിന്ത വളരെ കുറഞ്ഞിരിക്കുന്ന ഒരു കാലഘട്ടമാണിതു്. പാപം മനുഷ്യസഹജമായ ഒരു ബലഹീനതയാണെന്നു ചിലർ ചിന്തിക്കുന്നു. ജഡമോഹം, കോപം, വഞ്ചന എന്നിവ ചില ശരീരഗ്രന്ഥികളുടെ അമിതമായ പ്രവൎത്തനത്തിൻെറ ഫല

മാണെന്നും, ചിലതു കുടുംബത്തിൽനിന്നു് പരമ്പരാഗതമായി ലഭിക്കുന്നവയാണെന്നും ആധുനിക മനഃശാസ്ത്രജ്ഞന്മാരിൽ ചിലർ പഠിപ്പിക്കുന്നുണ്ടു്. ഇതു വളരെ ഭയങ്കരമായ ഒരു ചിന്താഗതി തന്നെ. പാപത്തിൻെറ ഭയാനകത, അതു അർഹിക്കുന്ന നിലയിൽ മനസ്സിലാക്കാത്തപക്ഷം, മനുഷ്യരാശി നാശഗർത്തത്തിലേക്കു വഴുതിപ്പോകുന്നതാണു്. സാമൂഹ്യമായും വ്യക്തിപരമായും പാപം ദോഷഫലങ്ങളെ ഉളവാക്കുന്നതാകയാൽ, അതിൽനിന്നു എപ്രകാരം രക്ഷപെടാൻ കഴിയുമെന്നുള്ള അന്വേഷണം പ്രാധാന്യം അർഹിക്കുന്നതുതന്നെ.

**രക്ഷ എന്നാൽ എന്തു്?**

ഏതെങ്കിലും ഒരു അപകടത്തിൽ നിന്നോ, ദോഷത്തിൽ നിന്നോ ലഭിക്കുന്ന വിടുതലിനു "രക്ഷ" എന്നു സാധാരണ പറയുന്നുണ്ടു്.

വേദപുസ്തകത്തിൽ രക്ഷയെപ്പററി മൂന്നു വിധത്തിലുള്ള ചിന്തകൾ കാണാം.

1. കഷ്ടതകളിൽനിന്നും ശത്രുക്കളുടെ ആക്രമണത്തിൽ നിന്നും വിടുവിക്കപ്പെട്ടു്, ഒരു ദൈവജനമായി വളർന്നുവരുന്നതാണു് രക്ഷ എന്നു യഹൂദന്മാർ പൊതുവെ വിശ്വസിച്ചു. അവരുടെ ചിന്തയിൽ, യഹോവാ സൈന്യങ്ങളോടുകൂടെ യുദ്ധത്തിനു പുറപ്പെടുന്ന ഒരു സേനാനായകനത്രേ. ലോകപ്രകാരം വിടുതൽ തരുന്ന ഒരു രക്ഷകനായിട്ടാണു പ്രവാചകന്മാർ ചിത്രീകരിച്ച മശിഹായെ യഹൂദന്മാർ മനസ്സിലാക്കിയതു്. യോഹന്നാൻെറ ജനനത്തിൽ സഖര്യാവു പാടിയ പാട്ടിനു് ആത്മീകമായ ഒരു വശം ഉണ്ടെങ്കിലും, ശത്രുക്കളിൽനിന്നുള്ള വിടുതലാണു് അതിൽ മുന്നിട്ടു നില്ക്കുന്നതു്. "യിസ്രായേലിൻെറ ദൈവമായ കർത്താവു് അനുഗ്രഹിക്കപ്പെട്ടവൻ; അവൻ തൻെറ ജനത്തെ സന്ദർശിച്ചു് ഉദ്ധാരണം

ചെയ്യുകയും, ആദിമുതൽ തന്റെ വിശുദ്ധപ്രവാചകന്മാർ മുഖാന്തരം അരുളിച്ചെയ്തതുപോലെ നമ്മുടെ ശത്രുക്കളുടെ വശത്തുനിന്നും, നമ്മെ പകെയ്ക്കുന്നഎവരുടെയും കയ്യിൽനിന്നും നമ്മെ രക്ഷിപ്പാൻ തന്റെ ദാസനായ ദാവീദിന്റെ ഗൃഹത്തിൽ നമുക്കു രക്ഷയുടെ കൊമ്പു ഉയൎത്തുകയും ചെയ്തിരിക്കുന്നതു്, നമ്മുടെ പിതാക്കന്മാരോടു കരുണ പ്രവൎത്തിക്കേണ്ടതിനും നമ്മുടെ ശത്രുക്കളുടെ കയ്യിൽനിന്നു് രക്ഷിക്കപ്പെട്ടു നാം ആയുഷ്കാലം ഒക്കെയും ഭയംകൂടാതെ തിരുമുമ്പിൽ വിശുദ്ധിയിലും നീതിയിലും തന്നെ ആരാധിപ്പാൻ നമുക്കു കൃപ നല്കമെന്നു് അവൻ നമ്മുടെ പിതാവായ അബ്രഹാമിനോടു ചെയ്ത സത്യവും തന്റെ വിശുദ്ധനിയമവും ഓൎത്തുകൊണ്ടും ആകുന്നു."

യേശുക്രിസ്തു സ്പഷ്ടമായി പഠിപ്പിച്ചതു്, താൻ കൊണ്ടുവന്നിരിക്കുന്ന രക്ഷ ആത്മികമാകുന്നു എന്നത്രെ. രാഷ്ട്രീയമായ ഒരു വിമോചനത്തിനു അദ്ദേഹത്തിന്റെ ചിന്തയിൽ സ്ഥാനം ഇല്ലായിരുന്നു. എന്നിരിക്കിലും, ഈ ലോകത്തിൽ അനുഭവമാക്കാവുന്നതും, വളൎച്ചയുള്ളതുമായ ഒരു രക്ഷയാണു കൎത്താവു പ്രഖ്യാപിച്ചതു്.

2. രക്ഷ ഈ ലോകത്തിൽനിന്നുള്ള വിടുതൽ ആകുന്നു. ഒഴിഞ്ഞുപോകുന്നതായ ഈ ലോകത്തെ നോക്കിക്കൊണ്ടു്, വരുവാനുള്ള ലോകത്തിലെ അഴിവില്ലാത്ത ജീവിതത്തെ പ്രതീക്ഷിച്ചു ചിലർ കാത്തിരുന്നു. യിസ്രായേലിന്റെ കഷ്ടതയേറിയ അനുഭവംമൂലം, അവരിൽ വളൎന്നുവന്ന ചിന്തയാണു് മശിഹാരാജ്യത്തെപ്പററിയുള്ളതു്. ദാനിയേലിന്റെ പുസ്തകത്തിലും, വെളിപാടുപുസ്തകത്തിലും, അമാനുഷികമായി, അത്ഭുതകരമായി, പെട്ടെന്നു സ്ഥാപിക്കപ്പെടുന്ന ഒരു രാജ്യത്തെപ്പററി പരാമൎശിക്കപ്പെടുന്നുണ്ടു്. ലോകത്തിലുള്ളതെല്ലാം അഴിഞ്ഞുപോയശേഷം, ഉണ്ടാകുന്ന പുതിയ ആകാശത്തെയും പുതിയ ഭൂമിയെയുംപററി അവിടെ വൎണ്ണിച്ചിരി

ക്കുന്നു. ഇതെല്ലാംതന്നെ, ഈ ലോകത്തിൽ യിസ്രായേല്യക്കു ചരിത്രത്തിൽ നേരിട്ട കടുത്ത നിരാശയിൽനിന്നു വളന്നു വന്നിട്ടുള്ളതാണു്. ക്രിസ്ത്യാനികളിൽ പലരുടെയും ചിന്തയിൽ ദൈവരാജ്യം കത്താവിൻെറ രണ്ടാമത്തെ വരവിൻെറ സമയത്തു സ്ഥാപിതമാകുന്ന ഒരു വ്യവസ്ഥിതിയാണു്. അങ്ങനെ രക്ഷ, ഈ ലോകത്തിൻെറ പരിധിക്കപ്പുറം സാദ്ധ്യമാകേണ്ട ഒരു അനുഭവമായി പല ക്രിസ്ത്യാനികളും പരിഗണിക്കുന്നുണ്ടു്.

3. മനുഷ്യസ്വഭാവത്തെ ദൈവസ്വഭാവമാക്കി രൂപാന്തരപ്പെടുത്തുന്ന ഒരു അവസ്ഥയായി രക്ഷയെ പല ചിന്തകന്മാരും വണ്ണിച്ചിരിക്കുന്നു.

മേൽപറഞ്ഞവയെല്ലാം രക്ഷയെപ്പററിയുള്ള വിഭിന്ന ചിന്താഗതികളാണു്. അവയ്ക്കെല്ലാം ഓരോ വിധത്തിൽ രക്ഷയെപ്പററിയുള്ള ഉപദേശത്തിൻെറ ആകമാനമുള്ള ചട്ടക്കൂട്ടിൽ സ്ഥാനം ഉണ്ടു്. എന്നാൽ ക്രിസ്തു രക്ഷയെക്കുറിച്ചു പഠിപ്പിച്ചിരിക്കുന്നതെന്താണു്? പാപത്തെക്കുറിച്ചു് അനുതപിച്ചു് ഏററുപറഞ്ഞു, പാപത്തിന്മേൽ ജയം പ്രാപിച്ചു്, ദൈവത്തിലുള്ള വിശ്വാസത്തിലും, ദൈവത്തോടും മനുഷ്യനോടുമുള്ള സ്നേഹബന്ധത്തിലും പുതുക്കം പ്രാപിക്കുന്ന ഒരു ആന്തരികാനുഭവമാണു് ക്രിസ്തു വിവക്ഷിച്ച രക്ഷയുടെ പ്രധാന വശം. ഈ അനുഭവം ശത്രുക്കളുടെ മേലുള്ള ജയപ്രാപ്തിയും ലോകത്തിൽനിന്നുള്ള വിടുതലുമാകുന്നു. അതേ സമയം ക്രിസ്തുവിൽ ഒരു പുതുസൃഷ്ടിയായി രൂപാന്തരപ്പെടലും. ("Christian salvation is the process through which man, both as individual and as race, is delivered from the corruption, guilt and estrangement caused by sin, through Jesus

Christ.") ലോകജീവിതത്തിൽനിന്നു വേർപെടുത്തപ്പെടുന്നതിലോ ശിക്ഷയിൽനിന്നു വിടുവിക്കപ്പെടുന്നതിലോ അല്ല, പിന്നെയോ പാപത്തിൽനിന്നു വിടുവിക്കപ്പെടുന്നതിലത്രെ ക്രിസ്തു മൂലമുള്ള രക്ഷ സ്ഥിതി ചെയ്യുന്നതു്. നമ്മെ പാപത്തിൽനിന്നു രക്ഷിക്കുന്നതിന്നു യേശു എന്തു ചെയ്തു, അഥവാ എങ്ങനെ രക്ഷിക്കുന്നു എന്നതിനെപ്പററി ചർച്ചചെയ്യുന്ന ഉപദേശത്തിന്നു പ്രായശ്ചിത്തസിദ്ധാന്തം അഥവാ പാപപരിഹാരസിദ്ധാന്തം (the doctrine of atonement) എന്നു പേർ പറയുന്നു. യേശു കുരിശുമരണത്താൽ പാപമോചനം കൊടുത്തു് മനുഷ്യനെ കഴുകി ശുദ്ധീകരിച്ചു് ദൈവത്തിന്റെ പുത്രത്വത്തിൽ യഥാസ്ഥാനപ്പെടുത്തുന്നു.

"അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നു രക്ഷിപ്പാനിരിക്കകൊണ്ടു അവന്നു യേശു എന്നു പേർ ഇടണം." [1] ക്രിസ്തുസഭയ്ക്കു ഇതേപ്പററിയുള്ള വിശ്വാസം നിഖ്യാവിശ്വാസപ്രമാണത്തിൽ പറയുന്നുണ്ടു്. "മനുഷ്യരായ നമുക്കും നമ്മുടെ രക്ഷയ്ക്കുംവേണ്ടി സ്വർഗ്ഗത്തിൽനിന്നു ഇറങ്ങി......മനുഷ്യനായി." യേശുക്രിസ്തുവിന്റെ രക്ഷണ്യവേലയെ വിശ്വസിച്ചു് ഏററു പറയുന്നതിൽ സഭകളെല്ലാം ഏകാഭിപ്രായക്കാരാണു്. എന്നാൽ ആ രക്ഷണ്യവേലയുടെ വിധത്തെപ്പററി, പല സഭകളും പല ഉപദേശങ്ങളാണു് രൂപവൽക്കരിച്ചിട്ടുള്ളതു്. രണ്ടായിരം സംവത്സരങ്ങൾക്കു മുമ്പു ഒരു നീതിമാൻ കുരിശിൽ തൂങ്ങിമരിച്ചതു് എനിക്കു പാപപരിഹാരവും രക്ഷയും ആകുന്നതു് എങ്ങനെ? "എങ്ങനെ" എന്ന പ്രശ്നത്തിന്നു വിവിധ രീതിയിലുള്ള മറുപടിയാണു് നല്കിക്കാണുന്നതു്. പലരും പല രീതിയിലാണു് അക്കാര്യം ധരിച്ചുപോരുന്നതു്. അതു സംബന്ധി

1. മത്തായി 1. 21.

ച്ചുള്ള വിവിധ അഭിപ്രായഗതികളിൽ മുഖ്യമായവ താഴെ ചേക്കുന്നു.

### 1. വീണ്ടെടുപ്പുസിദ്ധാന്തം (Ransom theory)

അടിമക്കച്ചവടത്തിൻെറ കാലത്താണ് ഓറിഗൻ എന്ന സഭാപിതാവു ക്രിസ്തുവിൻെറ രക്ഷണ്യപ്രവത്തനത്തെപ്പററിയുള്ള തൻെറ ഉപദേശം ആവിഷ്കരിച്ചതു്. ഒരു അടിമയെ വിലയ്ക്കു വാങ്ങിയാൽ, ഉടമസ്ഥനു അവനെ സ്വന്തം അടിമയായി സൂക്ഷിക്കയോ സ്വതന്ത്രനായി വിടുകയോ ചെയ്യാം. അടിമയെ വാങ്ങുന്നതിന്നു കൊടുക്കുന്ന പണമാണ് വീണ്ടെടുപ്പുവില. അങ്ങനെ അടിമയെ വിലയ്ക്കു വാങ്ങി സ്വതന്ത്രനായി വിടുന്ന പ്രവൃത്തി "വീണ്ടെടുപ്പ്" എന്നറിയപ്പെട്ടിരുന്നു. ഓറിഗൻെറ ചിന്തയിൽ, മനുഷ്യർ പാപം മൂലം സാത്താൻെറ അടിമയായിതീൎന്നു. തൻെറ ജീവനെ സാത്താനു വിലയായി കൊടുത്തു് മനുഷ്യജാതിയെ അടിമത്തത്തിൽനിന്നു വിടുത്തുന്നതിലേക്കു യേശുക്രിസ്തു സ്വന്ത ജീവൻ സാത്താനു വിലയായി കൊടുത്തു. മനുഷ്യജാതി മുഴുവൻെറയും വീണ്ടെടുപ്പുവിലയായി സാത്താൻ ക്രിസ്തുവിൻെറ ജീവൻ സ്വീകരിച്ചു. അങ്ങനെ സാത്താൻെറ അടിമത്തത്തിൽനിന്നു മനുഷ്യർ വിടുവിക്കപ്പെട്ടു. എന്നാൽ ക്രിസ്തുവിനെ വെച്ചു സൂക്ഷിച്ചുകൊണ്ടിരിക്കുന്നതിന്നു സാത്താനു സാധിച്ചില്ല. ക്രിസ്തു മരണത്തെ ജയിച്ചു, സ്വതന്ത്രനായി. അടിമത്തം നിലവിലിരുന്ന പുരാതന കാലത്തു ജീവിച്ചിരുന്ന പലക്കും ശരിയായി മനസ്സിലാകുന്നതും, സ്വീകാൎയ്യമായി തോന്നിയതുമായ ഒരു ഉപദേശമായിരുന്നു ഓറിഗൻേറതു്. ക്രിസ്തു നമ്മുടെ വീണ്ടെടുപ്പുകാരനാണെന്നു പുതിയ നിയമം പറയുന്നുണ്ടു്.

ഓറിഗൻെറ ഈ വിശദീകരണം നമുക്കു അത്ര സ്വീകാൎയ്യമായി തോന്നുന്നില്ല. കാരണം, ആ ഇടപാടിൽ ദൈവം

സാത്താനെ കബളിപ്പിച്ചു എന്നു വരും. സാത്താൻ കളിപ്പിക്കപ്പെട്ടവനായിത്തീൎന്നു. മനുഷ്യൻെറ രക്ഷയുടെ അടിസ്ഥാനം ഒരു ചതിപ്രയോഗമാണെന്നു പറയുക ഒരിക്കലും ആശാസ്യമല്ലല്ലൊ.

## 2. പരിഹാരബലി.
## (Satisfaction theory of Anselm)

ക്രിസ്തു ദൈവനീതിക്കും മഹിമയ്ക്കും ആവശ്യമായ വിധത്തിൽ മനുഷ്യൻെറ പാപത്തിന്നു പരിഹാരം ചെയ്തു എന്ന ഉപദേശമാണിതു്. മദ്ധ്യന്തൂററാണ്ടുകൾ പ്രഭു—അടിയാൻബന്ധ(ഫ്യൂഡലിസം)ത്തിൻെറ കാലമായിരുന്നു. അടിയാന്മാൎക്കു് പ്രഭുവിനോടു ചില കടപ്പാടുകളുണ്ടായിരുന്നു; അവർ ചില കൎത്തവ്യങ്ങൾ നിൎവ്വഹിക്കേണ്ടതായുണ്ടു്. യുദ്ധസമയത്തു പട്ടാളക്കാരെയും ആവശ്യമുള്ള കാലങ്ങളിൽ പണവും കൊടുക്കുക, അവരുടെ കടപ്പാടുകളിൽ ചിലതാണു്. അടിയാൻ ഇങ്ങനെയുള്ള കടപ്പാടുകൾ നിൎവ്വഹിക്കാതെയിരിക്കുന്നതു് പ്രഭുവിൻെറ ബഹുമതിക്കും സ്ഥാനത്തിന്നും ഹാനി വരുത്തുന്നതാണു്. അതിന്നു് ആവശ്യമായ പരിഹാരം ചെയ്യേണ്ടതു് അടിയാൻെറ കടമയാണു്. അങ്ങനെ പരിഹാരം കൂടാതെ ക്ഷമിക്കുക, നിരപ്പാകുക, പ്രഭുവിന്നു സാദ്ധ്യമല്ല. ഈ രീതി സാദൃശ്യപ്പെടുത്തിക്കൊണ്ടു ആൻസലം എന്ന സഭാപണ്ഡിതൻ ക്രിസ്തുവിൻെറ പ്രവൃത്തിക്കു പുതിയൊരു വിശദീകരണം നല്കി. മനുഷ്യൻ പാപംമൂലം ദൈവത്തിന്നു മാനഹാനിയും നഷ്ടവും വരുത്തി. ശരിയായ പരിഹാരം കൂടാതെ ക്ഷമിക്കുക ദൈവത്തിൻെറ മഹിമയ്ക്കും നീതിക്കും ചേരുന്നതല്ല. അതിനാൽ, ക്രിസ്തു തൻെറ ജീവനെ മനുഷ്യന്നുവേണ്ടി പരിഹാരബലിയായി പിതാവിന്നു കൊടുത്തു. ആ കുരിശു

മരണം പിതാവിന്റെ നീതിബോധത്തെയും മഹിമയെയും തൃപ്തിപ്പെടുത്തി. അങ്ങനെ ദൈവം മനുഷ്യനുമായി രഞ്ജിപ്പിലെത്തി. ഇതാണ് ആൻസലമിന്റെ "പരിഹാരബലി" എന്ന ഉപദേശത്തിലെ ആശയം. വേദപുസ്തകത്തിൽ ഇതിന്നു അടിസ്ഥാനമായ വാക്യങ്ങൾ ഉണ്ട്.

ഓറിഗന്റെ പഠിപ്പിക്കലിൽ, വീണ്ടെടുപ്പു വില കൊടുത്തതു സാത്താന്നാണ്. ആൻസലമിന്റെ പഠിപ്പിക്കലിൽ, ക്രിസ്തുവിന്റെ മരണം പരിഹാരമായി കൊടുത്തതു ദൈവത്തിന്നാണ്. ഈ രണ്ടു വിശദീകരണങ്ങളും തമ്മിൽ ഒരു പൊരുത്തക്കേടുണ്ട്. പിതാവും പുത്രനും മനുഷ്യനു രക്ഷ സമ്പാദിച്ചു കൊടുക്കുന്ന കാര്യത്തിൽ രണ്ടു പടിയിൽ നില്ക്കുന്നതായി തോന്നും. പിതാവു കോപിഷ്ടനാണ്; മനുഷ്യന്റെ പാപമാണ് അതിന്നാധാരം. എന്നാൽ ക്രിസ്തു മനസ്സലിവും സ്നേഹവുമുള്ളവനാണ്; അദ്ദേഹം ദൈവകോപത്തിന്നു ഇരയായിത്തീരുന്നു. മനുഷ്യനോടുള്ള മനോഭാവത്തിൽ പിതാവും പുത്രനും വ്യത്യസ്തസ്വഭാവമുള്ളവരാണെന്നുള്ള ഈ ചിന്താഗതി വാസ്തവവിരുദ്ധമാണ്. മനുഷ്യന്റെ നേക്കുള്ള മനഃസ്ഥിതിയിൽ പിതാവിന്നും പുത്രനും വ്യത്യസ്തതയില്ല. ലോകത്തെ ദൈവത്തോടു രഞ്ജിപ്പിക്കുക യെന്ന കൃത്യം ദൈവം ക്രിസ്തുവിൽ സാധിച്ചതാണ്. കോപത്തോടെ മനുഷ്യനെ നോക്കുന്ന പിതാവാണ് ദൈവമെന്നും, സ്നേഹത്തിൽ മനുഷ്യനുവേണ്ടി ഇടപെടുന്നവനാണു ക്രിസ്തുവെന്നും ഉള്ള ആശയം നമുക്കു സ്വീകാര്യമല്ല. "പിതാവു ചെയ്യുന്നതല്ലാതെ പുത്രനു സ്വതവേ ഒന്നും ചെയ്യുവാൻ കഴിയുകയില്ല." പിതാവിന്റെ ഇഷ്ടമാണു പുത്രൻ നിറവേററിയതു്.

No. 11438.

## 3. "പകരം ശിക്ഷ" സിദ്ധാന്തം

## (Substitution or Penal theory)

**പാപികളായ മനുഷ്യൎക്കുവേണ്ടി, മനുഷ്യന്റെ സ്ഥാനത്തു പ്രവേശിച്ചു ശിക്ഷയേററു നീതി നിവൎത്തിച്ചു രക്ഷ സമ്പാദിച്ചു എന്നുള്ള ഉപദേശമാണു് മറെറാന്നു്.**

നീതിയും ന്യായവും ദൈവസ്വഭാവത്തിന്റെ ഭാഗമാണു്. പാപിയോടു സ്വമേധയാ ക്ഷമിക്കുക എന്നതു് നീതിബോധത്തിന്നു ചേരുന്നതല്ല. ദൈവം മനുഷ്യനോടു ക്ഷമിക്കണം എങ്കിൽ നീതി നടക്കണം, കുററത്തിന്നു ശിക്ഷയുണ്ടാകണം. ദൈവകോപത്തിന്നു ഇരയായിത്തീരുവാനോ, പാപത്തിനുള്ള ശിക്ഷ ഏററു പരിഹാരം ഉണ്ടാക്കുവാനോ മനുഷ്യന്നു സാദ്ധ്യമല്ല. ആകയാൽ യേശുക്രിസ്തു, ദൈവത്തിന്റെയും മനുഷ്യന്റെയും മദ്ധ്യസ്ഥനായി, മനുഷ്യന്നുവേണ്ടി, മനുഷ്യന്റെ സ്ഥാനത്തു ശിക്ഷ ഏല്ക്കുന്നതിന്നു, തന്നെത്തന്നെ സമൎപ്പിച്ചു. അങ്ങനെ ക്രിസ്തു നമുക്കുവേണ്ടി, ശിക്ഷ ഏററു. ക്രിസ്തുവിന്റെ അടിപ്പിണരുകളാൽ നമുക്കു സൌഖ്യമായി. ദൈവകോപത്തിന്റെ അഗ്നിയിൽ പുത്രൻ കത്തി എരിഞ്ഞു. അതോടെ, മനുഷ്യൻ രക്ഷിക്കപ്പെട്ടുകയും ചെയ്തു. ഇതാണു നമ്മുടെ ഇടയിൽ വളരെ സാധാരണമായി സ്വീകരിക്കപ്പെട്ടു കാണുന്ന ഒരു ഉപദേശം. ലൂഥറിന്റെ നവീകരണത്തിന്നു ശേഷമുള്ള കാലം, നീതി, ന്യായം, ശിക്ഷ ഇവകളെപ്പററി വളരെ ബോധമുള്ള ഒരു ഘട്ടം ആയിരുന്നു. ആ കാലഘട്ടത്തിലാണു ഈ ഉപദേശം പ്രബലപ്പെട്ടതു്. പരിഹാരം വരുത്തി എന്ന ഉപദേശവും. പകരം ശിക്ഷ ഏററു എന്ന ഉപദേശവും വ്യത്യസ്തമാണു്. മുറിപ്പെട്ട, അപമാനം സഹിച്ച, ദൈവമഹിമയ്ക്കാണു് പരിഹാരം വരുത്തിയതു്. ഇവിടെയാകട്ടെ, ദൈവനീതിയെ ആണു് തൃപ്തി

PUBLIC LIBRARY KOTTAYAM

പ്പെടുത്തുന്നതു്. 'കുററത്തിന്നു ശിക്ഷ' എന്ന പ്രമാണം ഇവിടെ മുന്നിട്ടു നില്ക്കുന്നു. എന്നാൽ ക്രിസ്തു മനുഷ്യജാതിക്കു് പകരം ശിക്ഷ ഏററു എന്ന ഉപദേശം ഇന്നത്തെ നീതിന്യായബോധത്തിന്നു സ്വീകാര്യമല്ല. മകൻ തെററു ചെയ്തതിന്നു, പിതാവു ശിക്ഷ ഏല്ക്കുകയും മകനെ വെറുതെ വിടുകയും ചെയ്യുന്നതിന്നു നീതിന്യായക്കോടതി സമ്മതിക്കയില്ല. കുററം ചെയ്തവനാണു് ശിക്ഷ ഏല്ക്കേണ്ടതു്. അതിനാൽ ക്രിസ്തുവിൻെറ രക്ഷണ്യപ്രവൃത്തിയെപ്പററി ഈ വിധത്തിൽ മനസ്സിലാക്കുക പ്രയാസമാണു്. "പരിഹാരബലി"യുടെ സിദ്ധാന്തത്തിൽ കണ്ട ന്യൂനത തന്നെ ഈ സിദ്ധാന്തത്തിനുമുണ്ടു്. പിതാവായ ദൈവവും പുത്രനായ ക്രിസ്തുവും രണ്ടു നിലയിലല്ല മനുഷ്യൻെറ രക്ഷയ്ക്കുവേണ്ടി പ്രവർത്തിച്ചതു്. അങ്ങനെ ഒരു അന്തരം പിതാവിൻെറയും പുത്രൻെറയും സ്വഭാവം തമ്മിലുള്ളതായി നമുക്കു ഗ്രഹിച്ചുകൂടാ.

## 4. ധാർമ്മികാഹ്വാനസിദ്ധാന്തം
## (The Moral Appeal Theory)

പാപികൾക്കു് വേണ്ടിയുള്ള ക്രിസ്തുവിൻെറ മരണം, പാപിയെ അനുതാപത്തിലേക്കു് ആഹ്വാനം ചെയ്യുന്ന ഒരു കൃത്യമായിരുന്നു എന്നു ചിലർ വിവക്ഷിക്കുന്നുണ്ടു്.

മുൻ വിവരിച്ച ഉപദേശങ്ങൾ എല്ലാം തന്നെ ക്രിസ്തുവിൻെറ മരണം മൂലം ദൈവത്തിന്നു് മനുഷ്യരോടുള്ള മനോഭാവത്തിൽ ഉണ്ടായ വ്യത്യാസമാണു് ഊന്നിപ്പറയുന്നതു്. മനുഷ്യൻെറ രക്ഷയ്ക്കു് വേണ്ടിയുള്ള പ്രവൃത്തിയിൽ മനുഷ്യൻെറ വശത്തു് യാതൊരു വ്യത്യാസവും വരാനില്ലേ? മനുഷ്യൻെറ വശത്തല്ലേ വാസ്തവത്തിൽ വ്യത്യാസം വരേണ്ടതു്? പിതാവായ ദൈവം എപ്പോഴും മനുഷ്യൻെറ രക്ഷയ്ക്കു്

വേണ്ടി വാഞ്ഛരിച്ചിരിക്കുന്നവനാണു്. പിതാവായ ദൈവത്തിൻെറ മനോഭാവത്തിന്നല്ല വ്യത്യാസം വരേണ്ടതു്. ദൈവത്തിൻെറ സ്നേഹത്തിന്നു് പ്രവൎത്തിക്കുവാനുള്ള അവസരം ഉണ്ടാകുകയാണു് ആവശ്യം. അതിലേക്കു് പാപികളുമാനസാന്തരം ഉണ്ടാവണം; ഇപ്പോൾ നാം ചിന്തയ്ക്കു് എടുക്കുന്ന ഉപദേശം ഈ വശത്തു് കൂടെയാണു് ക്രിസ്തുവിൻെറ രക്ഷാപ്രവൃത്തിയെ വീക്ഷിക്കുന്നതു്.

യേശുക്രിസ്തുവിൻെറ കുരിശുമരണം പിതാവായ ദൈവത്തിൻെറ അനന്തമായ സ്നേഹത്തിൻെറ നിദൎശനമാണു്; നിസ്തുലമായ സ്നേഹമാണു, ക്രൂശുമരണത്തിൽ പ്രതിഫലിക്കുന്നതു്. നമ്മുടെ കൎത്താവിൻെറ കുരിശിൽ പാപത്തിൻെറ ഭയങ്കരമായ ഫലവും, മനുഷ്യൻെറ പാപം മൂലം വേദനപ്പെട്ടുകൊണ്ടിരിക്കുന്ന ദൈവസ്നേഹവും നാം കാണണം. അപ്പോൾ, പാപത്തെക്കുറിച്ചുള്ള വെറുപ്പും, ചെയ്തുപോയ പാപത്തെക്കുറിച്ചുള്ള അനുതാപവും നമ്മിൽ ഉണ്ടാകും. അങ്ങനെയുള്ള അനുതാപവും സ്നേഹമുള്ള പിതാവിൻെറ അടുക്കലേക്കുള്ള തിരിച്ചുവരവുമാണു് ദൈവത്തിൻെറ രക്ഷണ്യ പ്രവൎത്തനത്തിനുള്ള അവസരം കൊടുക്കുന്നതു്. അങ്ങനെ നാം ദൈവത്തിൻെറ രക്ഷയ്ക്കു് അൎഹരായി തീരുകയും ചെയ്യുന്നു.

ഈ വിധത്തിൽ ക്രിസ്തുവിൻെറ കുരിശുമരണത്തെ കാണുകയും, അവൻെറ രക്ഷണ്യപ്രവൃത്തിയെ മനസ്സിലാക്കുകയും ചെയ്യുന്നതു്, മുൻ വിവരിച്ച വശങ്ങളെക്കാൾ ആകൎഷണീയമായി തോന്നുന്നു. ഒന്നാമതു്, പിതാവായ ദൈവത്തിന്നും പുത്രനായ ക്രിസ്തുവിന്നും, മനുഷ്യരക്ഷയ്ക്കു് വേണ്ടിയുള്ള പ്രവൎത്തനത്തിലുള്ള ഏകത്വം ഇതു് ശക്തിപ്പെടുത്തി കാണിക്കുന്നുണ്ടു്. "ദൈവം ക്രിസ്തുവിൽ ലോകത്തെ തന്നോടു തന്നെ രഞ്ജിപ്പിച്ചു"വെന്ന വചനത്തിൻെറ വാസ്തവത്തിലുള്ള

അത്ഥം അവിടെയാണ് നാം മനസ്സിലാക്കുന്നതു്. രണ്ടാമതു്, രക്ഷയെപ്പററിയുള്ള ഉപദേശത്തിൽ, മനുഷ്യൻെറ വശത്തു് നിറവേറേണ്ടതെന്താണെന്നുള്ളതിനെപ്പററിയും, ദൈവത്തിൻെറ പ്രവൃത്തിയെപ്പററിയും ശക്തിപ്പെടുത്തി പറയേണ്ടതാവശ്യമായിരുന്നു. ദൈവവും മനുഷ്യനുമായുള്ള ബന്ധത്തിനു് എപ്പോഴും രണ്ടു വശങ്ങൾ കാണും ; അതൊരു പരസ്പരബന്ധമാണു്. ചിലർ ദൈവവശത്തുള്ള പ്രവൃത്തിയും, മററു ചിലർ മനുഷ്യവശത്തുള്ള പ്രവൃത്തിയും മറന്നു പോകാവുന്നതാണു്. ആദ്യക്രിയ ദൈവവശത്തു നിന്നാണു് ഉണ്ടാവുക ; മനുഷ്യവശത്തേതു് അതിനുള്ള പ്രത്യുത്തരം ആകുന്നു.

കുരിശിലുള്ള ക്രിസ്തുവിന്റെ രക്ഷണ്യപ്രവൃത്തി എങ്ങിനെ ഫലകരമായിത്തീരുന്നുവെന്നും അതു് എങ്ങനെ മനസ്സിലാക്കണമെന്നും ഉള്ളതിനെപ്പററി നാലു അഭിപ്രായഗതി നാം മുകളിൽ കണ്ടു. അതിൽ ഒന്നുംതന്നെ പൂൎണ്ണമാണെന്നു പറഞ്ഞുകൂടാ. ഓരോന്നിലും നമ്മുടെ ചിന്തക്കു് വിഷയമാകേണ്ടതും, നമ്മുടെ അനുഭവത്തിൽ വരുത്തേണ്ടതുമായ വശങ്ങൾ ഉണ്ടു്. ഓരോന്നിലും, ന്യൂനതകളും കാണുവാനുണ്ടു്. ആത്മികാനുഭവങ്ങളെ വാക്കുകളുടെയും രൂപങ്ങളുടെയും പരിധിക്കകത്തു് ഒതുക്കി നിൎത്തുക സാദ്ധ്യമല്ല. ക്രിസ്തുവിൻെറ വിശാലവും ബഹുവിധവുമായ രക്ഷണ്യപ്രവൃത്തിയുടെ അനുഭവം മനുഷ്യൻ അറിഞ്ഞിരിക്കുന്ന ഭാഷയിലും രൂപങ്ങളിലും വെളിവാക്കുവാനുള്ള ശ്രമം പൂർണ്ണമായി ഫലിക്കുമെന്നു പ്രതീക്ഷിച്ചുകൂടല്ലൊ. എങ്കിലും, മനുഷ്യൻ അതിന്നു വേണ്ടി ശ്രമിക്കയും അന്വേഷിക്കയും ചെയ്തുകൊണ്ടിരിക്കും. മേൽവിവരിച്ച ഏതു് അഭിപ്രായഗതി സ്വീകരിക്കുന്നവർക്കും, നിഖ്യാവിശ്വാസപ്രമാണത്തിൻെറ പ്രസ്താവനയിൽ യോജിക്കാവുന്നതാണു്: "മനുഷ്യരായ നമുക്കും, നമ്മുടെ രക്ഷക്കുംവേണ്ടി സ്വൎഗ്ഗത്തിൽ നിന്നു ഇറ

ങ്ങി......മനുഷ്യനായി". പുരാതന വിശ്വാസ പ്രഖ്യാപന ങ്ങൾ നടത്തിയ പിതാക്കന്മാരുടെ വിശാലവീക്ഷണം, അനു കരണീയമാണ്.

ക്രിസ്തുവിൻെറ രക്ഷണ്യവേല നമുക്ക് സുഗ്രാഹ്യവും, ആനുഭവികവുമാക്കിതീക്കുന്നതിന്നു താഴെ പറയുന്ന സൂചന കൾ സഹായിക്കും.

1. ക്രിസ്തുവിൻെറ കുരിശിൽ മനുഷ്യനോട്ട് തന്നെ ത്തന്നെ ഏകീകരിച്ച ദൈവസ്നേഹത്തിൻെറ വെളിപ്പാട്ട് കാണണം. ക്രിസ്തുവിൻെറ സ്നേഹം ദൈവസ്നേഹത്തിൻെറ വെളിപ്പാട്ട് മാത്രം അത്രെ. ക്രിസ്തു കുരിശിനെ സ്വീകരിച്ചതു് ദൈവേഷ്ടത്തോടുള്ള പരിപൂൎണ്ണമായ കീഴ്‌വഴക്കമാണ് കാ ണിക്കുന്നതു്.

2. ക്രൂശുമരണത്തോളമുള്ള ക്രിസ്തുവിൻെറ സ്നേഹം, മനുഷ്യനുവേണ്ടി വേദന അനുഭവിക്കുന്ന ദൈവത്തെ നമുക്കു വെളിപ്പെടുത്തിത്തരുന്നു. ദൈവത്തിൻെറ ശാശ്വതമായ കഷ്ടാനുഭവം കാലത്തിൽ പ്രതിഫലിക്കുകയോ പ്രകടമാവു കയോ ചെയ്യുന്നതാണ് കുരിശ്ശു്.

3. ക്രിസ്തുവിൻെറ കുരിശ്ശു് പാപത്തിൻെറ ഭയങ്കരമാ യ ഭവിഷ്യത്തു് വെളിപ്പെടുത്തുന്നു. മനുഷ്യപാപത്തിൻെറ ഭയങ്കര ഫലങ്ങളെ കാണണമെങ്കിൽ, കുരിശിലേക്കു നോക്കു ക. നിങ്ങളുടെയും എൻെറയും പാപം ക്ഷമിക്കുന്നതിന്നു് ദൈവം നൽകിയ വില മനസ്സിലാക്കണമോ? കുരിശിലേ ക്കു ദൃഷ്ടികളെ പായിക്കുക.

4. കുരിശ്ശുമൂലം ക്രിസ്തു നിൎവ്വഹിച്ച രക്ഷണ്യവേലയു ടെ, ഉദ്ദേശം മനുഷ്യനെ പാപത്തിൽനിന്നും അതിൻെറ ഫല ങ്ങളിൽനിന്നും വിടുവിച്ച്, ഒരു പുതിയ ബന്ധം സൃഷ്ടിക്കു കയായിരുന്നു.

ക്രിസ്തു നമുക്കുവേണ്ടി സമ്പാദിച്ചിരിക്കുന്ന രക്ഷയെപ്പറ്റി മനസ്സിലാക്കുന്നതിന്നു് താഴെ കുറിക്കുന്ന ചിന്തകൾ സഹായകരമായിരിക്കും.

1. രക്ഷ ദൈവം നല്കുന്നതായി, കൃപയുടെ ഒരു പ്രവത്തനമാണു്; മനുഷ്യൻ ചെയ്യുന്ന നന്മപ്രവൃത്തികൾക്കുള്ള പ്രതിഫലമല്ല അതു്. ഈ രക്ഷ സ്വീകരിച്ചു്, അനുഭവത്തിലാക്കുന്ന പ്രത്യുത്തരമാണു് മനുഷ്യൻെറ ഭാഗത്തു നിന്നു് ഉണ്ടാകേണ്ടതു്.

2. ഈ രക്ഷ, കത്താവായ യേശുക്രിസ്തുവിൻെറ കുരിശിൽ ഒരിക്കലായി നിവൃത്തിയായ വേലയാണു്; പൂത്തീകരിക്കപ്പെട്ട വേലയാണതു്. യേശുവിൻെറ ജനനം, ജീവിതപ്രവത്തനം, മരണം, ഉയിത്തെഴുന്നേല്പു്, സ്വർഗ്ഗാരോഹണം, പിതാവിൻെറ വലഭാഗത്തുള്ള ഇരിപ്പു് ഇവ എല്ലാം ഒന്നായിട്ടാണു് നാം കരുതേണ്ടതു്.

3. ഒരത്ഥത്തിൽ ഇതു് തുടന്നുകൊണ്ടിരിക്കുന്ന വേലയാണു്. പരിശുദ്ധാത്മാവിൻെറ പ്രവൃത്തിയിൽ ഈ രക്ഷണ്യവേല തുടന്നുകൊണ്ടിരിക്കുന്നു. രക്ഷയുടെ ഈ അനുഭവത്തെ നാം പുതുക്കുകയും, അതിൽ വളന്നുകൊണ്ടിരിക്കുകയും വേണം. പരിശുദ്ധാത്മാവു് രക്ഷയുടെ ഈ വേല തുടന്നുകൊണ്ടിരിക്കുന്നു. നാമും ജീവിതത്തിൻെറ പുതുക്കത്തിൽ വളരണം. "നില്ക്കുന്നു എന്നു് വിചാരിക്കുന്നവൻ വീഴാതിരിക്കുവാൻ സൂക്ഷിക്കട്ടെ".

4. രക്ഷ: എന്തിൽനിന്നു്, എന്തിലേക്കു്?

നമ്മെ പാപത്തിൽനിന്നും, അതിൻെറ ഫലങ്ങളിൽനിന്നും രക്ഷിക്കുന്നു; പരീക്ഷകൻെറ ശക്തിയിൽനിന്നു് വിടുവിച്ചു് നമുക്കു ജയം നല്കുന്നു. മാത്രമല്ല, മരണഭയത്തിൽനിന്നു്

നമുക്കു വിടുതൽ നല്കുന്നുമുണ്ടു്. ക്രിസ്തു മരണത്തെ ജയിച്ചു. "ഹേ, മരണമേ, നിൻെറ ജയം എവിടെ? ഹേ, മരണമേ, നിൻെറ വിഷമുള്ളു് എവിടെ?" എന്നു് ക്രിസ്ത്യാനിക്കു ചോദിക്കുവാൻ കഴിയും.

ക്രിസ്തു നമ്മെ എന്തിലേക്കു് രക്ഷിക്കുന്നു? പാപം മൂലം ദൈവസംസർഗ്ഗത്തിൽ നിന്നു് അകന്നുപോയ മനുഷ്യ ജാതിയെ, പുത്രത്വത്തിൻെറ പദവിയിലേക്കും, നിരന്തര മായ ദൈവസംസർഗ്ഗത്തിലേക്കും ക്രിസ്തു കൊണ്ടുവന്നിരിക്കു കയാണു. ഇതാകുന്നു ക്രിസ്തു, കുരിശുമരണം മൂലം നമുക്കായി സമ്പാദിച്ച രക്ഷ. പാപബന്ധനത്തിൽ നിന്നുള്ള വിടുത ലും പുത്രത്വത്തിൻെറ അനുഭവവും, ദൈവസംസർഗ്ഗത്തിൽ അവിരാമം തുടരുന്നുള്ള ജീവിതവുമാണു് യഥാർത്ഥത്തിൽ രക്ഷ.

---

III

# ക്രിസ്തുവും നിങ്ങളും

പാപം എന്താണെന്നും, അതെങ്ങനെ ദൈവത്തെ സ്പർശിച്ചു എന്നും പൂർണ്ണമായി നാം കാണുന്നതു ക്രിസ്തുവിൻെറ കുരിശിൽ മാത്രമാണ്. ദൈവസ്നേഹത്തിൻെറ ആഴവും ക്രൂശിൽ വെളിപ്പെട്ടിരിക്കുന്നു. തൻെറ ജനത്തെ പാപത്തിൽനിന്നു് രക്ഷിപ്പാനുള്ളവനാകകൊണ്ടാണ് ശിശുവിനു് യേശു എന്നു പേരിട്ടതു്. ക്രിസ്തുവിൻെറ കഷ്ടതയിൽ പങ്കാളികളായി അവനുമായി നാം ഏകീഭവിക്കുന്നതനുസരിച്ചും, ക്രിസ്തുവിൻെറ കുരിശു് നമ്മിൽ സ്നേഹത്തിൻെറയും അനുതാപത്തിൻെറയും പ്രത്യുത്തരം ഉളവാക്കുന്നതനുസരിച്ചും മാത്രമേ, അവൻ നമ്മുടെ പാപപരിഹാരവും, നമ്മുടെ രക്ഷകനും ആയിത്തീരുകയുള്ളു.

നമ്മുടെ പാപങ്ങളിൽനിന്നു നമ്മെ രക്ഷിപ്പാൻ കഴിയുന്ന ഈ ക്രിസ്തു ആരാണ്? ഈ ചോദ്യം നമ്മെ സംബന്ധിച്ചിടത്തോളം സജീവമായ ഒന്നത്രെ. ചന്ദ്രനിൽ ജീവികൾ ഉണ്ടോ? അവിടെ ചെന്നെത്തി സാമ്രാജ്യം സ്ഥാപി

ക്കാൻ മനുഷ്യന് സാധിക്കുമോ? ഈ ചോദ്യത്തിന് ഒരു മറുപടികൊടുക്കാതെ തന്നെ സാധാരണഗതിയിൽ നമുക്ക് ജീവിതം നയിക്കാം. എന്നാൽ, ക്രിസ്തു ആരാണെന്നുള്ള ചോദ്യത്തിന് നാം നല്കുന്ന മറുപടി നമ്മുടെ ദൈനംദിന ജീവിതത്തെ സാരമായി സ്പർശിക്കുന്നതാണ്. അത് ജീവിതത്തിൽ ഒരു വ്യത്യാസം ഉളവാക്കുകതന്നെ ചെയ്യും.

"യേശുക്രിസ്തു"

എബ്ര്യായ ഭാഷയിൽ "മശിഹാ" എന്ന പദം ഗ്രേക്കിലേക്ക് പരിഭാഷപ്പെടുത്തിയിരിക്കുന്നതു് "ക്രിസ്തൂസ്" (ക്രിസ്തു) എന്നാണ്. ആ പദത്തിൻെറ അത്ഥം: "അഭിഷിക്തൻ." "യേശു" എന്ന പദം വ്യക്തികൾക്കു കൊടുത്തുവന്ന ഒരുപേരാണ്. "യോശുവാ"യും "യേശു"വും ഒരേപദം തന്നെ. എന്നാൽ തൻെറ വേലയെ വിവരിക്കുന്ന ഒരു പേരായിട്ടാണു മറിയയുടെ ശിശുവിന്നു് ആ പേരിട്ടതു്. "ക്രിസ്തു" എന്നതു് ആ പേരിൻെറ ഒരു വിശേഷണപദമാകുന്നു.

ദൈവത്തിൻെറ തെരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേലിൻെറ ദീർഘമായ ചരിത്രം, തോൽവിയുടെയും നിരാശയുടെയും ചരിത്രമായിരുന്നു. ലോകത്തെ അനുഗ്രഹിക്കുവാനായി ദൈവം തെരഞ്ഞെടുത്ത ജനം, എപ്പോഴും അന്യജാതിക്കാരുടെ മർദ്ദനത്തിനു വിധേയരായി ജീവിച്ചു. പ്രവാചകന്മാരുടെ കാലത്തു് വളന്നുവന്ന ഒരു ചിന്തയായിരുന്നു, ഇസ്രയേലിനെ രക്ഷിപ്പാനായി ഒരഭിഷിക്തൻ വരുമെന്നുള്ളതു്. മശിഹാവന്നു് യിസ്രായേലിന്നു് രാജ്യം യഥാസ്ഥാനപ്പെടുത്തും എന്ന ആശയിൽ യിസ്രായേൽ കഴിഞ്ഞുകൂടി. എന്നാൽ, ലോകപ്രകാരമുള്ള ഒരു രാഷ്ട്രവും ഒരു വിടുതലുമാണ് യിസ്രായേല്യരുടെ ചിന്തയിൽ പ്രബലമായിത്തീന്നതു്. റോ

മാസാമ്രാജ്യത്തിന്റെ അടിമത്തത്തിൽ നിന്നു തങ്ങളെ വിടുവിക്കുന്ന ഒരു മശിഹായെ—ഒരു രാജാവിനെ—ആയിരുന്നു ക്രിസ്തു ജനിക്കുന്ന സമയത്തു് യിസ്രായേൽ നോക്കിപ്പാർത്തിരുന്നതു്. യേശു ദൈവരാജ്യത്തെപ്പററി പ്രസംഗിച്ചപ്പോൾ രാഷ്ട്രീയമായ ദർശനങ്ങളാണു് ജനത്തിൽ ഉളവായതു്. അതിനാൽ, ആ ധാരണ തിരുത്തി, താൻ കഷ്ടതയനുഭവിക്കുന്ന മിശിഹായാണെന്നുള്ള ആശയം തന്റെ പന്ത്രണ്ടു ശിഷ്യന്മാൎക്കു് കൊടുക്കുവാനായി യേശു ശ്രമിച്ചു. എന്നാൽ അവൎക്കും അതിന്റെ അൎത്ഥം പൂൎണ്ണമായി പിടികിട്ടിയില്ല.

## ക്രിസ്തു അപ്പോസ്തലദൃഷ്ടിയിൽ

സുവിശേഷങ്ങളിലും ലേഖനങ്ങളിലും, ക്രിസ്തുവിനെപ്പററിയുള്ള ധാരണ വളൎന്നുകൊണ്ടിരിക്കുന്നതായി നമുക്കു് കാണാം.

ആദ്യകാലത്തു് യേശു ശിഷ്യന്മാരുടെ ദൃഷ്ടിയിൽ ഒരു ഗുരു ("റബ്ബി") ആയിരുന്നു: മററുള്ളവരിൽ നിന്നു് അദ്ദേഹത്തിനുള്ള വ്യത്യാസം, ക്രിസ്തു അധികാരത്തോടുകൂടെ പഠിപ്പിക്കുന്ന ഒരു റബ്ബി ആയിരുന്നുവെന്നുള്ളതാണു്. കാലക്രമേണ, തങ്ങളുടെ ജീവനിൽ ഗണ്യമായ വ്യത്യാസം ഉളവാക്കുന്ന ഒരു നായകനും ശക്തിയുമായി ക്രിസ്തുവിനെ അവർ കാണുവാൻ തുടങ്ങി. ക്രിസ്തുവിൽ അവർ ദൈവശക്തി പ്രവർത്തനത്തിൽ കണ്ടു. ശിഷ്യന്മാരിൽനിന്നു് താൻ വേർപെടുന്നകാലം അടുത്തുവന്നതോടെ ക്രിസ്തു ശിഷ്യന്മാരോടു് ചോദിക്കുന്നു: "ഞാൻ ആരാകുന്നുയെന്നു് നിങ്ങൾ പറയുന്നു"? ദൈവാത്മാവിൽ പ്രേരിതനായി പത്രോസ് മറുപടിപറഞ്ഞു: "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആകുന്നു."

“ദൈവത്തിൻെറ പുത്രൻ,” “ക്രിസ്തു” എന്നീ പദങ്ങളുടെ പൂൎണ്ണവും വിശാലവും ആയ അൎത്ഥം പത്രോസ് ഗ്രഹിച്ചിരുന്നിരിക്കയില്ല. എങ്കിലും, തൻെറ സഭയെ സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാനം ക്രിസ്തു ആ വിശ്വാസ പ്രഖ്യാപനത്തിൽ കണ്ടു. ക്രിസ്തുവിൻെറ ക്രൂശാരോഹണവും, കബറടക്കവും ശിഷ്യന്മാരെ ചിതറിച്ചു എങ്കിലും, ഉയിർത്തെഴുന്നേററ ക്രിസ്തു ചിതറിപ്പോയ ശിഷ്യന്മാരെ കൂട്ടിച്ചേൎത്തു. പത്രോസിനേക്കാൾ ഒരു പടി ഉയൎന്ന രീതിയിലാണ് തോമ്മാശ്ലീഹാ ഉയിൎത്തെഴുന്നേററ കർത്താവിനെ ഏററുപറഞ്ഞു് സ്വീകരിച്ചതു്. “എൻെറ കർത്താവും, എൻെറ ദൈവവുമേ,” എന്നു് തോമ്മാശ്ലീഹാ ചെയ്ത പ്രഖ്യാപനമാണ്, ക്രിസ്തുസഭ യേശുവിനെപ്പററി അംഗീകരിച്ചു പോന്നിട്ടുള്ള വിശ്വാസ പ്രഖ്യാപനം. തോമ്മാശ്ലീഹായുടെ പ്രഖ്യാപനത്തിൽ നാം കാണുന്നതു്, അന്നുവരെ തൻെറ “ഗുരു,” “നാഥൻ,” എന്ന നിലയിൽ അദ്ദേഹം കണ്ട ക്രിസ്തു സ്വൎഗ്ഗസിംഹാസനത്തിൽ ഇരിക്കുന്ന ദൈവം ആകുന്നുവെന്നു് അന്നു ബോദ്ധ്യപ്പെട്ടുവെന്നത്രെ. “എൻെറ ഗുരുവായിരുന്ന നിന്നെ എൻെറ ദൈവമായി ഞാൻ ഇപ്പോൾ ഏററുപറയുന്നു” എന്നത്രെ തോമ്മാശ്ലീഹാ പറഞ്ഞതിൻെറ അൎത്ഥം. ഇതു തന്നെയാണ് ക്രിസ്തുസഭയ്ക്കു് ക്രിസ്തുവിനെപ്പററിയുള്ള വിശ്വാസവും. ഇന്നു് നാം നല്കുന്ന വിശാലമായ അൎത്ഥം തോമ്മാശ്ലീഹാ പോലും അനുഗ്രഹിച്ചിരുന്നില്ലെന്നുവരാം.

അപ്പോസ്തലപ്രവൃത്തികളിലും, ലേഖനങ്ങളിലും, ക്രിസ്തുവിനെ ദൈവമായി സ്വീകരിക്കുന്നതിലുണ്ടായ വളൎച്ച സ്പഷ്ടമായി കാണാം. ഗലീലക്കുന്നിന്മേൽ വച്ചു് ക്രിസ്തുവിൻെറ സ്വൎഗ്ഗാരോഹണത്തിന്നു് മുമ്പെ ക്രിസ്തുവിനെ കണ്ടപ്പോൾ അവർ ക്രിസ്തുവിനെ നമസ്കരിച്ചു എന്നു് പറഞ്ഞിരിക്കുന്നു. “ആരാധിച്ചു” എന്നതാണ് കുറേക്കൂടി ശരിയായ

തജ്ജമ. ദൈവത്തിന്നു് കൊടുക്കേണ്ട ആരാധന അവർ ക്രിസ്തുവിന്നു കൊടുത്തു തുടങ്ങിയിരിക്കുന്നു. പ്രാൎത്ഥനയ്ക്കായി ഒരുമിച്ചു കൂടുമ്പോൾ അവരുടെ പ്രാൎത്ഥന ക്രിസ്തുവിനെ അഭിസംബോധന ചെയ്തുകൊണ്ടായിത്തീൎന്നു. കല്ലേറുകൊണ്ടു് മരണവേദനയനുഭവിക്കുമ്പോൾ സ്തേഫാനോസ് പ്രാൎത്ഥിക്കുന്നതു നോക്കുക: "കൎത്താവായ യേശുവേ, എന്റെ ആത്മാവിനെ കൈക്കൊള്ളേണമേ."[1] ബൎന്നാബാസിനെയും ശൌലിനെയും സുവിശേഷവേലയ്ക്കായി അയക്കുന്നതിന്നു് വിളിയുണ്ടായതു്, അവർ ഉപവസിച്ചു് കൎത്താവിനെ ആരാധിച്ചിരുന്ന സമയത്തായിരുന്നു.[2] അവർ യേശുക്രിസ്തുവിന്റെ നാമത്തിൽ അത്ഭുതങ്ങൾ പ്രവൎത്തിച്ചു.[3] അപ്പോസ്തലന്മാർ സഭകൾക്കു് അനുഗ്രഹം ആശംസിക്കുമ്പോൾ ക്രിസ്തുവിന്റെ പേരും, പിതാവായ ദൈവത്തിന്റെ പേരോടു ചേൎത്തു് ഉപയോഗിച്ചു.[4] കൊലോസ്യലേഖനത്തിൽ പൌലോസ് ക്രിസ്തുവിനെ വൎണ്ണിക്കുന്നതു് ഇങ്ങനെയാണു്: "അവൻ അപ്രത്യക്ഷനായ ദൈവത്തിന്റെ പ്രതിമയാകുന്നു". "ഇമേജ്" എന്ന ഗ്രേക്കു് പദംകൊണ്ടു് വിവക്ഷിക്കുന്നതു് ഉരുകിയ അരക്കിന്മേൽ ഒരു മുദ്രകുത്തുമ്പോൾ കിട്ടുന്ന രൂപമാണു്.

അപ്പോസ്തലന്മാൎക്കു ക്രിസ്തുവിനെപ്പററി ഇങ്ങനെയൊരു വിശ്വാസം ഉണ്ടാകുവാനുള്ള കാരണം, ക്രിസ്തു സ്വയം ഉച്ചരിച്ച വചനങ്ങളും, അവനോടുള്ള ബന്ധത്തിൽ അവൎക്കു് ഉണ്ടായ അനുഭവവും ആകുന്നു. "എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു" എന്നു ക്രിസ്തു തന്നെപ്പററി പറ

---

1 അപ്പൊസ്തലപ്രവൃത്തികൾ 7. 59, 60
2 അപ്പൊസ്തലപ്രവൃത്തികൾ 13. 2
3 അപ്പൊസ്തലപ്രവൃത്തികൾ 13. 5, 6, 16
4 എഫേസ്യർ 1. 2; ഫിലിപ്യർ 1. 2, 2 പത്രോസ് 1. 2

യുന്നു. "ഞാൻ പിതാവിലും, പിതാവു് എന്നിലും ആകുന്നു"[1] "ഞാനും പിതാവും ഒന്നാകുന്നു."

പുതിയ നിയമം വായിച്ചതിന്നു ശേഷം ഒരാൾ ഇപ്രകാരം പറഞ്ഞതായി രേഖപ്പെടുത്തിയിരിക്കുന്നു. "ഒന്നുകിൽ ക്രിസ്തു ദൈവമാണു്, അല്ലെങ്കിൽ സ്വയം വഞ്ചിക്കപ്പെട്ടവൻ. അതുമല്ലെങ്കിൽ, ഒരു വഞ്ചകൻ." ("Jesus, either God, or a selfdeluded person, or a rogue.")

പുതിയനിയമരേഖകളെ അടിസ്ഥാനപ്പെടുത്തി, സഭ പഠിപ്പിക്കുന്നതു്, യേശുക്രിസ്തു ദൈവത്തിൻെറ പരിപൂർണ്ണവും അന്തിമവുമായ വെളിപ്പാടാണെന്നത്രെ. "യേശുക്രിസ്തുവിൻെറ വേല, ദൈവത്തെ മനുഷ്യനു് വെളിപ്പെടുത്തികൊടുക്കയും, മനുഷ്യനെ ദൈവത്തോടു രഞ്ജിപ്പിക്കയും ആണു്. ഏതാനും പുതിയ ഉപദേശങ്ങളോ, പുതിയ ജീവിതമാർഗ്ഗമോ കൊണ്ടുവന്ന ഒരാൾ മാത്രമല്ല ക്രിസ്തു; ക്രിസ്തു തൻെറ പ്രബോധനങ്ങളുടെ മൂർത്തീകരണമാണെന്നു പറയാം. (He embodied His teaching.) മററു് ഉപദേഷ്ടാക്കൾ ഉപദേശങ്ങൾ നൽകീട്ടുണ്ടു്. എന്നാൽ ക്രിസ്തുവിൽ അവൻെറ ഉപദേശം ജീവിക്കുന്നുവെന്നതാണു് ശ്രദ്ധേയമായ വ്യത്യാസം. ക്രിസ്തു ഒരു സുവിശേഷം കൊണ്ടുവരിക മാത്രമല്ല ചെയ്തതു്. ക്രിസ്തു തന്നെയായിരുന്നു സുവിശേഷം.

**ക്രിസ്തുവിൻെറ ആളത്വപരമായ
വാദപ്രതിവാദങ്ങൾ.**

ഒരാൾ പൂർണ്ണ ദൈവവും, പൂർണ്ണ മനുഷ്യനുമായിരിക്കുകയെന്നതു് എപ്രകാരം ബുദ്ധികൊണ്ടു് ഗ്രഹിക്കും? അതു നിശ്ചയമായും ഒരു വിഷമപ്രശ്നം തന്നെയാണു്. അപ്പോസ്തു

1 യോഹന്നാൻ 14. 9, 10

ലകാലത്തു യേശുക്രിസ്തുവിൻെറ ദൈവത്വത്തെ മനസ്സിലാക്കുന്നതായിരുന്നു പ്രയാസം. അപ്പോസ്തലന്മാർ ജീവിച്ചിരുന്ന കാലത്തു തന്നെ ഇതേപ്പററി പല ഉപദേശപ്പിശകുകൾ ഉണ്ടായിരുന്നു. യേശുവിൽ ദൈവം മനുഷ്യനായി കാണപ്പെട്ടതേയുള്ളുവെന്നു് ചിലർ പഠിപ്പിച്ചു. യോഹന്നാൻെറ ലേഖനത്തിൽ ഇക്കൂട്ടരെ കഠിനമായി വിമർശിക്കുന്നുണ്ടു്. "യേശുവിനെ ക്രിസ്തു അല്ല എന്നു നിഷേധിക്കുന്നവൻ അല്ലാതെ കള്ളൻ ആർ ആകുന്നു? പിതാവിനെയും പുത്രനെയും നിഷേധിക്കുന്നവൻ തന്നെ എതിർ ക്രിസ്തു ആകുന്നു. പുത്രനെ നിഷേധിക്കുന്നവന്നു പിതാവുമില്ല; പുത്രനെ സ്വീകരിക്കുന്നവന്നു് പിതാവും ഉണ്ടു്."[1] "യേശുക്രിസ്തു ജഡത്തിൽ വന്നുവെന്നു് സ്വീകരിക്കുന്ന ആത്മാവൊക്കയും ദൈവത്തിൽ നിന്നുള്ളതു്. യേശുവിനെ സ്വീകരിക്കാത്ത യാതൊരു ആത്മാവും ദൈവത്തിൽനിന്നുള്ളതല്ല."[2]

യേശു എന്ന ഒരു നല്ല മനുഷ്യനെ ദൈവം തൻെറ പുത്രനായി ജ്ഞാനസ്നാന സമയത്തു് സ്വീകരിച്ചുവെന്നും, മൂന്നു സംവത്സരകാലത്തോളം അവൻ ദൈവപുത്രനായി ജീവിച്ചുവെന്നും, എന്നാൽ ഗത്സമനേ തോട്ടത്തിൽവച്ചു ദൈവാത്മാവു അവനെ വിട്ടുപോയിയെന്നും മററു ചിലർ പഠിപ്പിച്ചു. അവരുടെ അഭിപ്രായത്തിൽ യേശു എന്ന മനുഷ്യനത്രെ കുരിശിൽ തൂങ്ങി മരിച്ചതു്.

ഒന്നാം നൂററാണ്ടിലുണ്ടായ ശീശ്മക്കാർ ജ്ഞാനവാദികൾ (gnostics) എന്നു് അറിയപ്പെടുന്നു. നാലാം നൂററാണ്ടുവരെ ക്രിസ്തുസഭ പീഡനത്തിൽക്കൂടെ കടന്നുപോയതിനാൽ, ഉപദേശപരമായ വാദപ്രതിവാദങ്ങൾക്കു വേണ്ടത്ര അവ

---

1 1 യോഹന്നാൻ 2. 22, 23.
2 1 യോഹന്നാൻ 4. 2, 3.

സരമില്ലായിരുന്നു. എന്നാൽ, ക്രിസ്തുസഭ റോമാസാമ്രാജ്യത്തിലെ അംഗീകരിക്കപ്പെട്ട മതമായി കുസ്തന്തീനോസ് ചക്രവത്തി പ്രഖ്യാപനം ചെയ്തതോടുകൂടി, സഭയിൽ ശാന്തതയുണ്ടായി, വാദപ്രതിവാദങ്ങൾക്കുള്ള അവസരം കരഗതമായി.

നാലാം നൂററാണ്ടിലെ
പാഷണ്ഡോപദേശങ്ങൾ.

ക്രിസ്തുസഭയിൽ മേലധികാരത്തെ ചോദ്യം ചെയ്തു ഭിന്നതയുണ്ടാക്കുന്നതിന്നു ശീശ്മ എന്നും, ഉപദേശപ്പിശകുകൾ ഉണ്ടാക്കി സഭയിൽ നിന്നു പിരിഞ്ഞുപോകുന്നതിന്നു് പാഷണ്ഡോപദേശം (ഹെറിസി) എന്നും പറയുന്നു.

അറിയൂസിൻെറ പാഷണ്ഡോപദേശം

അറിയൂസ് സഭയിലെ ഒരു മൂപ്പനായിരുന്നു. യേശുക്രിസ്തു, ദൂതന്മാക്കും പ്രകൃതിക്കും മുമ്പെ സൃഷ്ടിക്കപ്പെട്ടവനാകുന്നുവെന്നും, ദൈവിക ശക്തികളും കഴിവുകളും ഉള്ളവനാണെങ്കിലും അവൻ ദൈവമല്ലെന്നും അറിയൂസ് പഠിപ്പിച്ചു. ഈ ഉപദേശം പലക്കും ആകർഷണീയമായി തോന്നി. എന്നാൽ ക്രിസ്തുസഭയുടെ അടിസ്ഥാനത്തെ തകക്കുന്നതാണു് പ്രസ്തുത ഉപദേശമെന്നു മനസ്സിലാക്കി അതിനെ എതിത്തതു് അലക്സന്ത്ര്യായിലെ ഒരു ശെമ്മാശനായ അത്താനാസ്യോസ് ആയിരുന്നു. അലക്സന്ത്രിയായിലെ ബിഷപ്പ് അത്താനാസ്യോസിൻെറ ഭാഗത്തെ നേതാവായി. അറിയൂസിൻെറ ഭാഗത്തു് അനേകം ബിഷപ്പന്മാർ ഉണ്ടായിരുന്നു. അറിയൂസിൻെറ ഉപദേശം ആസ്പദമാക്കി സഭ രണ്ടായി ഭിന്നിക്കുന്ന ലക്ഷണം കണ്ടു്, റോമാചക്രവത്തിയായിരുന്ന കുസ്തന്തീനോസ് എല്ലാ ബിഷപ്പന്മാരെയും ഒരു സുന്നഹദോസിൽ വിളിച്ചു കൂട്ടി. ഇതാണു് ക്രിസ്തുസഭയുടെ ഒന്നാമത്തെ സാവ്വത്രിക സുന്നഹ

ദോസ്. അതു് ക്രി. വ. 325-ൽ നിഖ്യായിൽ വച്ചാണു് നടന്നതു്. ഈ സുന്നഹദോസിൽ വച്ച്, അത്താനാസ്യോസ് അറിയൂസിൻെറ ഉപദേശത്തിലെ തെററു് ശക്തിയുക്തം ചൂണ്ടിക്കാണിച്ചു. ദൈവം മനുഷ്യനായി തീൎന്നതു് മനുഷ്യൻ ദൈവികനായി തീരുന്നതിനാണെന്നു് അദ്ദേഹം വാദിച്ചു.

ഒടുവിൽ അത്താനാസ്യോസിൻെറ ഉപദേശത്തിനു് പൊതുവേ സ്വീകരണം ലഭിച്ചു. അറിയൂസിനെയും, അവൻെറ ഭാഗത്തു് നിന്നു മൂന്നു ബിഷപ്പന്മാരെയും ചക്രവൎത്തി നാടുകടത്തി. നിഖ്യാസുന്നഹദോസ് അംഗീകരിച്ച വിശ്വാസമാണു് നിഖ്യാവിശ്വാസപ്രമാണത്തിൽ ഉള്ളതു്. അതിൽ യേശുക്രിസ്തുവിൻെറ പൂൎണ്ണ ദൈവത്വവും പൂൎണ്ണ മനുഷ്യത്വവും ക്ലിപ്തമായി സ്ഥിരപ്പെടുത്തി പ്രഖ്യാപിക്കുന്നു. "ജനിച്ചവൻ, സൃഷ്ടിയല്ലാത്തവൻ," "ത്രിത്വത്തിൽ പിതാവിനോടു് ഏകത്വമുള്ളവൻ," ഈ പദങ്ങളാണു് അത്താനാസ്യോസിൻെറ നിർബന്ധത്താൽ ശീശ്മോപദേശത്തിന്നു് എതിരായി അംഗീകരിക്കപ്പെട്ടതു്.

ഇങ്ങനെ അത്താനാസ്യോസിൻെറ ഉപദേശം സഭ പൊതുവായി സ്വീകരിച്ചുവെങ്കിലും, ക്രമേണ അറിയൂസിൻെറ ഉപദേശം വീണ്ടും പ്രബലപ്പെട്ടുവന്നു. അത്താനാസ്യോസ് തൻെറ വിശ്വാസത്തിന്നു് വേണ്ടി നാലു പ്രാവശ്യം നാടുകടത്തപ്പെടുകയുണ്ടായി. സഭയിലെ വിശ്വാസം വീണ്ടും ഒരു അനിശ്ചിതാവസ്ഥയിലേക്കു നീങ്ങി. ഈ കാലഘട്ടത്തിൽ വേറൊരു ദുരുപദേശം പ്രത്യക്ഷപ്പെട്ടു.

## അപ്പോളിനാരിസിൻെറ ദുരുപദേശം.

യേശുക്രിസ്തുവിൻെറ ജനനസമയത്തു ദൈവിക ആലോചനാശക്തിയും, ദൈവിക മനസ്സും ക്രിസ്തുവിൽ ഉളവായെ

ന്നും, അങ്ങനെ മനുഷ്യനട്ടത്ത ബുദ്ധിയും മനസ്സും ക്രിസ്തുവി ന്നില്ലായിരുന്നു എന്നുമാണു് അപ്പോളിനാരിസിൻെറ ഉപദേശം. ഇതു് ക്രിസ്തുവിൻെറ പൂണ്ണ മനുഷ്യത്വത്തെ ഹനിക്കുന്നതായിരുന്നു.

ഈ വാദപ്രതിവാദങ്ങൾ മൂലം വീണ്ടും ഒരു സുന്നഹദോസിൻെറ ആവശ്യം നേരിട്ടു. അങ്ങനെ ക്രിസ്താബ്ദം 351-ൽ കുസ്തന്തീനോസു് പൊലിസിൽ ഒരു സുന്നഹദോസു് കൂടി. ഇവിടെ അപ്പോളിനാരിസിൻെറ ഉപദേശം സുന്നഹദോസു് വിശദമായി ചച്ചചെയ്തു; അതു തള്ളപ്പെട്ടു. നിഖ്യയിലെ പിതാക്കന്മാരുടെ വിശ്വാസം സഭ വീണ്ടും സ്വീകരിക്കയും, നിഖ്യാവിശ്വാസപ്രമാണം ആവത്തിച്ചു് പ്രഖ്യാപിക്കുകയും ചെയ്തു.

**നെസ്തോറിയ ഉപദേശം.**

നിഖ്യാ, കുസ്തന്തീനോസു്പൊലിസു്, ഈ സുന്നഹദോസുകളിൽ യേശുക്രിസ്തുവിൻെറ പൂണ്ണ ദൈവത്വവും മനുഷ്യത്വവും, അനിഷേധ്യമായ രൂപത്തിൽ സഭയുടെ ഉപദേശമായി സ്വീകരിക്കപ്പെട്ടു. ഒരാളിൽ ദൈവത്വവും മനുഷ്യത്വവും ഒന്നായി സ്ഥിതിചെയ്യുന്നതു് എങ്ങനെയെന്നുള്ളതു് വീണ്ടും മനുഷ്യമനസ്സിന്നു ദുർഗ്രഹമായ ഒരു പ്രശ്നമായി അവശേഷിച്ചു. വിശ്വാസപ്രമാണവും, പിതാക്കന്മാരും ഒരു വസ്തുത പ്രഖ്യാപിക്കുകയല്ലാതെ എങ്ങനെയെന്നു വിവരിക്കാൻ ശ്രമിച്ചിട്ടില്ല. അക്കാലത്തു ദേവിമാരിൽ വിശ്വസിക്കുന്ന അനേകം പുറജാതി മാഗ്ഗക്കാർ ക്രിസ്തുസഭയിൽ പ്രവേശിച്ചിരുന്നു. അങ്ങനെയുള്ളവക്കു യേശുക്രിസ്തുവിൻെറ മാതാവു് എന്ന നിലക്കു കന്യകമറിയാം ക്രമേണ ഒരു ആരാധനാപാത്രമായി വളൻവന്നു. "ദൈവമാതാവു്" എന്ന പദപ്രയോഗം വളരെ വ്യാപ്തിയിൽ ആയി. ക്രിസ്തു അർഹി

ക്കുന്ന ആരാധന ക്രമേണ "ദൈവമാതാവി"ലേക്കു തിരിയുന്ന ഒരു ലക്ഷണം ചില ചിന്തകന്മാർ കണ്ടു. അന്ത്യോഖ്യയിലെ ബിഷപ്പായ നെസ്തോറിയസ് കന്യകമറിയാമിനെ "ദൈവമാതാവ്" എന്നു് സംബോധന ചെയ്യുന്ന രീതിയെ എതിർത്തു പ്രസംഗിക്കുകയും എഴുതുകയും ചെയ്തു. കന്യകമറിയം പ്രസവിച്ചതു ദൈവത്തെയല്ല, യേശുവിനെയാണെന്നും, കുറേ ദിവസങ്ങളോ വർഷങ്ങളോ മാത്രം പ്രായമുള്ള യേശുക്കുഞ്ഞിനെ ദൈവം എന്നു വിളിച്ചുകൂടാ എന്നും മററും നെസ്തോറിയസ് പഠിപ്പിച്ചു. യേശുക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവും തൊട്ടുതൊട്ടു സ്ഥിതിചെയ്തു എന്നു വ്യാഖ്യാനിക്കത്തക്ക രീതിയിലായിരുന്നു നെസ്തോറിയസിൻെറ വിശദീകരണങ്ങൾ വളർന്നതു്. ലാസറസിൻെറ കല്ലറയ്ക്കൽ കരഞ്ഞപ്പോൾ യേശുക്രിസ്തു മനുഷ്യനായിരുന്നു; ലാസറസിനെ കല്ലറയിൽനിന്നു വിളിച്ചു ഉയിർപ്പിച്ചപ്പോൾ യേശുക്രിസ്തു ദൈവമായിരുന്നു; കപ്പലിൽ ഉറങ്ങിയപ്പോൾ മനുഷ്യൻ; കാററിനെയും കോളിനെയും ശാസിച്ചപ്പോൾ ദൈവം;— എന്നിങ്ങനെ, ഒരു ശരീരത്തിൽ രണ്ടാളത്വങ്ങൾ സ്ഥിതിചെയ്തു എന്നു് നെസ്തോറിയസിൻെറ വിശ്വാസം വ്യാഖ്യാനിക്കപ്പെട്ടു. ഈ ഉപദേശം ദുരുപദേശം ആകുന്നു എന്നു ക്രിസ്ത്വാബ്ദം 431-ൽ കൂടിയ എഫേസൂസിലെ സുന്നഹദോസ് പ്രഖ്യാപിച്ചു. യേശുക്രിസ്തുവിൽ പൂർണ്ണ ദൈവത്വവും പൂർണ്ണ മനുഷ്യത്വവും ഉണ്ടെന്നുള്ള കാതോലിക വിശ്വാസത്തിനു എതിരാണു് തൻെറ ഉപദേശമെന്നു നെസ്തോറിയസിന്നു ബോദ്ധ്യമില്ലായിരുന്നു. എങ്കിലും നെസ്തോറിയസും അനുയായികളും പാഷണ്ഡോപദേശക്കാർ എന്ന നിലയിൽ പുറം തള്ളപ്പെട്ടുകയും റോമാ ചക്രവർത്തിമാർ അവരെ ഉപദ്രവിക്കയും ചെയ്തതിനാൽ നെസ്തോറിയസും അനുയായികളും റോമാസാമ്രാജ്യത്തിന്നു പുറത്തു്, പാർസിയരാജ്യത്തു അഭയം

പ്രാപിക്കയും അങ്ങനെ പാർസ്യയിൽ നെസ്തോറിയൻ സഭ സ്ഥാപിതമാകയും ചെയ്തു. ആറാം നൂററാണ്ടിലുംമററും വലിയ സുവിശേഷയത്നം നടത്തി ദൈവരാജ്യം പ്രചരിപ്പിച്ച ഒരു സഭയായിരുന്നു അതു്. ജപ്പാൻ, സിലോൺ, ഇന്ത്യ ഈ ഭൂവിഭാഗങ്ങളിൽ എല്ലാം നെസ്തോറിയൻ സഭാവിഭാഗങ്ങൾ സ്ഥാപിതമായി. ക്രിസ്താബ്ദം ആറാം നൂററാണ്ടുമുതൽ പതിനാറാം നൂററാണ്ടുവരെയും മലങ്കരസഭ പാർസിയയിലെ സഭയുമായി പൌരോഹിത്യ ബന്ധത്തിൽ ഇരുന്നു എന്നാണു് വിശ്വസിക്കപ്പെടുന്നതു്. ഇപ്പോഴും തൃശ്ശൂരിലും ചുററുപാടിലും സ്ഥിതിചെയ്യുന്ന കൽദായസഭ പാർസിയ സഭയുടെ ഭാഗമാണു്. ഇതു നെസ്തോറിയൻ സഭ എന്നും അറിയപ്പെടുന്നു.

**യൂത്തിക്കസിൻെറ**
**ഏക സ്വഭാവ വാദം.**

നെസ്തോറിയ ഉപദേശത്തിൽ അപകടകരമായി പിതാക്കന്മാർ കണ്ടതു്, ക്രിസ്തുവിൽ രണ്ടാളത്വങ്ങൾ ഒന്നിച്ചു് സ്ഥിതിചെയ്തു എന്നുള്ള സിദ്ധാന്തമായിരുന്നു. ഈ ഉപദേശത്തിൻെറ, അപകടത്തിൽനിന്നു് രക്ഷപ്പെടുന്നതിന്നായി ആവിഷ്കരിക്കപ്പെട്ട ഒരു ഉപദേശം വേറൊരു ദുരുപദേശത്തിലേക്കു നയിച്ചു. കുസ്തന്തീനോസ്പോലീസിലെ ഒരു സന്യാസിപ്പട്ടക്കാരനായ യൂത്തിക്കസ്, നെസ്തോറിയസിന്നു എതിരായി പഠിപ്പിച്ചതു്, യേശുക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവും കൂടി കലന്നു് ഏക സ്വഭാവം ഉണ്ടായി എന്നായിരുന്നു. നിഖ്യായിൽ സ്വീകരിക്കപ്പെട്ട കാതോലിക വിശ്വാസം യേശുക്രിസ്തുവിൽ, ഒരാളിൽ രണ്ടു സ്വഭാവങ്ങൾ സ്ഥിതിചെയ്തു എന്നാണു് (two natures in one person). ദൈവത്വവും മനുഷ്യത്വവും കൂടി കലന്നു ഒരു പു

തിയ സ്വഭാവം സൃഷ്ടിക്കപ്പെട്ട എന്നു പഠിപ്പിച്ചാൽ, അതു ദൈവത്തോടോ മനുഷ്യനോടോ പൂൎണ്ണ ഐക്യമുള്ള സ്വഭാവമായിരിക്കയില്ലല്ലൊ. അങ്ങനെ ഒരു പിശകാണു് ഈ പുതിയ ഉപദേശത്തിൽ പൂൎവ്വിക പിതാക്കന്മാർ കണ്ടതു്. ഈ ഉപദേശത്തെപ്പററി പഠിക്കുവാനും ആലോചിക്കുവാനുമായി കല്ക്കദോന്യ സുന്നഹദോസ് 451—ൽ കൂടി. അവിടെ വലിയ വാശിയേറിയ വാദപ്രതിവാദങ്ങൾ ഉണ്ടായി. കുസ്തന്തീനോസ്പോലീസിലെയും, അലക്സന്ത്രിയയിലെയും പാത്രിയക്കീസന്മാർ തമ്മിലുള്ള വലിയ മത്സരം സുന്നഹദോസ് ചൎച്ചകളിലും പ്രത്യക്ഷപ്പെട്ടു. യൂത്തിക്കസിൻെറ ഉപദേശം ദുരുപദേശമാണെന്നു് കല്ക്കദോന്യ സുന്നഹദോസ് പ്രഖ്യാപിച്ചു. യൂത്തിക്കസിൻെറ ഉപദേശം അന്ത്യോഖ്യയിലെ യാക്കോബ്ബൂർദ്ദാനാ എന്ന സഭാപിതാവ് സ്വീകരിക്കുകയും അങ്ങനെ ഈ ഉപദേശം യാക്കോബായ വിശ്വാസമെന്നും, ഏകസ്വഭാവ വാദം എന്നും (Monophysite faith) പറയപ്പെട്ടുവരുന്നു. സുറിയാനിസഭ, ഈജിപ്റ്റായ സഭ, അൎമ്മേനിയൻ സഭ, അബിസീനിയൻ സഭ എന്നീ സഭകൾ ഏകസ്വഭാവവാദ വിശ്വാസത്തിൽ പെട്ടവയും തമ്മിൽ തമ്മിൽ കൂട്ടായ്മയിൽ ഇരിക്കുന്നവയും ആണു്.

സഭാചരിത്രം നിഷ്പക്ഷബുദ്ധ്യാ പഠിച്ചിട്ടുള്ള ചരിത്രകാരന്മാർ പറയുന്നതു്, എഫേസോസിൽവച്ചു് നെസ്തോറിയസും കല്ക്കദോന്യയിൽവച്ചു് യൂത്തിക്കസും വിധിക്കപ്പെട്ടു, ദുരുപദേശക്കാരായി പുറംതള്ളപ്പെട്ടതു്, അവരുടെ ഉപദേശങ്ങളുടെ നൈൎമ്മല്യതയെ അടിസ്ഥാനപ്പെട്ടുത്തിയല്ലെന്നാണു്. സഭാപരമായ മാത്സൎയ്യവും (ecclesiastical rivalry) വൈരാഗ്യവും പ്രാദേശിക ചിന്തയും അടിസ്ഥാനപ്പെട്ടുത്തിയാണത്രെ അങ്ങനെ ചെയ്തതു്. അടുത്ത കാലത്തു അമേരിക്ക

യിലെ യേൽ സർവ്വകലാശാലയിൽ പഠിച്ച് പ്രശസ്തമാംവണ്ണം ഡാക്ടർബിരുദം സമ്പാദിച്ച ഫാദർ വി. സി. ശാമുവൽ തൻെറ പ്രബന്ധത്തിൽ കല്ക്കദോന്യ സുന്നഹദോസിനെപ്പറ്റിയും യൂത്തിക്കസിൻെറ വിശ്വാസത്തെപ്പററിയും പ്രതിപാദിച്ച്, ഉപദേശ പിശകുകളെ അടിസ്ഥാനപ്പെടുത്തിയ ഒരു വിധിയല്ലായിരുന്നു ആ സുന്നഹദോസിൽ നടന്നതു് എന്നു വ്യക്തമായി തെളിയിച്ചിട്ടുണ്ട്. യൂത്തിക്കസിൻെറ വിശ്വാസം കർത്താവായ യേശുക്രിസ്തുവിൻെറ പൂർണ്ണ ദൈവത്വത്തെയും പൂർണ്ണ മനുഷ്യത്വത്തെയും നിഷേധിക്കുന്നതല്ലായിരുന്നു എന്നാണ് ഇപ്പോൾ പൊതുവെ സ്വീകരിക്കപ്പെട്ടിരിക്കുന്നതു്.

യേശുക്രിസ്തുവിൻെറ ആളത്വത്തെപ്പററി നാലാം നൂററാണ്ടിൽ ഉണ്ടായ വാദപ്രതിവാദങ്ങൾ ചില കാര്യങ്ങൾ പഠിപ്പിക്കുന്നുണ്ട്.

1. യേശുക്രിസ്തുവിൽ പൂർണ്ണദൈവത്വവും, പൂർണ്ണ മനുഷ്യത്വവും സമ്മിളിതമായിരുന്നുവെന്ന കാതോലികസഭയുടെ വിശ്വാസം മനുഷ്യമനസ്സിനു് സുഗ്രാഹ്യമാകുംവിധം വിശദീകരിക്കുക വിഷമമാണ്. അപ്പൊസ്തലന്മാരുടെ അനുഭവത്തിൽ വളൎന്നുവന്നു രൂപം പ്രാപിച്ചതും, ഇന്നും അനുഭവത്തിൽ യഥാൎത്ഥമാക്കിത്തീൎക്കാവുന്നതുമായ ഈ വിശ്വാസം, വാക്കുകൾക്കും വാചകങ്ങൾക്കും അതീതമായതാണ്.

2. ഉപദേശപരമായ വാദപ്രതിവാദങ്ങളുടെ ഗതിയിൽ വ്യക്തിവിദ്വേഷങ്ങൾ വളൎന്നുവരും. അതുപോലെ തന്നെ വ്യക്തിവിദ്വേഷങ്ങളും മത്സരങ്ങളും ഉപദേശങ്ങളുടെ മറവിൽ ഒളിച്ചുകളിക്കുന്നുണ്ടാവും.

3. ഉപദേശങ്ങളുടെ അടിസ്ഥാനത്തിൽ സഭയിലുണ്ടായിട്ടുള്ള ഭിന്നതകളിലും വിഭജനങ്ങളിലും, വേദശാസ്ത്രേതര

മായ ഘടകങ്ങൾ വളരെയധികം സ്വാധീനം ചെലുത്തിയി ട്ടുണ്ട്. ഭിന്നതളെ നിലനിറുത്തി വളത്തിക്കൊണ്ടുപോകു ന്നതു്, അധികവും വേദശാസ്ത്രേതരകാരണങ്ങളാണ. വ്യക്തി പരവും ജാതീയവുമായ അഭിരുചികൾ, സാംസ്കാരികവള ച്ചയും പാരമ്പയ്യങ്ങളും, നേതൃത്വകാംക്ഷ, വാദവിഷയങ്ങളെ അഭിമുഖീകരിച്ചതിൽനിന്നു് ഉളവായ വാശിവൈരാഗ്യങ്ങൾ ഇവയെല്ലാം സഭാഭിന്നതകൾക്കു കാരണമായിട്ടുണ്ടു്.

**മനുഷ്യനായിത്തീന്ന ദൈവം.**

ദൈവത്തിനു മനുഷ്യനായിത്തീരാമോ? ദൈവത്വം അതിൻെറ പൂണ്ണതയിൽ മനുഷ്യത്വത്തിൽ വെളിപ്പെട്ടുമോ?

അതു സാദ്ധ്യമാണെന്നാണു് തിരുവചനത്തിൽനിന്നു നാം മനസ്സിലാക്കേണ്ടതു്. മനുഷ്യനെ ദൈവത്തിൻെറ രൂപ ത്തിൽ സൃഷ്ടിച്ചു. ദൈവം മനുഷ്യനിൽ ഊതി. അവൻ ഒരു ജീവാത്മാവായിത്തീന്നു. മനുഷ്യനിൽ ദൈവസ്വഭാ വവും ഗുണങ്ങളും ഉണ്ടു്. പാപം മൂലം അതു മലിനപ്പെട്ടു ന്നു എന്നേയുള്ളു. മനുഷ്യത്വവും, ദൈവത്വവും വ്യത്യസ്ത ങ്ങളായ രണ്ടു സമാന്തരവഴികളിൽക്കൂടെ ഓടുന്നതല്ല. മനുഷ്യനിൽ ദൈവത്വം ഉള്ളതിനാൽ, മനുഷ്യത്വം സ്വീക രിച്ചു പരിപൂണ്ണ ദൈവസ്വഭാവം വെളിപ്പെടുത്തുക സാദ്ധ്യ മാണു്. കല്ലു് സ്വണ്ണമായിത്തീരുന്നതുപോലെയോ, മൃഗം മനുഷ്യനായിത്തീരുന്നതുപോലെയോ ഉള്ള ഒരു സംഭവമല്ല, ദൈവത്വം മനുഷ്യത്വം എടുക്കുക എന്നതു്. ദൈവത്വ ത്തിൻെറ പല ഗുണങ്ങൾ നാം വിശുദ്ധന്മാരിൽ കാണുന്നി ല്ലയോ? പരിശുദ്ധാത്മാവിൻെറ പ്രത്യേകമായ ആവാസ ത്താലും വികസനത്താലും പാപവശങ്ങളെ നിശ്ശേഷം ഹനി ച്ചു്, ദൈവത്വം വെളിപ്പെട്ടുകൂടയോ? പാപം ഒഴികെ സ കലത്തിലും നമ്മുടെ അനുഭവങ്ങളിൽക്കൂടെ കടന്നുപോയ രക്ഷിതാവത്രെ നമുക്കുള്ളതു്.

**പൂർണ്ണ മനുഷ്യനും പൂർണ്ണ ദൈവവും.**

ക്രിസ്തുവിനെ പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമായി നമുക്കു മനസ്സിലാക്കുവാനും സ്വീകരിക്കുവാനും എങ്ങനെ കഴിയും ?

അതു താത്വികമായ ഒരു പ്രസ്താവനയുടെ അംഗീകാരമല്ല; നമ്മിൽ വളൎന്നുവരുന്ന അനുഭവം ആണ്. അപ്പൊസ്തലന്മാരുടെ അനുഭവമാണു നിഖ്യാസുന്നഹദോസിൽവച്ചു രൂപവല്ക്കരിക്കപ്പെട്ട ഉപദേശം. പഴയനിയമഗ്രന്ഥം വായിച്ചാൽ "ദൈവം ഭാഗം ഭാഗമായി" തന്നെത്തന്നെ യഹൂദന്മാൎക്കു വെളിപ്പെടുത്തിയതു" എങ്ങനെയെന്നു ന്യായപ്രമാണത്തിലും പ്രവാചകന്മാരിലും നമുക്കു കാണുവാൻ കഴിയും. മത്തായി, മൎക്കോസ്, ലൂക്കോസ് എന്നീ മൂന്നു സുവിശേഷങ്ങൾ നോക്കുക. അധികാരത്തോടെ പഠിപ്പിക്കുന്ന ഒരു ഗുരുവായി ക്രിസ്തുവിനെ ചിത്രീകരിച്ചിരിക്കുന്നതു കാണാം. എത്ര അധികാരത്തോടെ അവൻ പഠിപ്പിക്കുന്നു! രോഗികളെ സൌഖ്യമാക്കിയതിൽ ദൈവികശക്തി അവൻ വെളിപ്പെടുത്തുന്നു.[1] യോഹന്നാൻെറ സുവിശേഷത്തിൽ, യേശുവിനോടു വളരെ അടുത്തു പെരുമാറിയ യോഹന്നാൻ യേശുവിനെ എങ്ങനെ മനസ്സിലാക്കി എന്നു വൎണ്ണിച്ചിട്ടുണ്ട്.[2] സുവിശേഷങ്ങളിൽനിന്നു, യേശുവിൻെറ ചരിത്രം വായിക്കുമ്പോൾ നമുക്കു കിട്ടുന്ന ധാരണ പ്രധാനമായി രണ്ടത്രേ.

1. വളരെ വിശുദ്ധിയുള്ളവനും മനോഹരനുമായ ഒരു അത്ഭുതപുരുഷൻ.

2. പിതാവായ ദൈവത്തോടു് ഒരു പ്രത്യേകബന്ധത്തിൽ ജീവിച്ച ഒരു ദിവ്യപുരുഷൻ.

---

1. ലൂക്കോസ് 11; മത്തായി 16 17.
2. യോഹന്നാൻ 6. 17.

യേശുക്രിസ്തു അപ്പൊസ്തലന്മാരിലും, അപ്പൊസ്തലന്മാർ വഴി ക്രിസ്തുവിൽ വിശ്വസിച്ച സമൂഹത്തിലും എന്തു പ്രവൃത്തി നിവർത്തിച്ചുവെന്നും, ക്രിസ്തു അവർക്കു ആരായിരുന്നു എന്നും അപ്പൊസ്തലപ്രവർത്തികളിലും ലേഖനങ്ങളിലും വിശദമായി ചിത്രീകരിച്ചിട്ടുണ്ടു്. കർത്താവായ യേശുക്രിസ്തു, കുരിശിൽ ദൈവത്തിൻെറ അനന്തമായ സ്നേഹത്തെയും, പാപത്തിൻെറ ഭയങ്കര ഫലങ്ങളെയും വെളിപ്പെടുത്തി. ഉയിർത്തെഴുന്നേററ ക്രിസ്തു ചിതറിപ്പോയ ശിഷ്യന്മാരെ കൂട്ടിച്ചേർത്തു, പരിശുദ്ധാത്മാവിൻെറ ആവാസംവഴി ശിഷ്യന്മാരിൽകൂടെ ഒരു സഭയെ രൂപവല്കരിച്ചു. ഈ ക്രിസ്തുവിനെയാണു തോമ്മാശ്ലീഹാ ഏററുപറഞ്ഞതു്: "എൻെറ കർത്താവും ദൈവവുമേ." ക്രിസ്തു ഇന്നും വിശ്വാസികൾ വഴി ദൈവത്തിൻെറ വേല നിവർത്തിച്ചുകൊണ്ടിരിക്കുന്നു (He works in us and for us the work of God). ക്രിസ്തുവിൻെറ ദൈവത്വത്തിൻെറ പരമപ്രധാനമായ തെളിവ്, യോഹന്നാൻെറ സുവിശേഷത്തിൽ ഫിലിപ്പോസ്, നഥാനിയേലിനു കൊടുക്കുന്നതു തന്നെയാകുന്നു. [1] ഫിലിപ്പോസ് പറയുന്നു: "വന്നുകാൺക."

അനുഭവങ്ങൾ മററുള്ളവരുമായി പങ്കുചേരുന്നതിലൂടെ, അതിൻെറ ഫലമായി, ക്രിസ്തീയമായമനോബോദ്ധ്യം ഉയിരെടുക്കുന്നു. (Christian convictions come as the result of a sharing of experience)

---

1, യോഹന്നാൻ 1. 35—51.

IV

# സഭ

പാപം സാൎവ്വത്രികമായ ഒരു സജീവ പ്രശ്നമാണെന്നും അതിന്മേൽ ജയവും അതിൽനിന്നു രക്ഷയും തരുന്നതു ക്രിസ്തുവാണെന്നും നാം കണ്ടു. പൂൎണ്ണ ദൈവവും, പൂൎണ്ണ മനുഷ്യനുമായ ക്രിസ്തു, തന്നിൽ കൂടെ ദൈവ സംസൎഗ്ഗം അനുഭവിക്കുന്ന ഒരു ജീവിതം നമുക്കു പ്രദാനം ചെയ്യുന്നു. ക്രിസ്തുവിനെപ്പറ്റിയുള്ള അറിവും, ക്രിസ്തുവിൽകൂടെയുള്ള ദൈവ സംസൎഗ്ഗവും നമുക്കു അനുഭവമാക്കിത്തരുന്നതു സഭയാകുന്ന ദൈവ സമൂഹമാണു്.

സഭ എന്നാൽ എന്തു്? ദൈവത്തിൻെറ ദിവ്യമായ ഉദ്ദേശത്തിലും, ഇച്ഛാശക്തിയിലും സഭയ്ക്കുള്ള സ്ഥാനം എന്തു്? ഈ ചോദ്യങ്ങൾക്കു് നാം ശരിയായ മറുപടി നൽകേണ്ടതു് ക്രിസ്തീയ രക്ഷയുടെ അനുഭവത്തിനു് ആവശ്യം തന്നെ.

ഗ്രേക്കുഭാഷയിലെ "എക്ലീസ്യാ" എന്ന പദത്തിൻെറ പരിഭാഷയാണു് സഭ (ചർച്ച്). എബ്രായ ഭാഷയിലെ "ഖഹാൽ" (QAHAL) എന്ന പദമാണു് ഗ്രേക്കുഭാഷയിൽ "എക്ലീസ്യാ" എന്നു് തർജ്ജിമചെയ്തിട്ടുള്ളതു്. "ഖഹാൽ" എന്ന പദത്തിൻെറ അത്ഥം വിശുദ്ധസമൂഹമായി വിളിച്ചു കൂട്ടപ്പെട്ട ദൈവജനം എന്നാണു്.

പുതിയ നിയമത്തിൽ "സഭ" എന്ന പദത്തിൻെറ പ്രയോഗത്തിൽ നിഷ്കൃഷ്ടമായ ക്ലിപ്തതയൊന്നും കാണുന്നില്ല. വിവിധ അത്ഥങ്ങളിൽ ആ വാക്കു് ഉപയോഗിക്കപ്പെട്ടുന്നുണ്ടു്.

"അപ്പോസ്തലപ്രവൃത്തി അഞ്ചാം അദ്ധ്യായത്തിൽ, യറുശലേമിൽ ഉണ്ടായിരുന്ന വിശ്വാസികളുടെ സമൂഹത്തെ സഭ എന്നു് വിളിച്ചിരിക്കുന്നു."[1]

സ്തേഫാനോസ് തൻെറ പ്രസംഗത്തിൽ, മരുഭൂമിയിലുണ്ടായിരുന്ന യഹൂദസമൂഹത്തെ "സഭ" എന്നു് വിളിച്ചു. [2]

ആരാധനയ്ക്കായി ഒരുമിച്ചുകൂടുന്ന ക്രിസ്തീയ സമൂഹം സഭയായി സംബോധന ചെയ്യപ്പെട്ടുന്നുണ്ടു്. [3]

ഒരു വീട്ടിൽകൂടുന്ന വിശ്വാസികളുടെ സംഘം സഭയായി നാമകരണം ചെയ്യപ്പെട്ടിരിക്കുന്നു. [4]

ക്രിസ്തുവിൽ വിശ്വസിച്ചു്, അപ്പോസ്തലന്മാരുടെ ഉപദേശം സ്വീകരിച്ചു്, പലസ്ഥലങ്ങളിലായി താമസിക്കുന്നവരെപ്പററി "സഭ" എന്നു പറഞ്ഞിട്ടുണ്ടു്. "നിങ്ങളെ തന്നെ

1 അപ്പോസ്തലപ്രവൃത്തി 5. 11
2 അപ്പോസ്തലപ്രവൃത്തി 7. 38
3 1കൊരിന്ത്യർ 11. 8.
4 റോമർ 16. 5

യും, അവൻ സ്വന്ത രക്തത്താൽ സമ്പാദിച്ചിരിക്കുന്ന വിശുദ്ധസഭയെ മേയ്പാൻ പരിശുദ്ധാത്മാവു നിങ്ങളെ അദ്ധ്യക്ഷരാക്കിവെച്ച ആട്ടിൻകൂട്ടം മുഴവനെയും സൂക്ഷിച്ചുകൊൾവിൻ". [1]

ലോകമെങ്ങുമുള്ള വിശ്വാസികളുടെ കൂട്ടത്തെയും, ഭിന്നിച്ചിരിക്കുന്ന സഭാവിഭാഗങ്ങളെയും, നാം "സഭ" എന്നു വിളിക്കുന്നുണ്ട്. കർത്താവായ യേശുക്രിസ്തുവിനെ ദൈവവും രക്ഷിതാവുമായി സ്വീകരിക്കുകയും, യേശുക്രിസ്തുവിൽ കൂടെ ദൈവത്തെ പിതാവായി ആരാധിക്കുകയും ചെയ്യുന്ന സംഘമാണ് പുതിയനിയമത്തിലെ സഭ. ലോകമെങ്ങുമുള്ള വിശ്വാസികളുടെ സംഘവും, ഒരു പ്രത്യേക സ്ഥലത്തുള്ള വിശ്വാസികളുടെ ചെറിയ കൂട്ടവും സഭ തന്നെ.

പൌലോസ് അപ്പോസ്തലൻെറ ഭാഷയിൽ സഭ "ക്രിസ്തുവിൻെറ ശരീരം" ആകുന്നു. ഇതു് ആലങ്കാരികമായ, ഒരു വർണ്ണനയല്ല; അക്ഷരപ്രകാരം തന്നെ ഗ്രഹിക്കേണ്ട ഒന്നാണതു്. ക്രിസ്തു ശരീരത്തിൽ ഇരുന്ന സമയം, ചെയ്ത ശുശ്രൂഷയാണ് സഭയുടെ അന്തം; രാജ്യത്തിൻെറ സുവിശേഷം പ്രസംഗിക്കുക, രോഗികളെ സൌഖ്യമാക്കുക, അന്ധകാരത്തിലിരിക്കുന്നവക്കു പ്രകാശം കൊടുക്കുക, ദുഃഖിതരെ ആശ്വസിപ്പിക്കുക, നിരന്തരമായ ദൈവസംസർഗ്ഗം അനുഭവമാക്കുക—എന്നിവയാണ് സഭയെക്കൊണ്ടു് സാധിക്കേണ്ടതു്. മനുഷ്യാവതാരത്തിൻെറ പിന്തുടർച്ചയാണ് സഭയെന്നു പറയുന്നതിൻെറ അർത്ഥവും ഇതു തന്നെ. (The Church is an extension of the incarnation).

**സഭ, കാലങ്ങളിൽക്കൂടെ.**

സഭയുടെ ആരംഭം ഒരു ചിന്തയായി, ദൈവം സൃഷ്ടികർമ്മത്തിലേക്കു പ്രവേശിക്കുന്നതിനു മുമ്പുതന്നെ ദൈവമനസ്സി

1 അപ്പോസ്തലപ്രവൃത്തി 20. 28.

ല്ലുണ്ടായിരുന്നുവെന്നു നാം ചിന്തിക്കുന്നു. ദൈവവുമായി സംസൎഗ്ഗത്തിലിരിക്കുന്ന ജനം എന്ന ആശയാണ് ആദാമിനെയും ഹവ്വായെയും സൃഷ്ടിച്ച് ഏദനിൽ പാൎപ്പിച്ചപ്പോൾ യഥാൎത്ഥമായിത്തീൎന്നതു്. തെരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയായിരിപ്പാൻ ദൈവം അബ്രഹാമിനെ വിളിച്ചു വേർതിരിച്ചതും, ആരാധിക്കുന്ന ഒരു സമൂഹമായി മോശ യിസ്രായേലിനെ ക്രമീകരിച്ചതും, സഭയുടെ വളൎച്ചയുടെ ഘട്ടങ്ങളാണ്. ഈ സമൂഹത്തെ വിശുദ്ധ സ്തേഫാനോസ് "മരുഭൂമിയിലെ സഭ" എന്നു വിളിച്ചു.

ലോകത്തിനു ഒരു അനുഗ്രഹമായിരിപ്പാൻവേണ്ടി ദൈവം തെരഞ്ഞെടുത്ത പഴയനിയമസഭ പദവികൾ അനുഭവിക്കുന്നതായും എന്നാൽ അതേസമയം, ചുമതല നിറവേററുവാൻ പ്രാപ്തമാകാതെയും കാണപ്പെട്ടുന്നതിനാൽ ദൈവവിളിയിൽനിന്നു വീണുപോയി. പ്രവാചകന്മാരുടെ വിളി അവരെ സംബന്ധിച്ചിടത്തോളം നിഷ്പ്രയോജനമായിത്തീൎന്നു. ദൈവത്തിൻെറ പുത്രനെ—ലോകത്തിൻെറ മശിഹായെ—അവർ തള്ളിക്കളഞ്ഞു. അങ്ങനെ പഴയനിയമത്തിലെ സഭ പരിത്യക്തയായി; പുതിയനിയമത്തിലെ സഭ തൽസ്ഥാനത്തു അതിൻെറ അവകാശങ്ങളിലേക്കു പ്രവേശിക്കുകയും ചെയ്തു. കുടിയാന്മാരെ പാട്ടത്തിന് ഏല്പിച്ച മുന്തിരിത്തോട്ടത്തിൻെറ ഉപമയുടെ അവസാനത്തിൽ കൎത്താവു പറയുന്നു: "അവൻ വന്ന് ആ കുടിയാന്മാരെ നിഗ്രഹിച്ചു തോട്ടം അന്യൎക്കു ഏല്പിച്ചുകൊടുക്കും." [1] "അധൎമ്മം മോചിച്ചും, പാപം മറച്ചും കിട്ടിയവർ ഭാഗ്യവാന്മാർ. കൎത്താവു പാപം കണക്കിടാത്ത മനുഷ്യൻ ഭാഗ്യവാൻ". ഈ ഭാഗ്യം ആൎക്കു ലഭിക്കും? പൌലൊസ് അപ്പൊസ്തലൻ അതിനെ

---

1. ലൂക്കോസ് 20. 9—19.

പ്പാറി പറയുന്നതു് ഇങ്ങനെയാണു്: "അതുകൊണ്ടു കൃപാദാനം എന്നു വരേണ്ടതിനു വിശ്വാസത്താൽ അത്രെ അവകാശികൾ ആകുന്നതു്; വാഗ്ദത്തം സകല സന്തതിക്കും, ന്യായപ്രമാണമുള്ളവൎക്കു മാത്രമല്ല, അബ്രഹാമിന്റെ വിശ്വാസമുള്ളവൎക്കുംകൂടെ ഉറപ്പാകേണ്ടതിനു തന്നേ." [1]

**സഭ, പുതിയനിയമത്തിൽ.**

യേശു ഏതാനും ശിഷ്യന്മാരെ വിളിച്ചുചേൎത്തു്, സ്നേഹസംസൎഗ്ഗബന്ധത്തിൽ പ്രവൃത്തി ആരംഭിച്ചതോടുകൂടെ ക്രിസ്തുസഭ ആവിർഭവിച്ചു. താൻ ഐഹികജീവിതത്തിൽനിന്നു വേർപെടുന്ന സമയം സഭയുടെ വളൎച്ചയെ പുരസ്കരിച്ചു യേശു രണ്ടു വാഗ്ദാനങ്ങൾ കൊടുത്തു:

ഒന്നാമതു: തന്റെ നേതൃത്വവും സാന്നിദ്ധ്യവും ശാരീരികമായി അവരുടെ മദ്ധ്യേ ഇല്ലാതെ പോകുന്നുവെങ്കിലും, വിശ്വാസികളിലുള്ള തന്റെ ശാശ്വതമായ സാന്നിദ്ധ്യം യഥാൎത്ഥമാക്കുന്നതിലേക്കു ശുദ്ധീകരിക്കപ്പെട്ട അപ്പവീഞ്ഞുകൾ ഭക്ഷിക്കയും കുടിക്കയും ചെയ്യുന്ന കൂദാശയിൽ തന്റെ സാന്നിദ്ധ്യം ഉണ്ടായിരിക്കും.

രണ്ടാമതു്: വിശ്വാസികളുടെ സമൂഹത്തെ—സഭയെ—എല്ലാ സത്യത്തിലേക്കും, പ്രകാശത്തിലേക്കും വഴിനടത്തുന്ന പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യവും നേതൃത്വവും.

ഈ വാഗ്ദാനം പെന്തിക്കോസ്തുദിനത്തിൽ നിവൃത്തിക്കപ്പെട്ടു, പെന്തക്കോസ്തി, സഭയുടെ ജനനദിവസമല്ല, പിന്നെയൊ, പുതുജനനത്തിലേക്കു പ്രവേശിക്കുന്ന ജ്ഞാനസ്നാനദിവസമാണു്.

---

1. റോമർ 4. 1—16.

ക്രിസ്തു സഭയ്ക്കായി, വിശദമായ ഒരു വിശ്വാസസംഹിതയോ ആരാധനാരീതിയൊ ഭരണക്രമമോ (doctrinal formulations or form of worship or form of government) ആവിഷ്കരിച്ചുകൊടുത്തില്ല. സ്ഥലകാലങ്ങളിലെ വളർച്ചയ്ക്കനുസരിച്ച്, പരിശുദ്ധാത്മാവിന്റെ നേതൃത്വത്തിൽ അതു വളർന്നുവരുന്നതിലേക്കായി ക്രിസ്തു അതു വിടുകയായിരുന്നുവെന്നു നാം വിശ്വസിക്കുന്നു. പഴയനിയമത്തിൽ കാണുന്ന ഏകദൈവവിശ്വാസം, പ്രവാചകന്മാരുടെ ഉപദേശങ്ങൾവഴി ദൈവം വെളിപ്പെടുത്തിക്കൊടുത്ത സാന്മാർഗ്ഗികതത്വങ്ങൾ, യേശുക്രിസ്തു ദൈവവും രക്ഷിതാവുമാണെന്നുള്ള വിശ്വാസം, മരിച്ചു ഉയിർത്തെഴുന്നേററു സ്വർഗ്ഗസിംഹാസനത്തിൽ ആരൂഢനായിരിക്കുന്ന ക്രിസ്തു ഇന്നും സഭയ്ക്കു നേതൃത്വം നല്കി, പരിശുദ്ധാത്മാവുമൂലം സഭയെ നടത്തുന്നുവെന്ന വിശ്വാസം—ഇവയാണ് ആദിമസഭയിൽ സ്വീകരിക്കപ്പെട്ട വിശ്വാസങ്ങൾ. യഹൂദന്മാരുടെ സുനാഗോഗിന്റെ രീതിയിലുള്ള ആരാധനയും, അപ്പം മുറിക്കുന്ന വിശുദ്ധ സംസർഗ്ഗവും, അപ്പോസ്തലന്മാരുടെ പ്രബോധനവും നേതൃത്വവും വിശ്വാസികളെ ഒരു സഭയിൽ ഏകോപിച്ച് ഒരുമിച്ചുചേർത്തു നിറുത്തി. അപ്പോസ്തലകാലത്തുതന്നെ, പഴയനിയമത്തിനു പുറമെ സുവിശേഷങ്ങളും, ലേഖനങ്ങളും വിശുദ്ധ വേദങ്ങളുടെ കൂട്ടത്തിൽ സ്ഥാനം എടുത്തു. ആദ്യ മൂന്നു നൂററാണ്ടുകളിലെ പീഡനകാലം കഴിഞ്ഞു്, സഭ റോമാസാമ്രാജ്യത്തിലെ അംഗീകൃതമതമായി പ്രഖ്യാപിക്കപ്പെട്ട കാലത്തു്, സഭയിൽ താഴെ കുറിച്ചിരിക്കുന്ന രീതിയിലുള്ള വളർച്ചയുണ്ടായി

1. ഉപദേശങ്ങൾക്കു് അടിസ്ഥാനമായി പഴയ പുതിയ നിയമപുസ്തകങ്ങൾ അംഗീകരിക്കപ്പെട്ടു. (പുതിയനിയമ

ത്തിലെ രണ്ടോ നാലോ പുസ്തകങ്ങൾ സാൎവ്വത്രികമായി സ്വീകരിക്കപ്പെടാതെയുണ്ടായിരുന്നു എന്നു പറയപ്പെടുന്നു.)

2. ശെമ്മാശന്മാർ, മൂപ്പന്മാർ, എപ്പിസ്കോപ്പാമാർ എന്നീ ക്രമത്തിലുള്ള പട്ടത്വസ്ഥാനങ്ങൾ അംഗീകരിക്കപ്പെട്ടിരുന്നു.

3. വിശുദ്ധ മാമ്മോദീസാ, കുൎബ്ബാന എന്നീ രണ്ടു കൂദാശകൾ, സാൎവ്വത്രികമായി സമ്മതിക്കപ്പെട്ടിരുന്നു. സഭയിലെ തലവൻ, സ്നാനം കഴിഞ്ഞവരുടെ തലമേൽ കൈവെച്ചു പ്രാൎത്ഥിക്കുമായിരുന്നു. പാപം ഏററുപറച്ചിൽ, രോഗികളുടെ തൈലാഭിഷേകം, വിവാഹം, പട്ടത്വം എന്നിവയും വിശുദ്ധകൎമ്മങ്ങളായി സ്വീകരിക്കപ്പെട്ടിരുന്നു. ഇവ എത്രമാത്രം സാൎവ്വത്രികമായി അംഗീകരിക്കപ്പെട്ടിരുന്നു എന്നതിനെപ്പററി അഭിപ്രായൈക്യമില്ല.

4. പിതൃപുത്രപരിശുദ്ധാത്മാവാം ത്രീയേക ദൈവത്തിലുള്ള വിശ്വാസവും, യേശുക്രിസ്തുവിൻെറ ദൈവത്വത്തെയും വരുവാനുള്ള ലോകത്തിലെ നിത്യജീവനെയും പററിയുള്ള പ്രത്യാശയും, സമ്മതിച്ചു പ്രഖ്യാപിക്കുന്ന വിശ്വാസപ്രമാണങ്ങൾ അംഗീകരിക്കപ്പെട്ടിരുന്നു. ഓരോ സ്ഥലത്തും ഉപയോഗിച്ചിരുന്ന വാചകങ്ങൾ തമ്മിൽ വ്യത്യാസം ഉണ്ടായിരിക്കുമെന്നു മാത്രം.

5. അപ്പം മുറിക്കുന്ന ശുശ്രൂഷയും, തിരുവചനധ്യാനവും കേന്ദ്രമായുള്ള ഒരു ആരാധനാരീതി പൊതുവെ നിലവിലിരുന്നു. യൂറോപ്പിലും, ആസ്യയിലും, ആഫ്രിക്കയിലും, ആരാധനാരീതികളിൽ വ്യത്യാസം ഉണ്ടായിരുന്നു. എന്നാൽ, ആരാധനയുടെ കേന്ദ്രമായ ആശയത്തിൽ വ്യത്യാസം ഇല്ലായിരുന്നു.

സഭാചരിത്രകാലഘട്ടത്തെ താഴെ ചെയ്തിരിക്കുന്ന വിധത്തിൽ വിഭജിച്ചു പഠിക്കുന്നതു സഹായകരമായിരിക്കും. സഭാചരിത്രകാലങ്ങളെ വിഭജിക്കുന്നതിൽ ചരിത്രകാരന്മാർ ചില സ്വാതന്ത്ര്യങ്ങൾ ഉപയോഗിക്കുന്നതായി കാണാം.

1. അപ്പൊസ്തലകാലം. ക്രിസ്താബ്ദം 90 വരെ.

2. പീഡനകാലം. 1 മുതൽ 4-ാം നൂററാണ്ടുവരെ.

3. ക്രിസ്തുവിൻെറ ആളത്വത്തെപ്പററിയുള്ള വലിയ വാദപ്രതിവാദത്തിൻെറ കാലം. 4-ാം നൂററാണ്ട്.

4. സഭ ഒരു ലൌകികശക്തിയായി വളൎന്നുവന്ന ഘട്ടം. പാപ്പായും, റോമാചക്രവൎത്തിമാരും തമ്മിലുള്ള സമരത്തിൻെറയും സഹകരണത്തിൻെയും കാലം.

5. കിഴക്കൻസഭയും പടിഞ്ഞാറൻസഭയും തമ്മിലുണ്ടായ വലിയ പിളൎപ്പ്. (The great schism) ക്രിസ്താബ്ദം 1056.

പരിശുദ്ധാത്മാവിൻെറ പുറപ്പാടിനെപ്പററി പടിഞ്ഞാറൻസഭ ഒരു പദം അനധികൃതമായി കൂട്ടിച്ചേൎത്തുവെന്നതാണ് ഈ പിളൎപ്പിനു കാരണമായി ഉന്നയിക്കപ്പെട്ടതു്. "പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്നു" എന്ന ഉപദേശമടങ്ങിയ "ഫിലിയോക്ക്" (filioque) എന്ന പദം യൂറോപ്പിലെ സഭ (പടിഞ്ഞാറൻസഭ), ഏകപക്ഷീയമായി വിശ്വാസപ്രമാണത്തോടു കൂട്ടിച്ചേൎത്തു എന്ന കാരണം പറഞ്ഞു കിഴക്കൻസഭ പടിഞ്ഞാറൻസഭയിൽനിന്നു പിരിഞ്ഞു.

6. അന്ധകാരകാലം (Dark Ages)

7. നവീകരണത്തിൻെറ കാലം. 16-ാം നൂററാണ്ട്. ലൂതർ, സ്വിങ്ക്ളി, കാൽവിൻ ഇവർ നവീകരണത്തിനു നേതൃത്വം നല്കി.

8. പാശ്ചാത്യ സഭയിൽ വിഭിന്നവിഭാഗങ്ങൾ ഉണ്ടായ കാലഘട്ടം. സഭകൾ തമ്മിൽ രക്തച്ചൊരിച്ചിലിന്നു കാരണമായി. 17, 18 നൂററാണ്ടുകൾ.

9. മിഷ്യനറിപ്രസ്ഥാനത്തിൻെറ കാലം. 19–ാം നൂററാണ്ടു്.

യൂറോപ്പിലെയും അമേരിക്കയിലെയും സഭാവിഭാഗങ്ങൾ, ക്രിസ്ത്യേതരർ അധിവസിക്കുന്ന ഭൂലോക ഭാഗങ്ങളിലേക്കു് മിഷ്യനറിമാരെ അയയ്ക്കുന്നതിന്നു് , മിഷ്യനറി സംഘടനകൾ സ്ഥാപിച്ചു് മിഷ്യനറിവേല ആരംഭിച്ച കാലമാണു് പത്തൊമ്പതാം നൂററാണ്ടു്. വിദ്യാൎത്ഥി പ്രസ്ഥാനങ്ങൾ, "ഈ തലമുറയിൽത്തന്നെ ലോകത്തിൻെറ സുവിശേഷീകരണം" എന്ന ലക്ഷ്യം മുൻനിറുത്തി പ്രവൎത്തനം നടത്തിയ കാലമാണിതു്.

10. ക്രിസ്തീയ ഐക്യപ്രസ്ഥാനത്തിൻെറ കാലഘട്ടം. ഇരുപതാം നൂററാണ്ടു്. അഖിലലോക മിഷ്യനറി കൌൺസിൽ, സഭകളുടെ അഖിലലോകസഭാകൌൺസിൽ എന്നീ പ്രസ്ഥാനങ്ങളുടെ ആവിർഭാവം.

**സഭയുടെ ഉദ്ദേശവും ലക്ഷ്യവും.**

യേശുക്രിസ്തു സഭ സ്ഥാപിച്ചതു്, താൻ ആരംഭിച്ച വേല തുടരുവാനായിട്ടാണു്. "നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ" എന്നാകുന്നു ക്രിസ്തു അപ്പോസ്തലന്മാരോടു് കല്പിച്ചതു്. സഭയ്ക്കു നല്കപ്പെട്ടിരിക്കുന്ന ആജ്ഞയും അതു തന്നെ. യേശുക്രിസ്തു മൂലം മനുഷ്യജാതിക്കു് അനുഭവസിദ്ധമായിരിക്കുന്ന ജീവൻ പരിരക്ഷിക്കയും, അതിനെ പ്രചരിപ്പിക്കയും (preservation and propagation of the life which Jesus Christ

has brought) ചെയ്യുകയാണ് സഭയുടെ അന്തവും ലാക്കും. ഇതിന്നായി സഭ അനുഷ്ഠിക്കുന്ന വഴികളാണ് കൂദാശകളുടെ അനുഷ്ഠാനവും വചനത്തിൻെറ പ്രസംഗവും. ക്രിസ്തുമൂലം അനുഭവപ്പെടുന്ന ജീവൻ നിലനില്ക്കുകയും വളരുകയും ചെയ്യുന്നതു് ഒരു സമൂഹത്തിലാണ്. "കർത്താവു് രക്ഷിക്കപ്പെടുന്നവരെ സഭയോടു് ചേർത്തുകൊണ്ടിരുന്നു" എന്നാണ് പ്രവൃത്തികളുടെ പുസ്തകത്തിൽ ആദ്യ സഭയെപ്പററി വർണ്ണിക്കുന്നതു്. അതു് പരസ്പരസംസർഗ്ഗം അനുഭവിക്കുന്ന ഒരു സമൂഹമാണ്.[1] ഒരു "വ്യക്തിയായ ക്രിസ്ത്യാനി" എന്നതു് വൈരുദ്ധ്യം ഉൾക്കൊള്ളുന്ന ഒരു പദപ്രയോഗമാണെന്നു് വെതർഹെഡ് എന്ന ഗ്രന്ഥകാരൻ പറയുന്നു (An individual Christian is a contradiction in terms). "വ്യക്തിയെന്ന നിലയിൽ ഒററപ്പെട്ടുനിന്നു് ഞാൻ ദൈവസംസർഗ്ഗം അനുഭവിക്കുന്നു" എന്നു് പറഞ്ഞു, സഭയുടെ കൂട്ടായ്മ വേണ്ടെന്നു ഭാവിക്കുന്ന ചിലരെ നാം കാണാറുണ്ടു്. "നില്ക്കുന്നു എന്നു് വിചാരിക്കുന്നവൻ വീഴാതെയിരിപ്പാൻ സൂക്ഷിക്കട്ടെ" എന്നു പൌലോസപ്പോസ്തലൻ നല്കിയ പ്രബോധനം അങ്ങനെയുള്ളവരെ സംബന്ധിച്ചിടത്തോളം വളരെ അർത്ഥവത്താണ്.

**വിശേഷണങ്ങൾ.**

അടുത്തതായി, നിഖ്യാ വിശ്വാസപ്രമാണത്തിൽ സഭയെപ്പററി പരാമർശിക്കാൻ ഉപയോഗിച്ചിരിക്കുന്ന വിശേഷണപദങ്ങളെ നോക്കാം.

> **"കാതോലികവും, അപ്പോസ്തലികവുമായ ഏകവിശുദ്ധസഭയിലും ഞാൻ വിശ്വസിക്കുന്നു."**

---

1 അപ്പൊസ്തലപ്രവൃത്തി 1. 43—47.

**ഏകസഭ.**

സഭയുടെ വിശേഷതകളിൽ ഒന്നു അതിൻെറ ഏകത്വം ആയിരുന്നു. നിഖ്യാ സുന്നഹദോസിൻെറ കാലത്തു് സഭ മദ്ധ്യധരണിക്കടലിൻെറ ചുററുപാട്ടുമുള്ള സാമ്രാജ്യവിഭാഗങ്ങളിൽ എല്ലാം വ്യാപിച്ചിരുന്നു. എല്ലാവരും ഏകസഭയുടെ അംഗങ്ങൾ ആയിരുന്നു. ആസ്യാ, ആഫ്രിക്കാ, യൂറോപ്പ്, എന്നിവിടങ്ങളിലുള്ള സഭയിൽ, ആരാധനരീതിയിലും, വിശ്വാസസംബന്ധമായ ചില ശക്തീകരണങ്ങളിലും അവിടവിടെ ചില വ്യത്യാസങ്ങൾ ഉണ്ടായിരുന്നുവെങ്കിലും ഏകസഭയുടെ അംഗങ്ങളായി ഓരോരുത്തരും അംഗീകരിക്കപ്പെട്ടു പോന്നു. കേവലം ആത്മികമായ യോജിപ്പു മാത്രമല്ല, ദൃശ്യവും സംഘടനാപരവുമായ ഒരു യോജിപ്പു (not just a spiritual unity but a visible unity) സഭയിൽ പ്രത്യക്ഷപ്പെട്ടിരുന്നു. ഏതാനും പാത്രിയക്കീസന്മാരും അനേകം ബിഷപ്പന്മാരും സഭയിലുണ്ടായിരുന്നു; അവരെല്ലാവരും ഏകസഭയുടെ ബിഷപ്പന്മാരായിരുന്നു.

ഇന്നാകട്ടെ, വിഭജിച്ചിരിക്കുന്ന സഭയെയാണു് നാം കാണുന്നതു്. പതിനൊന്നാം നൂററാണ്ടിൽ പാശ്ചാത്യപൌരസ്ത്യ സഭകൾ തമ്മിൽ ഭിന്നിച്ചു പിരിഞ്ഞു. പതിനാറാം നൂററാണ്ടിലുണ്ടായ നവീകരണത്തോടുടന്നു്, ഇരുനൂറിൽ പരം വ്യത്യസ്ത സഭാഘടനകൾ ഉണ്ടായി. അവയിൽ പലതും തമ്മിൽ അന്യോന്യ സ്വീകരണമോ, സംസർഗ്ഗമോ ഇല്ല. അങ്ങനെയൊരു ദുഃസ്ഥിതിയെയാണു് നാം ഇന്നു അഭിമുഖീകരിക്കുന്നതു്. ഇതു ദൈവഹിതമോ? "ഏക വിശുദ്ധ സഭയിൽ വിശ്വസിക്കുന്നു" എന്നു് നാം പറയുമ്പോൾ, അദൃശ്യമായ ഒരു ആത്മിക ഐക്യം മാത്രമാണോ നാം ഉദ്ദേശിക്കുന്നതു് ? അങ്ങനെ ഒരു യോജിപ്പു നിലവിലുണ്ടെന്നു് ഉത്തമ

ബോധ്യത്തോടെ നമുക്കു പറയാമോ? അങ്ങനെ ഒന്നു് ഉണ്ടെന്നു വരുകിൽ തന്നെയും അതുകൊണ്ടു നമുക്കു തൃപ്തിപ്പെടാമോ? ഏക ദൈവത്തിലും ക്രിസ്തുവിലും ഉള്ള വിശ്വാസത്തിലും നമുക്കുള്ള പ്രത്യാശയിലും നാം ഒന്നുതന്നെ. എങ്കിലും, അന്യോന്യം സ്വീകരിക്കാതെ, പരസ്പരസംസർഗ്ഗം കൂടാതെ, ഭിന്നിച്ചിരിക്കുന്ന സഭയാണു നാം. വിശ്വാസപ്രമാണം ഏററുപറയുന്ന നാം ഓരോരുത്തരും, സഭകളുടെ യോജിപ്പിനായി പ്രാത്ഥിക്കേണ്ടവരും പ്രവത്തിക്കേണ്ടവരും ആണു്. വിശ്വൈകമായ സഭ ഒരൊററ ഭരണകൂടത്തിൻ കീഴിൽവരേണം എന്നില്ല, ആരാധനയിൽ ഐകരൂപ്യം വേണമെന്നുമില്ല; കാതലായ വിശ്വാസത്തിൽ യോജിപ്പു ഉണ്ടെന്നുവരുകിൽ, ഉപദേശങ്ങളുടെ വിശദാംശങ്ങളിൽ ചില നിർദ്ദിഷ്ട പരിധിക്കകത്തുള്ള വ്യത്യാസങ്ങൾ അനുവദനീയമാണു്. ആദ്യനൂററാണ്ടുകളിൽ സഭയ്ക്കു് ഉണ്ടായിരുന്ന ഐക്യം ഏതു രൂപത്തിലുള്ളതായിരുന്നുവെന്നു് പഠിച്ചു്, ആ ഐക്യം പുനഃസ്ഥാപിക്കുന്നതിനാണു് നാം യത്നിക്കേണ്ടതു്. "നീ എന്നെ അയച്ചു എന്നു് ലോകം വിശ്വസിക്കേണ്ടതിന്നു്" സഭ ഒന്നായിരിക്കണം എന്നത്രെ ക്രിസ്തു പ്രാത്ഥിച്ചതു്. സഭയ്ക്കു് ലോകത്തിലുള്ള സാക്ഷ്യം നിവ്വഹിക്കുന്നതിന്നു് സഭയുടെ ഐക്യം ഒഴിച്ചുകൂട്ടുവാൻ പാടില്ലാത്തതാണു്.

### വിശുദ്ധസഭ.

സഭ വിശുദ്ധമാണു്. സഭയുടെ വിശുദ്ധി സ്ഥിതി ചെയ്യുന്നതു്, അതിലെ അംഗങ്ങൾ എല്ലാവരും വിശുദ്ധരാണെന്നുള്ളതിലോ, ഒരു സംഘടനയെന്നനിലയിൽ അതു വിശുദ്ധമായിരിക്കുമെന്നുള്ളതിലോ അല്ല. പുതിയനിയമത്തിൽ 'വിശുദ്ധർ' എന്നു വിളിച്ചിരിക്കുന്നതു വിശുദ്ധത

പ്രാപിച്ചവരെയല്ല, വിശുദ്ധരായിരിപ്പാൻ വിളിക്കപ്പെട്ട്, വിശുദ്ധിയിലേക്ക വളരുന്നവരെയാണ്. (set apart or called to be holy) ക്രിസ്തു തൻെറ തിരുരക്തത്താൽ വീണ്ടെടുത്ത സഭ വിശുദ്ധമാണ്. സഭയിലെ അംഗങ്ങളെ വിശുദ്ധിയിലേക്ക നടത്തുവാൻ കഴിയുന്നതാണ്. ക്രിസ്തുവിൻെറ ശരീരം എന്ന നിലയ്ക്കും സഭ വിശുദ്ധമത്രെ. അതിൻെറ അംഗങ്ങളുടെ അശുദ്ധിയും ലോകമയത്വവും ലോകത്തിൻെറ ദൃഷ്ടിയിൽ സഭയുടെ വിശുദ്ധിയെ മലിനപ്പെടുത്തുന്നതാണ്. വിശുദ്ധ സഭയുടെ അംഗങ്ങളായ നാം വിശുദ്ധിയിൽ വളരുവാൻ കടപ്പെട്ടവരാണ്. നാം വിശുദ്ധ സഭയുടെ അംഗങ്ങളാണെന്നുള്ള വസ്തുത വിശ്വാസപ്രമാണം നമ്മെ കൂടക്കൂടെ ഓർമ്മപ്പെടുത്തുന്നു. നാം സ്വയം വിശുദ്ധീകരിക്കുന്നതിന്നുള്ള ഒരു ഉൽബോധനമാണത്.

കാതോലിക സഭ.

"കാതോലികം" എന്ന വാക്കിനു സാർവ്വത്രികം എന്നാണർത്ഥം. റോമാപാപ്പാ തിരുമനസ്സിലെ പരമാധികാരം സ്വീകരിച്ചു പോരുന്ന സഭ "കാതോലികം" എന്ന പദം സ്വന്തമാക്കിവച്ചിരിക്കയാണ്. സൂര്യൻ അസ്തമിക്കാത്ത വിധത്തിൽ വിസ്തൃതമായി ലോകമെങ്ങും വ്യാപിച്ചിരിക്കുന്ന സഭ തങ്ങളുടേതാണെന്നും, 'കാതോലികം' എന്ന സംജ്ഞ എല്ലാവരും തങ്ങളുടെ സഭയ്ക്കാണ് നല്കുന്നതെന്നും റോമാസഭയിലെ അംഗങ്ങൾ അവകാശപ്പെടാറുണ്ട്. ഹിൽഡിബ്രാൻറ് പാപ്പാ തൻെറ അധികാരത്തിലുള്ള സഭയെപ്പററി ഇങ്ങനെ പറയുന്നു: "റോമാസഭയോട് യോജിപ്പിലല്ലാതെ നിൽക്കുന്ന യാതൊരുത്തനും കാതോലികൻ എന്ന് എണ്ണപ്പെടരുത്." (Let no man be accounted a catholic,

who is not in agreement with the Roman Church.") എന്നാൽ, ദീർഘ നൂററാണ്ടുകൾക്കു മുമ്പ് വിശുദ്ധ ഇഗ്നാത്തിയോസ്സ് എന്ന പിതാവ് പറഞ്ഞിരിക്കുന്നതു എന്താണെന്നു നോക്കുക: "യേശു എവിടെയോ അവിടെ സഭയുണ്ട്." ("Where Jesus is there is the Church.") നിഖ്യാസുന്നഹദോസ്സ്, വിശ്വാസപ്രമാണം രൂപവൽക്കരിച്ച കാലത്തു് ക്രിസ്തുസഭയെ "കാതോലികം" എന്നു് വിളിച്ചു; ക്രിസ്തുസഭയെ യഹൂദസഭയിൽ നിന്നു് വ്യത്യാസപ്പെടുത്തി കാണിക്കുന്നതിനായിരിക്കണം അങ്ങനെ ചെയ്തതു്. യഹൂദസഭ ഒരു ജാതിക്കുവേണ്ടി മാത്രമുള്ളതായിരുന്നു. യഹൂദനായി ജനിച്ചവനുമാത്രമേ യഹൂദസഭയുടെ എല്ലാ പദവികൾക്കും അവകാശം ഉണ്ടായിരുന്നുള്ളൂ. എന്നാൽ ക്രിസ്തുസഭയിലെ നില വ്യത്യസ്തമാണു്. ക്രിസ്തുമൂലമുള്ള രക്ഷയും, ആ രക്ഷ അനുഭവിക്കുന്ന സമൂഹത്തിൻെറ അംഗത്വവും, ഏതു മനുഷ്യനും എവിടെയുള്ളവനും തുറന്നിട്ടിരിക്കുന്നു. സഭയിൽ യഹൂദനെന്നും യവനനെന്നുമില്ല, ബർബരനെന്നും പുറജാതി എന്നുമില്ല. സഭ എല്ലാവരെയും ഒന്നിച്ചു ചേർക്കുന്നു. സഭയുടെ ഈ സാർവ്വത്രികലക്ഷണമാണു്, കുസ്തന്തീനോസ്സ്ചക്രവർത്തിയെ, ക്രിസ്തുസഭയിലേക്കു് ആകർഷിച്ചതു്. താണജാതി എന്നും ഉയർന്നജാതി എന്നും, കറുത്തവരെന്നും വെളുത്തവരെന്നും ധനികരെന്നും, നിർദ്ധനരെന്നും, മററുമുള്ള ചേരി തിരിവുകൾ ഭിന്നിപ്പും മത്സരവും പ്രത്യക്ഷപ്പെടുത്തുന്ന ഇന്നത്തെ സഭാവിഭാഗം, ക്രിസ്തുസഭയുടെ പ്രമാണത്തിൽ നിന്നും ദർശനത്തിൽ നിന്നും എത്രയേറെ അധഃപതിച്ചിരിക്കുന്നു! നിഖ്യാവിശ്വാസപ്രമാണം ആവിഷ്കരിച്ച കാലത്തു് കാതോലികസഭയ്ക്കു് താഴെ പറയുന്ന ലക്ഷണങ്ങൾ ഉണ്ടായിരുന്നിരിക്കണം.

1. എപ്പിസ്കോപ്പാ, മൂപ്പൻ, ശുശ്രൂഷകൻ എന്നീ മൂന്നു സ്ഥാനങ്ങൾ.

2. വിശുദ്ധ കുർബാന, മാമോദിസാ എന്നീ രണ്ടു കൂദാശകൾ.

3. ഉപദേശങ്ങൾക്കു് അടിസ്ഥാനമായ വേദപുസ്തകം.

4. നിഖ്യാവിശ്വാസപ്രമാണത്തിൽ അടങ്ങിയിരിക്കുന്ന ഉപദേശങ്ങൾ.

**അപ്പോസ്തലിക സഭ.**

സഭ അപ്പോസ്തലികമാണു്. സഭയുടെ അപ്പോസ്തലികതയെപ്പററി പലവിധത്തിൽ ചിന്തിക്കുന്നവരുണ്ടു്. അപ്പോസ്തലന്മാരിൽ ആരാലെങ്കിലും സ്ഥാപിക്കപ്പെട്ടുകയും, അതിനുശേഷം പട്ടത്വത്തിൻെറ പിൻതുടർച്ച് ഉണ്ടായിരിക്കുകയും ചെയ്യുന്ന സഭ ഏതോ, അതാണു് അപ്പോസ്തലികസഭ എന്നു് ചിലർ അഭിപ്രായപ്പെടുന്നു. അതല്ല, അപ്പോസ്തലന്മാരുടെ ഉപദേശങ്ങൾ വ്യത്യാസം കൂടാതെ സ്ഥിരമായി പാലിച്ചു പോരുന്ന സഭയാണു് അപ്പോസ്തലികസഭയെന്നു് മററു ചിലർ. അപ്പോസ്തലന്മാരുടെ ഉപദേശം നിലനിറുത്തിക്കൊണ്ടു് പോകേണ്ടതു് നിശ്ചയമായും സഭയ്ക്കു് ആവശ്യകമാണു്. അപ്പോസ്തലന്മാരാൽ സ്ഥാപിക്കപ്പെട്ടു്, അതിൻെറ പിൻതുടർച്ച അഭംഗം അനുഭവിക്കുക ഒരു വലിയ പദവിയും അഭിമാനവും ആണു്. എന്നാൽ, ഇവ രണ്ടും നിറവേററിയാലും, സഭയ്ക്കു് അപ്പോസ്തലലക്ഷണം ഇല്ലെന്നു വരാം. അപ്പോസ്തലൻ എന്ന വാക്കിൻെറ അർത്ഥം "അയയ്ക്കപ്പെട്ടവൻ" എന്നാണു്. യേശുക്രിസ്തു ആരംഭിച്ച വേല തുടർന്നു കൊണ്ടുപോകുവാനായി വിളിച്ചു്, അയയ്ക്കപ്പെട്ടവരായിരുന്നു

അപ്പോസ്തലന്മാർ. സഭയെ ഭരമേല്പിച്ചിട്ടുള്ളതും ഈ വേല യാണ്. രാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കുക, രോഗി കളെ സുഖപ്പെടുത്തുക, പാപത്തിന്റെ അടിമത്തത്തിലും അന്ധകാരത്തിലും ഇരിക്കുന്നവക്ക് വിടുതലും പ്രകാശവും കൊടുക്കുക—ഈ ലക്ഷണങ്ങൾ ഇല്ലാത്ത സഭയ്ക്ക് അപ്പോ സ്തലികസഭയെന്ന് അവകാശപ്പെട്ടുകൂടാ.

സഭയ്ക്ക് രണ്ടു് യത്നങ്ങൾ എപ്പോഴും ഉണ്ടായിരിക്കും: ഒന്നാമതു്, ഉയിർത്തെഴുന്നേററ ക്രിസ്തുവിൽ ദൈവത്തെ ദശി ച്ച്, ആ ദൈവത്തെ ആരാധിക്കുക. രണ്ടാമതു്, വചന ത്തിന്റെ പഠിത്തവും പ്രസംഗവും മൂലം ക്രിസ്തുവിനെ സാക്ഷീകരിച്ച്, സമൂഹത്തെ പുതുക്കുകയും രൂപാന്തരപ്പെടു ത്തുകയും ചെയ്ക. (Worship; witnessing; serving; transforming society).

### സഭയും ദൈവരാജ്യവും.

യേശുക്രിസ്തു ദൈവരാജ്യത്തെപ്പററിയാണ് കൂടുതലായി പഠിപ്പിച്ചിട്ടുള്ളതു്. ദൈവരാജ്യം സ്ഥാപിക്കുന്നതിന്നത്രെ യേശുക്രിസ്തു ഭൂമിയിലേക്കു് വന്നതു്. ആ ദൈവരാജ്യം പൂത്തീകരിക്കുകയാണ് സഭയുടെ ഉദ്ദേശം. സഭയെപ്പററി പ്രസംഗിക്കയും പഠിപ്പിക്കയും ചെയ്യുന്നവർ, ദൈവരാജ്യ ത്തെ മറന്നുകളയുന്നുവെന്നൊരു ആക്ഷേപം സാധാരണയായി കേൾക്കാറുണ്ട്. സഭയെപ്പററിയുള്ള ചിന്തയിൽ ദൈവ രാജ്യവും, ദൈവരാജ്യത്തെപ്പററിയുള്ള ചിന്തയിൽ സഭയും ഒഴിച്ചുകൂടാൻ പാടില്ലാത്തവണ്ണം അവ അന്യോന്യബന്ധിത ങ്ങളാണ്; ഒന്നു മററതിനെ ഉൾക്കൊള്ളുന്നു. റോമാസഭ യുടെ ചിന്തയിൽ, സഭയും ദൈവരാജ്യവും ഒന്നുതന്നെയാണ്. അങ്ങനെയുള്ള ഏകീകരണം, വേദശാസ്ത്രപരമായി ശരിയല്ല.

ദൈവരാജ്യസ്ഥാപനം—സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ദൈവേഷ്ടം നിറവേറുന്ന രംഗത്തിൻെറ സ്ഥാപനം—ആണു് സഭയുടെ അന്തം. സഭ അതിൽത്തന്നെ ഒരു അന്തമല്ല. പൂർത്തീകരിക്കപ്പെട്ട സഭയും ദൈവരാജ്യവും ഒന്നുതന്നെയെന്നു നമുക്കു പറയാം.

സഭ ദൈവത്താൽ സ്ഥാപിതമായ ദിവ്യസമൂഹമാണു്; എന്നാൽ, മനുഷ്യസമൂഹത്തിലാണു് അതു് സ്ഥാപിച്ചിരിക്കുന്നതു്. ആകയാൽ ഒരു സംഘടന എന്ന നിലയ്ക്കു് സഭയിൽ പല കുറവുകൾ ഉണ്ടായിരിക്കും. തെററില്ലായ്മ സഭയ്ക്കു് വാഗ്ദാനം ചെയ്യപ്പെട്ടിട്ടില്ല. "പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല" എന്നു കർത്താവു നല്കിയ ഉറപ്പു് സഭയ്ക്കോ സഭയുടെ ഒരു തലവനോ തെററില്ലായ്മയുടെ വാഗ്ദാനമായി നാം മനസ്സിലാക്കുന്നില്ല. മരണത്തിന്നും ലോകശക്തികൾക്കും അതീതമാകുന്നു സഭ. സഭാംഗങ്ങളിൽ പലക്കും വിവിധ രീതികളും താല്പര്യങ്ങളും ആയിരിക്കും ഉണ്ടായിരിക്കുക. സഭാപരമായ ആരാധനകളും, അനുഷ്ഠാനങ്ങളും ചിലരെ ആകർഷിക്കും. ചിലർ സുവിശേഷപരമായ യത്നത്തിൽ അവരുടെ ഭക്തിതാല്പര്യങ്ങൾ വെളിപ്പെടുത്തും. മററു ചിലക്ക് ചേർന്ന പ്രവർത്തനരംഗം സേവനപദ്ധതികളും സംഘടനകളും ആയിരിക്കും. ഇക്കൂട്ടർക്കെല്ലാം ഒരു കുടുംബമായി വർത്തിക്കേണ്ടതു് സഭയാകുന്നു. ഒരു രീതിയിൽ താല്പര്യമുള്ളവർ മറെറാരു രീതിയിൽ ജീവിക്കുന്ന ഭക്തരെ തള്ളിക്കളയുവാൻ ആഗ്രഹിക്കരുതു്. എല്ലാവരും ക്രിസ്തുവിൻെറ സ്നേഹത്താൽ പ്രേരിതരായിരിക്കേണ്ടതിന്നു്, സഭ അതിൻെറ ശുശ്രൂഷ നിറവേററണം.

ഒരു സംഘടന എന്ന നിലയ്ക്കു് സഭയിലുള്ള പോരായ്മകൾ കണ്ടിട്ടു് സഭ വിട്ടുപോകുന്നതു യോഗ്യമല്ല. ദർശനമുള്ള

വർ, സഭയിൽ ദർശനമുണ്ടാകുന്നതിനു് പ്രവർത്തിപ്പാൻ കടപ്പെട്ടവരത്രെ. സഭയ്ക്കു് നിങ്ങളെ ആവശ്യം ഉണ്ടു്; നിങ്ങൾക്കു സഭയെയും ആവശ്യം ഉണ്ടു്. ഇടച്ചു നിമിത്തം സഭയെ വിട്ടുപോകുന്നവർ, വാസ്തവത്തിൽ ക്രിസ്തുവിനെ വിട്ടു പോകുകയാണു് ചെയ്യുന്നതു്. തന്റെ പരസ്യശുശ്രൂഷയുടെ ഒരു ഘട്ടത്തിൽ, തന്റെ ശരീരം ഭക്ഷിക്കയും തന്റെ രക്തം കുടിക്കയും ചെയ്യുന്നതിനെപ്പററി ക്രിസ്തു പഠിപ്പിച്ചപ്പോൾ, അതു് കഠിനവാക്കാണെന്നു് കണ്ടു്, പലർ ക്രിസ്തുവിനോടുകൂടെ നടക്കാതെ ഗുരുവിനെ ഉപേക്ഷിച്ചുപോയി. അപ്പോൾ, ക്രിസ്തു ശിഷ്യന്മാരോടു് ചോദിച്ചു: "നിങ്ങൾക്കും വിട്ടുപോകുവാൻ താല്പര്യമോ?" അതിനു് ശിഷ്യന്മാർ കൊടുത്ത മറുപടി ഇപ്രകാരമായിരുന്നു: "ഞങ്ങൾ ആരുടെ അടുക്കൽ പോകേണ്ടു? നിന്റെ അടുക്കൽ ജീവന്റെ വചനങ്ങൾ ഉണ്ടു്."

# V

# വേദപുസ്തകം

എല്ലാ ഉയന്ന മാൎഗ്ഗങ്ങൾക്കും വിശുദ്ധ വേദഗ്രന്ഥങ്ങൾ ഉണ്ട്. ഹിന്ദുമതത്തിൻെറ വിശുദ്ധ പുസ്തകം, 'വേദങ്ങൾ' എന്ന പേരിൽ അറിയപ്പെടുന്നു. 'ശ്രുതി' എന്നറിയപ്പെടുന്ന റിഗ്, സാമ, യജ്ജൂർ, അഥർവ എന്നീ നാലു വേദങ്ങളാണ് ഏററവും പ്രധാനം. ഈ "ശ്രുതി" ദേവന്മാരിൽ നിന്നു മഹഷികൾ കേട്ട്, ഹൃദിസ്ഥമാക്കി, എഴുതിയിട്ടുള്ളവയാണ്. 'ഇസ്ലാം' മതത്തിൻെറ വിശുദ്ധവേദം 'ഖുറാൻ' എന്നറിയപ്പെടുന്നു. മുഹമ്മദ്നബിക്ക് ദൈവം പറഞ്ഞുകൊടുത്ത് എഴുതിച്ചതാണ് 'ഖുറാൻ'. ഹിന്ദുക്കളുടെ 'ശ്രുതി' എന്നതുപോലെ ഖുറാൻെറയും, വാക്കുകളും, വചനങ്ങളും, ശാശ്വതമാണ്, വിശുദ്ധവുമാണ്. ക്രിസ്ത്യാനികളുടെ വേദപുസ്തകത്തിലെ "പഴയനിയമം" എന്ന ഭാഗമാണ് യഹൂദന്മാരുടെ വിശുദ്ധ വേദഗ്രന്ഥം. ഇതിൽ ന്യായപ്രമാണ ഭാഗമാകുന്ന മോശെയുടെ അഞ്ച്യ പുസ്തകങ്ങൾ യഹോവ എഴുതിക്കൊടുത്ത

താണെന്നും, യഹോവാ തന്നെ ദിവസം മൂന്നുമണിക്കൂർ അതു വായിക്കുന്നുണ്ടെന്നും ഒരു റബ്ബി പറഞ്ഞിട്ടുണ്ട്. ക്രിസ്ത്യാനികളുടെ വിശുദ്ധ പുസ്തകമായ, വേദപുസ്തകം, (ബൈബിൾ) ആണ് ഇപ്പോൾ നമ്മുടെ പഠനവിഷയം.

'ബൈബിൾ' എന്ന വാക്കു ഇംഗ്ലീഷിൽ ഏകവചനം ആണ്. എന്നാൽ ഇതു ഗ്രേക്കു് ഭാഷയിലെ 'ടാ ബിബ്ളിയാ' ('Ta Biblia') എന്ന ബഹുവചനപദത്തിൻെറ പരിഭാഷയാകുന്നു. പല വിശുദ്ധ പുസ്തകങ്ങളടങ്ങിയ ഒരു വലിയ പുസ്തകമാണ് ക്രിസ്ത്യാനികളുടെ വേദപുസ്തകം. എബ്രായ ഭാഷയിൽ എഴുതപ്പെട്ട 39 പുസ്തകങ്ങൾ പഴയനിയമത്തിലും, ഗ്രേക്കു് ഭാഷയിൽ എഴുതപ്പെട്ട 29 പുസ്തകങ്ങൾ പുതിയ നിയമത്തിലും ഉണ്ട്, ചരിത്രം, ന്യായപ്രമാണം, കവിത, പ്രസംഗം, പ്രവചനം, ആപ്തവാക്യങ്ങൾ, പാട്ടുകൾ, എഴുത്തുകൾ, ഇങ്ങനെ വൈവിധ്യം കലന്ന സാഹിത്യ കൃതികൾ "വേദപുസ്തക"മാകുന്ന പുസ്തക സഞ്ചയത്തിൽ കാണാം.

(i)

### വിവിധത്വവും യോജിപ്പും

പഴയനിയമ സഭയായ യഹൂദസഭയിൽ പഴയനിയമവും, പുതിയ നിയമ സഭയായ ക്രിസ്തീയ സഭയിൽ പുതിയ നിയമവും രചിക്കപ്പെട്ടു. ബി. സി. 1300 മുതൽ എ. ഡി. 100 വരെയുള്ള 1400 സംവത്സരത്തിന്നിടയിൽ വളൎന്നു വന്നതത്രെ വേദപുസ്തകം. പഴയ നിയമത്തിലെ പുസ്തകങ്ങൾ രചിച്ചവരായി, കുറഞ്ഞതു മുപ്പതു ലേഖകന്മാർ ഉണ്ടായിരിക്കും. പുതിയ നിയമ പുസ്തകങ്ങളുടെ ഗ്രന്ഥകത്താക്കൾ എട്ടു പേരാണ്.

പല നൂററാണ്ടുകളിലായി, വ്യത്യസ്തമായ സംസ്കാരങ്ങളിൽ, ജീവിച്ചിരുന്ന എഴുത്തുകാരുടെ പുസ്തകങ്ങൾ ഒരൊററ പുസ്തകമായി കൂട്ടി ചേർക്കപ്പെടുന്നതിനുള്ള കാരണം എന്താണ്? ഈ എഴുത്തുകൾ എല്ലാം തന്നെ കൂട്ടി യോജിപ്പിക്കുന്ന ചില ആശയങ്ങൾ അവയിൽ കാണുവാൻ കഴിയും.

1. ഒരു കെട്ടിടം, അതിൻെറ അടിസ്ഥാനത്തോടു ബന്ധപ്പെട്ടിരിക്കുന്ന പ്രകാരം, പുതിയ നിയമം പഴയ നിയമത്തോടു ബന്ധപ്പെട്ടിരിക്കുന്നു. ക്രിസ്തുവിൻെറ ജനനം, ഉപദേശം, സഭയുടെ ചരിത്രം, ക്രിസ്തുവിൽകൂടെ രക്ഷ ലഭിക്കുമെന്നുള്ള ദൂതു് ഇവയെല്ലാം അർത്ഥവത്തും, വിശദവുമായിത്തീരുന്നതു് പഴയനിയമത്തിൻെറ വെളിച്ചത്തിലാണു്. പഴയനിയമത്തിൽ ദൈവം സ്രഷ്ടാവും, സ്വയം പൂർണ്ണനും, ഭരണകർത്താവുമാണു്. പുതിയനിയമത്തിൽ, ആ ദൈവത്തെ രക്ഷിതാവായി യേശുക്രിസ്തുവിൽ കാണുന്നു. പഴയ നിയമത്തിൽ മനുഷ്യൻ, പാപിയും പാപത്തിൽനിന്നു രക്ഷ തേടുന്നവനുമാണു്; പുതിയ നിയമത്തിലാകട്ടെ, മനുഷ്യൻ രക്ഷിക്കപ്പെട്ടവനും രക്ഷിക്കപ്പെടുന്നവനുമായ പാപിയത്രെ.

2. വേദപുസ്തകത്തിലെ പുസ്തകങ്ങളിൽ എഴുത്തുകാരെ തമ്മിൽ യോജിപ്പിക്കുന്നതായി ഒരു മഹത്തായ ലക്ഷ്യം കാണാനുണ്ടു്. വീണ്ടെടുപ്പു്, രക്ഷ, മോചനം, എന്നീ ആശയങ്ങൾ ആദ്യപുസ്തകം മുതൽ വെളിപ്പാടു വരെ കാണുവാൻ കഴിയും. ഭൂമിയിൽ വെളിച്ചവും ഇരുട്ടും തമ്മിലും, സത്യവും അസത്യവും തമ്മിലും, നന്മതിന്മകൾ തമ്മിലും പോരാട്ടം നടന്നുകൊണ്ടാണിരിക്കുന്നതു്. അതിൽ നീതിയും പ്രകാശവും സത്യവും ജയിക്കും. "സ്ത്രീയുടെ സന്തതി സർപ്പത്തിൻെറ തല ചതയ്ക്കും." മോശെയുടെ പുസ്തകങ്ങളിൽ, ബലികർമ്മാദികൾ വഴി രക്ഷ അന്വേഷിക്കുന്നു. ഹൃദയത്തിൻെറ

പുതുക്കത്തിലും, നീതിയുടെ പ്രവൃത്തികളിലും കൂടി അതു നേടുവാനാണ് പ്രവാചകന്മാർ പ്രബോധിപ്പിക്കുന്നത്. കർത്താവായ യേശുക്രിസ്തു ആ രക്ഷ നമുക്കു നേടിത്തന്നു.

3. യേശുക്രിസ്തു (മശിഹാ) എന്നൊരാളിനെപ്പററി പഴയ നിയമത്തിൽ പരാമർശിക്കുന്നുണ്ട്. പുതിയ നിയമത്തിൽ, ദൈവം മനുഷ്യനായി, അവതരിച്ച്, "ഇമ്മാനുവേൽ" എന്ന ആശയം യഥാർത്ഥമാക്കിത്തീർക്കുന്നു. ബ്രിട്ടീഷ് നാവിക വകുപ്പ് ഉപയോഗിക്കുന്ന വടങ്ങളിലും കയറുകളിലും, അവയുടെ ഉള്ളിലായി ഓടുന്ന ഒരു ചുവപ്പു ചരട് ഉണ്ടായിരിക്കും. ഏതു ഭാഗം മുറിച്ചാലും ആ ചുവന്ന ചരട് കാണാം. വേദപുസ്തകത്തിൽ ആദ്യവസാനം മശിഹാ എന്ന രക്ഷകനെ, നാം കണ്ടുമുട്ടുന്നുണ്ട്—പഴയനിയമത്തിൽ ഒരു അടയാളവും രൂപവർണ്ണനയുമായും, പുതിയ നിയമത്തിൽ ഒരു വ്യക്തിയായും.

(ii)

**വേദപുസ്തകം എങ്ങനെ കിട്ടി ?**

പഴയ നിയമത്തിൻെറയാകട്ടെ പുതിയ നിയമത്തിൻെറയാകട്ടെ മൂലഗ്രന്ഥകാരന്മാർ എഴുതിയ കയ്യെഴുത്ത് പ്രതികളോ, അവരുടെ ജീവകാലത്തോടു അടുത്ത നൂററാണ്ടുകളിൽ പകർത്തിയെഴുതപ്പെട്ട കോപ്പികളോ വേദപുസ്തക പഠിതാക്കൾക്കു് കിട്ടിയിട്ടില്ല. ലഭിച്ചിട്ടുള്ളതിലേക്കും ഏററവും പുരാതനമായ വേദപുസ്തക കയ്യെഴുത്ത് പ്രതികൾ, ക്രിസ്താബ്ദം നാലാം നൂററാണ്ടിൽ എഴുതപ്പെട്ടിട്ടുള്ള ഗ്രേക്കു വേദപുസ്തകത്തിൻെറ പ്രതികൾ മാത്രമാണ്,

ബാബിലോണിയക്കാരുടെയും അസ്സിറിയക്കാരുടെയും കാലത്തു കളിമണ്ണുകൊണ്ട് ഉണ്ടാക്കി ചുട്ടെടുത്ത ഇഷ്ടിക

കളിന്മേലുള്ള ചില ലിഖിതങ്ങളും, പാറമേൽ കൊത്തപ്പെട്ട രേഖകളും കണ്ടുകിട്ടിയിട്ടുണ്ട്. അവ ക്രിസ്തുവിനു രണ്ടായിരം വർഷങ്ങൾക്കു മുമ്പുള്ളവയാണ്. (ഹാമുറാബിയുടെ നിയമങ്ങൾ.) ബി. സി. 2150. കല്ലിന്മേലോ, ചുട്ടഇഷ്ടികകളിന്മേലോ കൊത്തപ്പെട്ട വേദപുസ്തക ഭാഗങ്ങൾ ഒന്നും കണ്ടുകിട്ടിയിട്ടില്ല. വേദപുസ്തക ലേഖകന്മാർ ഉപയോഗിച്ചതായ, പപ്പയറസ് എന്നറിയപ്പെടുന്ന കടലാസ്, ഈജിപ്തിലെ ചതുപ്പു പ്രദേശങ്ങളിൽ വളരുന്ന നായിങ്കണ സമാനമായ പപ്പയറസ് ചെടിയുടെ തൊലി ചതച്ചെടുത്തതാണ്. അതു വളരെ വേഗം ദ്രവിച്ചു നശിച്ചുപോകും. കുറെ കഴിഞ്ഞതോടെ, കിടാക്കളുടെ തുകലിൽനിന്നുണ്ടാക്കുന്ന വെല്ലം എന്ന കടലാസ് ഉപയോഗിച്ചുതുടങ്ങി. പപ്പയറസിലും വെല്ലത്തിലും എഴുതപ്പെട്ട വേദപുസ്തക ഭാഗങ്ങൾ കണ്ടുകിട്ടിയിട്ടുണ്ട്. പതിനഞ്ചാം നൂററാണ്ടിൽ മാത്രമാണ് അച്ചടി പ്രചാരത്തിലായതു്. വേദപുസ്തകത്തിൻെറ ഏററവും പുരാതനമായ കയ്യെഴുത്തു പ്രതികൾ കണ്ടുകിട്ടിയിട്ടുള്ളവയിൽ മൂന്നെണ്ണം പ്രാധാന്യമർഹിക്കുന്നു:

വത്തിക്കാൻ കോഡക്സ്: എ. ഡി. നാലാം നൂററാണ്ട്. ഇതു റോമാപുരിയിലെ വത്തിക്കാൻ കൊട്ടാരത്തിൽ സൂക്ഷിച്ചിരിക്കുന്നു.

സയനൈററിക്ക് കോഡക്സ്: നാലാം നൂററാണ്ട്. സീനായി പർവ്വതത്തിൻെറ അടിവാരത്തുള്ള കാതറൈൻ കോൺവൻററിൽ നിന്നു കിട്ടിയതാണ്. ഇതു റഷ്യക്കാരുടെ കൈവശമായിരുന്നു. കമ്മ്യൂണിസ്റ്റ് ഗവമ്മെൻറു് അതു ബ്രിട്ടീഷുകാർക്ക് വിററു.

അലക്സാണ്ട്റിൻ കോഡക്സ്: അഞ്ചാം നൂററാണ്ട്. അലക്സാന്ത്രിയാ പട്ടണത്തിലെ ഒരു പുസ്തക സഞ്ചയത്തിൽ

നിന്നു കിട്ടിയതാണിതു്. ഇപ്പോൾ ബ്രിട്ടീഷ് മ്യൂസിയത്തിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു.

**വേദപുസ്തക പരിഭാഷകൾ.**

ബാബിലോന്യ പ്രവാസം കഴിഞ്ഞു് യഹൂദന്മാർ പല ഇടങ്ങളിൽ ചിതറി പാക്കുന്നവരായിതീന്നു. അലക്സാന്തർ സ്ഥാപിച്ച അലക്സാന്ത്ര്യാ പട്ടണത്തിലെ ആളുകളിൽ പകുതിയോളം യഹൂദന്മാരായിരുന്നു. എബ്രായ ഭാഷയല്ല, ഗ്രേക്കു് ആയിരുന്നു ഇവക്കു പരിചയം. അവരുടെ ആവശ്യത്തിന്നായി, പ്ടോളമി ഫിലാഡൽഫസ് എന്ന രാജാവിൻെറ ആജ്ഞാനുസാരണം, എബ്രായ ഭാഷയിൽനിന്നു ഗ്രേക്കിലേക്കു് യഹൂദന്മാരുടെ വേദപുസ്തകം (നമ്മുടെ പഴയനിയമം) പരിഭാഷപ്പെടുത്തി. ഈ പരിഭാഷ "സെപ്ററ്വജിൻറു്" എന്ന പേരിൽ അറിയപ്പെടുന്നു. ക്രിസ്തുവിനു് ഇരുനൂറു സംവത്സരം മുമ്പാണു് ഈ പരിഭാഷ നടന്നതു്.

വേദപുസ്തകം മുഴുവനും സുറിയാനിയിലേക്കു് പരിഭാഷപ്പെടുത്തിയിട്ടുണ്ടു്. സുറിയാനിസഭ പ്രിയപ്പെടുന്ന വേദപുസ്തകം ഇതത്രെ. ഇതിന്നു "പെഷിത്തോ" എന്നാണു് പേരു്. ഇതിൻെറ പരിഭാഷ നടന്നതു് മൂന്നാം നൂററാണ്ടിലാണെന്നു സുറിയാനി സഭ അഭിമാനിക്കുന്നു.

എ. ഡി. 400-ൽ റോമാപട്ടണത്തിൽ വച്ചു വിശുദ്ധ ജറോം എന്ന പണ്ഡിതൻ ഗ്രേക്കിൽനിന്നും ലത്തീനിലേക്കു് വേദപുസ്തകം മുഴുവൻ പരിഭാഷപ്പെടുത്തി. "വൾഗേററ്" എന്ന പേരിലാണു് ലത്തീൻ വേദപുസ്തകം അറിയപ്പെടുന്നതു്. റോമാസഭ ഔദ്യോഗികമായി സ്വീകരിച്ചിട്ടുള്ളതു് ഈ വേദപുസ്തകമാണു്. ഇംഗ്ലീഷിലേക്കു് ആദ്യമായി വേദപുസ്തക ഭാഗങ്ങൾ പരിഭാഷപ്പെടുത്തിയതു് (1352)

ജോൺ വൈക്ലിഫ് ആയിരുന്നു. യൂറോപ്പിലെ നവീകരണ പ്രസ്ഥാനത്തിൻെറ മുന്നോടിയായിരുന്നു വൈക്ലിഫ്. റോമാ സഭയും ഇംഗ്ലീഷ് ഗവൺമെൻറും അദ്ദേഹത്തെ ഒരു ദുരുപദേശക്കാരനായി പരിഗണിക്കുകയും, മരിച്ചടക്കപ്പെട്ട് നാല്പത്തിയാറു് സംവത്സരം കഴിഞ്ഞു് വൈക്ലിഫിൻെറ എല്ലുകൾ ശവക്കുഴിയിൽ നിന്നു് മാന്തിയെടുത്തു് ദഹിപ്പിക്കുകയും ചെയ്തു. അവരുടെ മതഭക്തി എത്രമാത്രമായിരുന്നുവെന്നു് നോക്കുക!

പിന്നീടുണ്ടായ പരിഭാഷ വില്യം ടിൻഡെയിലിൻേറതാണു് (എ. ഡി. 1525). ലത്തീനിൽനിന്നു് ഇംഗ്ലീഷിലേക്കു് വേദപുസ്തകം പരിഭാഷപ്പെടുത്താൻ ശ്രമിച്ചതിന്നു് സഭ ടിൻഡെയിലിനെ ഉപദ്രവിച്ചു. അദ്ദേഹം ഹോളണ്ടിൽ അഭയംപ്രാപിക്കുകയും അവിടെനിന്നു് വേദപുസ്തക ഭാഗങ്ങൾ പരിഭാഷപ്പെടുത്തി ഇംഗ്ലണ്ടിലേക്കു കടത്തുകയും ചെയ്തു. ഇംഗ്ലീഷുകാരുടെ പ്രേരണയാൽ ടിൻഡെയിലിനെ ഞെരുക്കിക്കൊന്നു് മൃതശരീരം ദഹിപ്പിച്ചുകളഞ്ഞു.

നമ്മുടെ ഇടയിൽ സാധാരണ പ്രചാരത്തിലിരിക്കുന്ന ഇംഗ്ലീഷ് വേദപുസ്തകം, 1611–ൽ ഇംഗ്ലണ്ടിലെ ജയിംസ് രാജാവിൻെറ കല്പനപ്രകാരം പരിഭാഷ ചെയ്യിച്ചതാണു്. അധികൃത ഭാഷാന്തരം (ഓഥറൈസ്ഡ്‌വേർഷൻ) എന്ന പേരിൽ ഇതു അറിയപ്പെടുന്നു. പത്തൊമ്പതാം നൂററാണ്ടിൽ കണ്ടെടുത്തവയും, മുകളിൽ പേരുപറഞ്ഞവയുമായ പുരാതന ഗ്രേക്കു് കയ്യെഴുത്തു പ്രതികൾ ഈ പരിഭാഷക്കാക്കു് ലഭിച്ചിരുന്നില്ല. പുരാതന കയ്യെഴുത്തു പ്രതികളും, സെപ്റവജിൻറു്, വൾഗേററു് എന്നിവയും ഒത്തുനോക്കി, തയ്യാറാക്കിയ പുതിയ പരിഭാഷയാണു് ഇംഗ്ലീഷിലുള്ള "റിവൈസ്ഡ് വേർഷൻ." "റിവൈസ്ഡ് സ്റ്റാൻഡാർഡ് വേഷൻ"

അടുത്ത കാലത്തു് അമേരിക്കയിൽ വച്ചുണ്ടായ മറെറാരു പരിഭാഷയാണു്.

ഇതു കൂടാതെ വേദപുസ്തകത്തിൻെറ സ്വതന്ത്ര പരിഭാഷകൾ നവീന ഇംഗ്ലീഷിൽ ഉണ്ടു്. ഇവയിൽ പ്രധാനപ്പെട്ടതു മോഫററിൻെറ തർജ്ജമയാണു്. ഈ പരിഭാഷകൾ വേദപുസ്തക സമൂഹം പ്രസിദ്ധപ്പെടുത്തുകയില്ല. കേരളത്തിൽ സി. എം. എസ്. മിഷ്യനറിമാർ വന്നതിന്നു ശേഷമാണു് മലയാളത്തിൽ വേദപുസ്തക പരിഭാഷയുണ്ടായതു്.

## (iii)

### അപ്പോക്രിഫാ

നമ്മുടെ വേദപുസ്തകത്തിൽ ഉൾക്കൊണ്ടിട്ടില്ലാത്ത പതിന്നാലു ചെറുപുസ്തകങ്ങൾ ഉണ്ടു്. ഇവക്കു്, "അപ്പോക്രിഫാ" എന്നു പറഞ്ഞുവരുന്നു. "ഒളിച്ചുവക്കപ്പെട്ടതു്," "പൊതു ഉപയോഗത്തിൽ നിന്നു് മാററപ്പെട്ടതു്" എന്നെല്ലാം "അപ്പോക്രിഫാ" എന്ന ഗ്രേക്കുപദം പരിഭാഷപ്പെടുത്താം. ഈ പുസ്തകങ്ങൾ അലക്സന്ത്ര്യായിലെ യഹൂദന്മാരുടെ ഇടയിൽ ബി. സി. നാലാം നൂററാണ്ടിനും രണ്ടാം നൂററാണ്ടിനുമിടക്കു് പ്രചരിച്ചവയാണു്. അവ യഹൂദ ദൈവ വിശ്വാസത്തിന്നു അനുസരണമായ പുസ്തകങ്ങളായിരുന്നതിനാൽ അലക്സന്ത്രിയായിലെ യഹൂദന്മാർ അവ സെപ്ററുവജിൻറിനോടു് ചേർത്തു വേദപുസ്തക ഭാഗമായി അംഗീകരിച്ചു. അലക്സാന്ത്രിയയിലെ യഹൂദന്മാർ വളരെ പുരോഗമന ചിന്തയോടുകൂടിയവരായിരുന്നു. എന്നാൽ, പലസ്തീൻ നാട്ടിലെ യഹൂദന്മാർ ഈ പതിന്നാലു പുസ്തകങ്ങൾ വേദപുസ്തകത്തിൽ ഉൾപ്പെടുത്താൻ വിസമ്മതിച്ചു. ക്രിസ്തുവിൻെറയും അപ്പോസ്തലന്മാരുടെയും കാലത്തു ഇവ ഉപയോഗത്തിലിരുന്നു. എങ്കിലും,

പഴയ നിയമ പുസ്തകങ്ങളുടെ ഗണത്തിൽ അവയെ സ്വീകരിച്ചിരുന്നില്ല. താബിത്ത്, ജൂഡിത്ത്, ബാരുക്ക്, എക്ലിസിയാസ്റ്റിക്കസ്, മക്കാബിയർ ഒന്നാം പുസ്തകം, മക്കാബിയർ രണ്ടാം പുസ്തകം, ഇവയാണ് പതിന്നാലു പുസ്തകങ്ങളിൽ പ്രധാനപ്പെട്ടവ. വിശുദ്ധ ജറോം, വേദപുസ്തകം ലത്തീനിലേക്ക് പരിഭാഷപ്പെടുത്തിയപ്പോൾ, അപ്പോക്രിഫാ ഗ്രന്ഥങ്ങൾക്ക് പഴയനിയമത്തിലെ 39 പുസ്തകങ്ങളോടു തുല്യമായ വില കൊടുത്തില്ല. അപ്പോക്രിഫായെപ്പററി ജറോം പറയുന്നു: "ജനങ്ങളുടെ ആദ്ധ്യാത്മികോന്നതിക്കു വേണ്ടിയാണ്, വിശ്വാസസിദ്ധാന്തങ്ങളുടെ അധികൃത സ്ഥിരീകരണമെന്ന നിലയിലല്ല, സഭ ഈ പുസ്തകങ്ങൾ വായിക്കുന്നത്." ('The Church reads these Books for the edification of the people, not for the authoritative confirmation of doctrine.")

യൂറോപ്പിലെ നവീകരണ കർത്താവായ ലൂഥർ, അപ്പോക്രിഫാക്കു് വിശുദ്ധ വേദത്തിന്റെ സ്ഥാനം കൊടുത്തില്ല. എന്നാൽ 1546—ൽ കൂടിയ റോമാ സഭയുടെ ട്രെൻറുകൗൺസിൽ, പതിന്നാല് അപ്പോക്രിഫാ പുസ്തകങ്ങളും 66 പുസ്തകങ്ങളോട് തുല്യവിലയുള്ളതും, ദൈവനിശ്വാസ്യവും ആയി അംഗീകരിച്ചു. ആംഗ്ലേയ സഭ ഇതേപ്പററിയുള്ള അതിന്റെ നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത സഭ അപ്പോക്രിഫായെപ്പററി പറയുന്നതു ഇങ്ങനെയാണ്: "ജീവിത ദൃഷ്ടാന്തത്തിനും പെരുമാററം സംബന്ധിച്ച ഉൽബോധനത്തിനും വേണ്ടി സഭ അവ വായിക്കുന്നു. എന്നാൽ ഏതെങ്കിലും വിശ്വാസതത്വം സ്ഥാപിക്കുന്നതിനുവേണ്ടി അവ ഉപയോഗിക്കുന്നില്ല." ("The Church doth read for example of life and instruction of manners, but

yet doth it not apply them to establish any doctrine.")

(iv)

**വേദപുസ്തക കാനോൻ**

വിശുദ്ധ പുസ്തകങ്ങളായി യഹൂദസഭയിലും, ക്രിസ്തു സഭയിലും അനേക പുസ്തകങ്ങൾ എഴുതപ്പെട്ടുകയും, അവ ഓരോ സ്ഥലങ്ങളിൽ ഉപയോഗത്തിലിരിക്കയും ചെയ്തിരുന്നു. അങ്ങനെ ചെറുതും, വലുതുമായ അനേകം പുസ്തകങ്ങളിൽ നിന്നു് 66 പുസ്തകങ്ങൾ മാത്രം എങ്ങനെ തെരഞ്ഞെടുത്തു ചേർത്തു? ആ വേദപുസ്തകം എങ്ങനെ സഭക്കു സ്വീകാര്യമായി? സഭയിലെ ഉപദേശങ്ങൾക്കും ജീവനും അതു് എപ്രകാരം അടിസ്ഥാനമായിത്തീർന്നു?

എ. ഡി. 325–ൽ നിഖ്യാ സുന്നഹദോസു് കൂടിക്കൊണ്ടിരുന്നപ്പോൾ, വിശുദ്ധ പുസ്തകങ്ങളായി ഓരോ പ്രദേശങ്ങളിൽ ഉപയോഗത്തിലിരുന്നവയെല്ലാം നിഖ്യായിലെ പള്ളിയുടെ ത്രോണോസു് മുമ്പാകെ കൊണ്ടുവന്നു വച്ചുവെന്നും, അവയിൽ ഏതെല്ലാം തിരുവെഴുത്തുകളായി സ്വീകരിക്കാമെന്നു് വെളിപ്പെടുത്തിത്തരണമെന്നു പ്രാർത്ഥിച്ചു എന്നും, പ്രാർത്ഥന അവസാനിച്ചപ്പോൾ കൂട്ടിവച്ചിരുന്ന പുസ്തകങ്ങളുടെ ഇടയിൽ ഒരു ചലനം ഉണ്ടായി, അവയിൽ 66 പുസ്തകങ്ങൾ ത്രോണോസിന്മേൽ സ്ഥാനം പിടിച്ചു എന്നും അവ വേദപുസ്തകമായി സമാഹരിച്ചുവെന്നും, അങ്ങനെയാണു് വിശുദ്ധ വേദപുസ്തകത്തിന്നു 66 പുസ്തകങ്ങളായി ക്ലിപ്തപ്പെടുത്തിയതെന്നും ഒരു ഐതിഹ്യം സഭയിൽ ഒരുകാലത്തു ചിലർ വിശ്വസിച്ചുവന്നു. എന്നാൽ ദൈവം സഭയെ നടത്തിയിട്ടുള്ളതു് ഈവിധത്തിലല്ലല്ലോ.

ദൈവം തന്നെത്തന്നെ ലോകത്തിന്നു വെളിപ്പെടുത്തി യിട്ടുള്ളതു് പടിപടിയായി, ക്രമാനുഗതമായി, ആയിരുന്നു; അതുപോലെ, തിരുവചനത്തിലെ പുസ്തകങ്ങളും കാലാകാല ങ്ങളിൽ എഴുതപ്പെട്ടവ, ക്രമേണ സമാഹരിക്കപ്പെട്ട, ഒന്നായി തീൎന്നതത്രെ.

വേദപുസ്തകത്തിൽ ഉൾക്കൊള്ളുന്ന പുസ്തകങ്ങളുടെ ഉത്ഭവം ബി. സി. 1300 മുതലാണെന്നു സങ്കല്പിക്കപ്പെടുന്നു. എന്നാൽ ആറാം നൂററാണ്ടിന്നടുത്തായിരിക്കണം, മോശെയുടെ അഞ്ചു പുസ്തകങ്ങൾ ഇന്നത്തെ നിലയിൽ നമുക്കു ലഭിച്ചതു്. അക്കാലത്തായിരിക്കണം അവ സമാഹരിക്കപ്പെട്ടതും യഹൂദ സഭയുടെ ആധാരമായി തീൎന്നതും. ശമൎയ്യക്കാരും യഹൂദന്മാരും തമ്മിൽ രണ്ടായി പിരിഞ്ഞതു ബി. സി. അഞ്ചാം നൂററാണ്ടി ലാണു്. ശമൎയ്യക്കാർ മോശെയുടെ അഞ്ചു പുസ്തകങ്ങൾ മാത്രമേ വേദപുസ്തകമായി സ്വീകരിച്ചിട്ടുള്ളു. പ്രവചന പുസ്തകങ്ങളും മററും പുസ്തക രൂപത്തിൽ ക്രമീകൃതമായതു് ബാബിലോന്യ പ്രവാസകാലത്തായിരിക്കണം. ക്രിസ്തുവിന്നു മുമ്പു് മൂന്നാം നൂററാണ്ടിൽ, പഴയ നിയമ പുസ്തകങ്ങൾ എല്ലാം എഴുതപ്പെട്ടു്, പൊതു സ്വീകരണത്തിൽ വന്നു. എ. ഡി. 90 –ൽ യഹൂദ റബ്ബിമാരുടെ ഒരു സുന്നഹദോസ്സു് ജാമ്നിയാ എന്ന സ്ഥലത്തു കൂടി. ഈ സുന്നഹദോസാണു് യഹൂദന്മാരുടെ വേദ പുസ്തകത്തിലെ 39 പുസ്തകങ്ങൾ ഔദ്യോ ഗികമായി സ്വീകരിച്ചതു്.

യഹൂദന്മാരുടെ വേദപുസ്തകം ക്രിസ്തീയ സഭ അപ്പാടെ സ്വീകരിച്ചു. യേശുക്രിസ്തുവിന്നും ശിഷ്യന്മാൎക്കും ഉപയോ ഗിക്കാൻ ലഭിച്ച വേദപുസ്തകം, നമ്മുടെ പഴയനിയമം മാത്ര മായിരുന്നു. ആ അടിസ്ഥാനത്തിലാണു് സഭ 39 പുസ്തക

ങ്ങൾ അടങ്ങിയ പഴയനിയമം വേദപുസ്തകത്തിൻെറ ഭാഗമായി സ്വീകരിച്ചതു്.

പഴയനിയമ പുസ്തകങ്ങളുടെ രചനയ്ക്കു് ഏകദേശം ആയിരം സംവത്സരം എടുത്തു. പുതിയ നിയമത്തിലെ 27 പുസ്തകങ്ങളുടെ രചന 50 സംവത്സരത്തിനകം പൂത്തിയായി. യേശുക്രിസ്തുവിൻെറ ജീവിതകാലത്തെ ചെയ്തികളും ഉപദേശങ്ങളും അപ്പോസ്തലന്മാരുടെ കാലത്തു വാമൊഴിയായി സഭയിൽ പ്രചരിച്ചു. യേശുക്രിസ്തുവിൻെറ വചനങ്ങൾ അടങ്ങിയ ചെറിയ പുസ്തകം ആദ്യം തന്നെ പ്രചരണത്തിൽ ഇരുന്നിരിക്കണം. ക്രിസ്ത്യാനികളുടെ ആരാധനയ്ക്കു വായിച്ചുവന്ന പുസ്തകം ന്യായപ്രമാണവും പ്രവാചകന്മാരും ആയിരുന്നു. പിന്നീട്ട്, അപ്പോസ്തലന്മാർ സഭയ്ക്കു് ഉപദേശപരമായ കത്തുകൾ എഴുതുവാൻ തുടങ്ങി. ആ ലേഖനങ്ങൾ ആരാധനാസമയത്തു വായിക്കയും പ്രബോധനത്തിന്നായി ഉപയോഗപ്പെടുത്തുകയും ചെയ്തുവന്നു. അവയിൽ ചില ലേഖനങ്ങളാണു് സുവിശേഷങ്ങൾക്കു മുമ്പായി പ്രചാരത്തിൽ വന്നതു് എന്ന വാസ്തവം പലക്കും പുതിയ അറിവായിരിക്കും. ഗലാത്യലേഖനം എ. ഡി. 49–ലും, 1 തെസ്സലോനിക്യ, 1 കൊരിന്തി ഇവ എ. ഡി. 55–നു മുമ്പും എഴുതപ്പെട്ടു. യേശുക്രിസ്തുവിൻെറ ഉയിർത്തെഴുന്നേല്പ്, കത്താവു് തിരുഅത്താഴം നിയമിച്ചേല്പിച്ച സംഭവം, ഇവയ്ക്കു ആദ്യമായി ലഭിക്കുന്ന രേഖ കൊരിന്ത്യലേഖനം ആണു്.

അപ്പോസ്തലന്മാരുടെ കാലം അവസാനിക്കാറായതോടുകൂടി യേശുക്രിസ്തുവിൻെറ എഴുതപ്പെട്ട ജീവചരിത്രം ഒരു ആവശ്യമായിത്തീന്നു. അങ്ങനെ എ. ഡി. 65–ൽ മക്കോസിൻെറ സുവിശേഷം എഴുതപ്പെട്ടു. പിന്നീട്ട, വേറെ പല സുവിശേഷ ഗ്രന്ഥങ്ങൾ ഉണ്ടായി. ലൂക്കോസു് സുവി

ശേഷം എഴുതിയതിന്നു ശേഷം, അപ്പോസ്തലന്മാരുടെ പ്രവൎത്തനങ്ങളെപ്പററിയും, സഭയുടെ സ്ഥാപനത്തെപ്പററിയും എഴുതി. അതു ഓരോ സ്ഥലത്തെയും സഭകൾക്കു വിലയുള്ളതായിത്തീൎന്നു.

ഡൊമീഷ്യൻ ചക്രവൎത്തി സഭയെ നശിപ്പിക്കുന്നതിന്നായി ഒരു പീഡനം ആരംഭിച്ചു. ആ അഗ്നിപരിശോധനയിൽ സഭയെ വിശ്വാസത്തിൽ സ്ഥിരപ്പെടുത്തുവാനായി വെളിപ്പാടു പുസ്തകം എഴുതപ്പെട്ടു. ഇതു് എ. ഡി. 95–ലായിരുന്നു. അങ്ങനെ പുതിയനിയമ ഗ്രന്ഥങ്ങളുടെ രചന പൂൎത്തിയായി.

പല സുവിശേഷങ്ങളും പല ലേഖനങ്ങളും പ്രചാരത്തിൽ ഉണ്ടായിരുന്നു. ഇവയിൽനിന്നു ആവശ്യമായവ തെരഞ്ഞെടുക്കേണ്ടിയിരുന്നു. എ. ഡി. 160–ൽ ടാഷ്യൻ എന്ന എഴുത്തുകാരൻ ക്രിസ്തുവിൻെറ ഒരു ജീവചരിത്രം എഴുതി. സംഭവങ്ങളുടെയും പ്രസംഗങ്ങളുടെയും ആവൎത്തനം കൂടാതെ, നാലു സുവിശേഷങ്ങളിലേ വാക്യങ്ങൾ, ഒന്നിനു പുറകേ ഒന്നായി എഴുതിയിട്ടുള്ളതാണതു്. ഇതിന്നു ഡയോറെസ്സറോൺ എന്നു പേർ. ടാഷ്യൻെറ കാലത്തു് നമ്മുടെ നാലു സുവിശേഷങ്ങൾ മാത്രം സ്വീകരിക്കപ്പെട്ടിരുന്നു എന്നു് ഇതു തെളിയിക്കുന്നു. 170–ൽ മിലാൻ പട്ടണത്തിൽനിന്നു കിട്ടിയ "മുറാറേറാറിയൻ ഫ്രാഗ്മെൻറു്" എന്നൊരു ഗ്രന്ഥശകലം ഉണ്ടു്. അതിൽ, നാലു സുവിശേഷങ്ങളും, പൌലോസിൻെറ പതിമൂന്നു ലേഖനങ്ങളും, യൂദ, യോഹന്നാൻ (ഒന്നും രണ്ടും ലേഖനങ്ങൾ,) പ്രവൃത്തികളുടെ പുസ്തകം, വെളിപ്പാടു് എന്നിവ അടങ്ങിയിരിക്കുന്നു. യാക്കോബ്, പത്രോസു് (രണ്ടു ലേഖനം,) എബ്രായൎക്കുള്ള ലേഖനം ഇവ സ്വീകരിക്കപ്പെട്ട ലിസ്റ്റിൽ ഇല്ല. മൂന്നാം നൂററാണ്ടിൽ ക്ലമൻറു്, ബർണ

ബാസ്, ഹെർമാസ് എന്നീ പേരുകളാൽ അറിയപ്പെട്ടുന്ന ലേഖനങ്ങൾ മൂന്നാം നൂററാണ്ടിൽ ചില ഇടങ്ങളിൽ പ്രചാരത്തിലുണ്ടായിരുന്നു. എ. ഡി. 363—ൽ വിശുദ്ധ അത്താനാസ്യോസ്, നിസ്സംശയം സ്വീകരിക്കപ്പെട്ടുപോന്ന വേദപുസ്തകങ്ങളുടെ പട്ടിക കുറിച്ചിട്ടുണ്ട്. അതിൽ നാം ഇപ്പോൾ സ്വീകരിക്കുന്ന എല്ലാ പുതിയനിയമ പുസ്തകങ്ങളും സാർവ്വത്രികമായി സ്വീകരിക്കപ്പെട്ടുപോന്നതായി പറയുന്നു. 363—ൽ കൂടിയ ലവോദിക്യാ കൌൺസിൽ, പുതിയനിയമത്തിലെ 27 പുസ്തകങ്ങളും ഔദ്യോഗികമായി സ്വീകരിച്ചു. അങ്ങനെ പഴയനിയമ പുതിയനിയമ കാനോൻ പൂർത്തിയായി.

സഭയാണ് വേദപുസ്തകത്തിൻെറ കാനോൻ നിശ്ചയിച്ചതു് എന്നതു വാസ്തവം. എന്നാൽ, ഏതെങ്കിലും ഒരു സഭാകൌൺസിൽ കൂടി പുസ്തകങ്ങൾ പരിശോധിച്ചു തിരഞ്ഞെടുക്കുകയായിരുന്നില്ല. ("The men who compiled the Bible simply accepted established facts. They declared not what is Bible, but what was already Bible. They recorded not their own judgment, but that of ages before them. Their verdict only asserted: These are the books which have been for generations accepted amongst us as of divine authority.")

വേദപുസ്തകത്തെപ്പററി പഠിക്കുമ്പോൾ 'കാനോൻ,' എന്ന വാക്കു് ഉപയോഗത്തിൽ കാണും. അതേപ്പററി ഒരു ധാരണയുണ്ടാകേണ്ടതു ആവശ്യമാണ്. 'കാനോൻ' ഒരു ഗ്രേക്കു പദമാകുന്നു. എബ്രായ ഭാഷയിൽ ഇതിന്നു് അനുരൂപമായവാക്കു് "reed" എന്നു പരിഭാഷപ്പെടുത്താം. അളക്കുന്നതിനുള്ള കോൽ എന്ന പ്രാരംഭ അർത്ഥമാണ്

കാനോനു് ഉള്ളതു്. ആശാരിമാർ മുഴക്കോൽ കൊണ്ടു് ഉരുപ്പടികൾ അളക്കുന്നു. ആ അളക്കുന്ന മുഴക്കോൽ തന്നെ ഒരു തോതിനു് അളന്നു മുറിക്കുന്നതാണു്. അളവുകോലിനാൽ അളന്നെടുക്കപ്പെടുന്നതു് പിന്നീടു് ഒരു തോതു് ആയിത്തീരുന്നു. അങ്ങനെ, സ്വതവേയുള്ള ആത്മീയ മൂല്യവും പൊതുജന സ്വീകരണവും അനുഭവത്തിൽ കണ്ടറിഞ്ഞ മൂല്യവും അടിസ്ഥാനമാക്കി തെരഞ്ഞെടുക്കപ്പെട്ട 66 പുസ്തകങ്ങൾ ഉപദേശത്തിന്നും വിശ്വാസങ്ങൾക്കും അടിസ്ഥാനവും, മാനദണ്ഡവും ആയിതീൎന്നു. കാനോനിക വേദഗ്രന്ഥങ്ങൾ എന്നതിൻെറ അൎത്ഥം, അധികാരവും അടിസ്ഥാനവും ആയി സ്വീകരിക്കപ്പെട്ട പുസ്തകങ്ങൾ എന്നാണു്. (The canon of scripture means: 1. That which is measured or defined by the rule of the Christian Church. 2. That which being measured becomes thereby the rule of the Church for other cases.) സഭാസംബന്ധമായ ചട്ടങ്ങൾക്കു കാനോൻ എന്ന പേരുണ്ടു്. ആംഗ്ലേയ സഭയിൽ ഭദ്രാസനപ്പള്ളിയിലെ പ്രത്യേക സ്ഥാനികളായ പട്ടക്കാൎക്കു് 'കാനൻ' എന്ന ഔദ്യോഗികപ്പേരുണ്ടു്, 'Fixing of the canon' എന്നു വച്ചാൽ മാനദണ്ഡമായി സ്വീകരിക്കപ്പെടേണ്ട പുസ്തകങ്ങളുടെ ലിസ്റ്റു് പൂൎത്തിയാക്കി, ഉറപ്പിക്കുക എന്നൎത്ഥം. പഴയനിയമത്തിൻെറ കാനോൻ ബി. സി. മൂന്നാം നൂററാണ്ടിലും, (ഔദ്യോഗികമായി എ. ഡി. 90–ൽ ജാമ്നിയാസുന്നഹദോസിൽവച്ചു്) പുതിയനിയമത്തിൻെറ കാനോൻ എ. ഡി. നാലാം നൂററാണ്ടിൻെറ മദ്ധ്യത്തിലും പൂൎത്തിയായി എന്നു പറയാം.

(v)

**വേദപുസ്തകത്തിൻെറ**
**ദൈവശ്വാസീയത**

എല്ലാതിരുവെഴുത്തും ദൈവശ്വാസീയമാകുന്നു എന്നു പൌലോസപ്പോസ്തലൻ തിമോഥിയോസിന്നെഴുതിയ രണ്ടാം ലേഖനത്തിൽ പറഞ്ഞിരിക്കുന്നു.[1] "ദൈവശ്വാസീയം" എന്നാൽ എന്തു്? എഴുതിയ മനുഷ്യൻെറ പങ്കു് അതിൽ എന്തു വരും? ദൈവത്തിൻെറ പങ്കു് എത്രമാത്രം? "The Bible is none other than the voice of Him that sitteth on the throne. Every book of it, every chapter of it, every verse of it, every word of it, every syllable of it, every letter of it, is the direct utterance of the Most High, supreme, absolute, unerring." ഇതാണു് ഒരു എഴുത്തുകാരൻെറ അഭിപ്രായം. ദൈവാത്മാവു ഒരുവനെ പിടികൂടി, അല്ലെങ്കിൽ അയാളിൽ പ്രവേശിച്ചു്, ഓരോവാക്കും ഓരോ വചനവും പറഞ്ഞു കൊടുത്തുവെന്നുള്ളതാണു' അക്ഷരപ്രകാരമുള്ള ദൈവശ്വാസീയവാദം. (Verbal Inspiration Theory)

ഈ അഭിപ്രായം സ്വീകരിക്കുക നമുക്കു സാധ്യമല്ല. വേദപുസ്തകം ഇങ്ങനെ ഒരിടത്തും അവകാശപ്പെടുന്നില്ല. ഓരോ എഴുത്തുകാരൻെറയും സ്റ്റൈലും ഭാഷയും വ്യത്യാസപ്പെട്ടിരിക്കുന്നു. പരിശുദ്ധാത്മാവു പറഞ്ഞുകൊടുത്തതാണെങ്കിൽ ഭാഷാരീതി എല്ലാ പുസ്തകങ്ങളിലേതും ഒരുപോലെ ഇരിക്കണമല്ലോ. യേശുക്രിസ്തുവിൻെറ ജീവചരിത്രം നാലുപേക്കു നാലുവിധത്തിൽ പറഞ്ഞുകൊടുത്തു് എഴു

---

1. ii തിമോഥെയോസ് 3 : 16.

തിച്ചതു് എന്തിനായിരിക്കുമോ? ലൂക്കോസു് സ്പഷ്ടമായി പറയുന്നുണ്ടു്, താൻ സുവിശേഷം എഴുതിയതു് എങ്ങനെ യാണെന്നു്. "ശ്രീമാനായ തെയോഫിലോസേ, ആദിമുതൽ കണ്ട സാക്ഷികളും വചനത്തിൻെറ ശുശ്രൂഷകന്മാരുമായി രുന്നവർ നമ്മെ ഭരമേല്പിച്ചതുപോലെ, നമ്മുടെ ഇടയിൽ പൂൎണ്ണമായി പ്രമാണിച്ചുവരുന്ന കാൎയ്യങ്ങളെ വിവരിക്കുന്ന ഒരു ചരിത്രം ചമപ്പാൻ പലരും തുനിഞ്ഞിരിക്കുന്നതുകൊണ്ടു് നിനക്കു ഉപദേശം ലഭിച്ചിരിക്കുന്ന വാൎത്തയുടെ നിശ്ചയം നീ അറിയേണ്ടതു് നന്നെന്നു് ആദിമുതൽ സകലവും സൂക്ഷ്മ മായി പരിശോധിച്ചിട്ടു് എനിക്കും തോന്നിയിരിക്കുന്നു."

ലൂക്കോസ് സുവിശേഷം എഴുതിയതു് പല രേഖകൾ പരിശോധിച്ചശേഷമാണെന്നു് ഇതിൽനിന്നു സ്പഷ്ടമാകുന്നു. അക്ഷരപ്രകാരമുള്ള ദൈവശ്വാസീയവാദം നാം നിഷേ ധിക്കുകയാണെങ്കിൽ, അതു ദൈവവചനത്തിന്നു് വിപ രീതമായ നിലപാടാണെന്നു വരുന്നില്ല. ആരോ ചിലർ അകാരണമായി പുറപ്പെടുവിച്ച അഭിപ്രായം നാം സ്വീകരി ക്കുന്നില്ലെന്നു മാത്രം. അക്ഷരാൎത്ഥ ദൈവനിശ്വാസ്യതക്കു് എതിരായി മറെറാരു കൂട്ടർ പ്രാകൃതിക ദൈവനിശ്വാസ്യത (natural inspiration) എന്നൊരു അഭിപ്രായം ഉന്നയിച്ചു. യുഗായുഗങ്ങളായി, ദൈവാത്മാവു് കവികൾക്കും, പ്രവാ ചകന്മാൎക്കും പ്രചോദനം നൽകീട്ടുണ്ടു്; ആധുനിക കാലത്തു മഹാത്മഗാന്ധി, ടാഗോർ മുതലായവരെ പ്രകാശിപ്പിച്ചു അവരോടു സംസാരിച്ചു; അതുപോലെ വേദപുസ്തക ലേഖ കന്മാൎക്കും ഉത്തേജനം നൽകി അവരെക്കൊണ്ടു എഴുതിച്ചു എന്നാണു് അവരുടെ അഭിപ്രായം. ദൈവാത്മാവു് യഹൂ ദേതരന്മാരെയും, ക്രിസ്ത്യേതരന്മാരെയും പ്രകാശിപ്പിച്ചിട്ടുണ്ടു്; നാം അതു് നിഷേധിക്കുന്നില്ല. ഇപ്പോഴും ദൈവാത്മാവു

വിവിധരീതികളിൽ മനുഷ്യരെ പ്രകാശിപ്പിക്കയും, പ്രേരിപ്പിക്കയും ചെയ്യുന്നുണ്ട്. സത്യം, നീതി, വിശുദ്ധി, സ്നേഹം ഇവ നാം എവിടെയെല്ലാം കാണുന്നുവോ, അവിടെയൊക്കെ ദൈവാത്മാവിൻെറ പ്രേരണയും നാം കാണണം. എന്നാൽ, വേദപുസ്തക ലേഖകന്മാരെ ഒരു പ്രത്യേകരീതിയിൽ ദൈവം ഉപയോഗിച്ചുവെന്നു്, താഴെപ്പറയുന്ന കാരണങ്ങളാൽ, നാം വിശ്വസിക്കുന്നു:

പഴയനിയമത്തിലെ പ്രവാചകരും, പുതിയനിയമത്തിലെ അപ്പോസ്തലന്മാരും അവകാശപ്പെടുന്ന ദൈവനടത്തിപ്പും, പ്രേരണയും മറേറതെങ്കിലും എഴുത്തുകാർ, അവകാശപ്പെടുന്നില്ലല്ലോ. വേദപുസ്തക ലേഖകന്മാരുടെ അവകാശവാദം സൂക്ഷിക്കുക: "യഹോവ എന്നോടു അരുളിച്ചെയ്തു," "യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു." "യേശുക്രിസ്തുവിൻെറ അപ്പോസ്തലനായ പൌലോസു്" "അതു ഞാൻ മനുഷ്യരോടു് പ്രാപിച്ചിട്ടില്ല, പഠിച്ചിട്ടുമില്ല, യേശുക്രിസ്തുവിൻെറ വെളിപ്പാടിനാൽ അത്രേ പ്രാപിച്ചതു്."

വേദപുസ്തകത്തിലെ എഴുത്തുകാരെ പ്രകാശിപ്പിച്ചതും, ലൂഥർ, വെസ്‌ലി, മുതലായവരെ പ്രകാശിപ്പിച്ചതും തമ്മിൽ വ്യത്യാസം ഉണ്ടു്. ബി. സി. 1300 മുതൽ 300 വരെ ആയിരം സംവത്സരക്കാലത്തിന്നിടയിൽ പല ലേഖകന്മാർ എഴുതിയ എഴുത്തുകൾ വീണ്ടെടുപ്പിനെയും മശിഹായെയും ചൂണ്ടിക്കാണിക്കുന്നുണ്ടു്. ഒരു ചങ്ങലപോലെ ഈ ആശയങ്ങൾ വിവിധ പുസ്തകങ്ങളെ കൂട്ടി യോജിപ്പിക്കുന്നു. ഇതു എങ്ങനെ സംഭവിച്ചു? ദൈവം പ്രത്യേകമായ രീതിയിൽ അവരെ എടുത്തു് ഉപയോഗിച്ചതുകൊണ്ടു തന്നെ.

ദൈവശ്വാസീയമായ ഒരു പുസ്തകം ഉണ്ടാകുന്നതിന്നു മുമ്പു് ദൈവശ്വാസീയമായ ഒരു ജനം ഉണ്ടായിരുന്നു എന്നു്

നാം ഓക്കണം. ആ സഭയിൽ ചിലക്കു് ദൈവം പ്രത്യേക വെളിപ്പാടും പ്രകാശവും കൊടുത്തു. വേദപുസ്തകത്തിൻെറ ദൈവശ്വാസീയതയെപ്പററി ചിന്തിക്കുമ്പോൾ അതിൽ മനുഷ്യൻെറ പങ്കും ദൈവത്തിൻെറ നടത്തിപ്പും (human element and divine element) നാം വ്യക്തമായി മനസ്സിലാക്കണം. ഓരോ കാലത്തെ എഴുത്തുകാരുടെ ലോകജ്ഞാനം, ഭാഷാരീതി ഇവയെ കെട്ടത്തിക്കളഞ്ഞു്, വ്യക്തിത്വം നഷ്ടപ്പെടുത്തി, അവരെ ഒരു ആയുധമാക്കി ഉപയോഗിക്കുകയായിരുന്നില്ല. വ്യക്തിയുടെ ആത്മാവിനെയും ചിന്തയെയും, ദൈവബോധത്തെയും പ്രകാശിപ്പിച്ചു്, ദൈവവചനം അവരെക്കൊണ്ടു് എഴുതിപ്പിക്കുകയായിരുന്നു. ("God used the natural characteristics of the writers and through them conveyed His truth.")

വേദപുസ്തകം വായിക്കയും ധ്യാനിക്കയും ചെയ്യുന്ന വ്യക്തിയെയും സമൂഹത്തെയും അതു് ഉയത്തുന്നു. അതു അവക്കു ദൈവപ്രകാശം കൊടുക്കുകയും ചെയ്യുന്നു. വേദപുസ്തകം വായിക്കുന്നവരെയും അതിനെപ്പററി ധ്യാനിക്കുന്നവരെയും ആത്മിക ജ്ഞാനത്തിലേക്കും, ദൈവവെളിപ്പാടിലേക്കും നടത്തുന്നു എന്നതു് ആ പുസ്തകത്തിൻെറ ദൈവശ്വാസീയതയ്ക്കു ഒരു തെളിവാകുന്നു.

വേദപുസ്തകത്തിൽ ഉൾപ്പെടുന്ന എല്ലാ പുസ്തകങ്ങളും, എല്ലാ ഭാഗങ്ങളും ഒരുപോലെ ദൈവശ്വാസീയമാണെന്നു നാം കരുതുന്നില്ല. ചരിത്ര പുസ്തകങ്ങളും പ്രവചന പുസ്തകങ്ങളും ഒരേനിലയിലുള്ളതല്ലല്ലോ. പ്രസംഗക്കാരൻെറ പുസ്തകവും സങ്കീത്തനങ്ങളും തുല്യമായ ആത്മിക പ്രകാശനം തരുന്നതല്ലെന്നു വ്യക്തമാണല്ലോ.

(vi)

**അപ്രമാദിത്വസ്വഭാവം**

തെററിക്കൂടാത്ത ഒരു അധികാരത്തിന്നും നേതൃത്വത്തിന്നുമുള്ള ആഗ്രഹം മനുഷ്യസഹജമാണ്. മദ്ധ്യന്തൂററാണ്ടിൽ തെററിക്കൂടാത്ത സഭയിൽ ജനങ്ങൾ വിശ്വസിച്ചു. ലൂഥറിൻെറ നവീകരണശേഷം "തെററിക്കൂടാത്ത വേദപുസ്തകം" എന്ന ആശയം പ്രോട്ടസ്റ്റൻറു് സഭാവിഭാഗങ്ങളിൽ സ്ഥാനം പിടിച്ചു. വേദപുസ്തകത്തിൻെറ പദംപദമായുള്ള ദൈവശ്വാസീയതയിൽ വിശ്വസിക്കുന്നവരാണ്, വേദപുസ്തകത്തിൻെറ തെററിക്കൂടായ്മയിലും വിശ്വസിക്കുന്നതു്. അവരുടെ എഴുത്തുകൾ തെററിക്കൂടാത്ത ഒരു രേഖയായി പരിണമിക്കുന്നതിലേക്ക് വിശുദ്ധ ലേഖകന്മാരുടെമേൽ ദൈവം അദ്ധ്യക്ഷത വഹിച്ചു എന്നാണ് ഒരു ഗ്രന്ഥകാരൻ എഴുതിയിരിക്കുന്നതു്. ("God presided over the sacred writers in their entire work of writing, with the design and effect of making that writing an errorless record.")

ഈ പ്രസ്താവനയെ സാധൂകരിക്കത്തക്ക യാതൊരു വാക്യമോ സൂചനയോ വേദപുസ്തകത്തിൽ ഇല്ല. വേദപുസ്തകത്തിലെ എഴുത്തുകാർ ആരും തങ്ങൾക്കായി തെററിക്കൂടായ്മ അവകാശപ്പെട്ടിട്ടില്ല. എബ്രായ, ഗ്രേക്ക്, സുറിയാനി, ഈ ഭാഷകളിൽ കിട്ടിയിട്ടുള്ള പുരാതന കയ്യെഴുത്തുപ്രതികൾ തമ്മിൽ അല്പ സ്വല്പ വ്യത്യാസങ്ങൾ വാക്കുകളിലും വാചകത്തിലും പ്രത്യക്ഷപ്പെടുന്നുണ്ടു്. പഴയനിയമത്തിലെ സാന്മാഗ്ഗികതോതും, പുതിയനിയമത്തിലേതും തമ്മിൽ കാൎയ്യമായ വ്യത്യാസം കാണുന്നുണ്ടു്. വേദപുസ്തകം പഠിക്കുന്നവരെ ഓപ്പിക്കേണ്ട ഒരു സംഗതി ഇവിടെ പരാമർശിക്കേണ്ടിയിരി

ക്കുന്നു. വേദപുസ്തകത്തിൽ ദൈവത്തെപ്പററിയുള്ള അറിവ് പടിപടിയായി ക്രമേണ വളൎന്നുവരുന്നതായിട്ടാണ് ചിത്രീകരിച്ചിട്ടുള്ളതു്. (progressive revelation of God in the Bible). ദൈവത്തെക്കുറിച്ചുള്ള അറിവ് സംബന്ധിച്ച് മോശയുടെ പുസ്തകത്തിലേതിനേക്കാൾ എത്ര മികച്ച വെളിപ്പാടാണ് പ്രവാചകന്മാരുടെ എഴുത്തുകളിൽ കാണുന്നതു്. പഴയനിയമത്തിൽ ഏക സത്യദൈവത്തെപ്പററി കാണുന്ന ചിന്ത, പുതിയനിയമത്തിൽ ത്രിയേകദൈവത്തിലുള്ള വിശ്വാസമായി മാറുന്നു. ദൈവ ഇഷ്ടത്തിൻെറയും ദൈവത്തിൻെറ ആജ്ഞയുടെയും രൂപം പൂണ്ടു് പഴയനിയമത്തിലെ ഇസ്രയേൽചരിത്രത്തിൽ പ്രത്യക്ഷപ്പെടുന്ന ശത്രുവൈരാഗ്യവും, സാമ്രാജ്യികജീവിതാധഃപതനവും എല്ലാം തന്നെ, ദൈവത്തിൻെറ പൂൎണ്ണസ്വഭാവം അന്നു് ജനങ്ങൾക്കു് മനസ്സിലാക്കുവാൻ കഴിയാഞ്ഞതിനാലുണ്ടായ പരിമിതികളാണ്. എബ്രായലേഖനത്തിൻെറ കൎത്താവു് ഈ പടിപടിയായ വെളിപ്പാടിനെപ്പററി സ്പഷ്ടമായി എഴുതുന്നു: "ദൈവം പണ്ടു് ഭാഗംഭാഗമായും, വിവിധമായും പ്രവാചകന്മാർ മുഖാന്തിരം പിതാക്കന്മാരോടു് അരുളിച്ചെയ്തിട്ടു്, ഈ അന്ത്യകാലത്തു് പുത്രൻ മുഖാന്തിരം നമ്മോടു് അരുളിച്ചെയ്തിരിക്കുന്നു."

ഭൂമിശാസ്ത്രം സംബന്ധിച്ചും വാനശാസ്ത്രം സംബന്ധിച്ചും മററും, ആ കാലത്തിനനുസരിച്ച പരിജ്ഞാനം മാത്രമേ വേദപുസ്തകത്തിലെ എഴുത്തുകാരിൽ കാണുന്നുള്ളു. ആകാശം, ഭൂമി, പാതാളം, എന്നിങ്ങനെ മൂന്നു തട്ടുള്ള ഒരു ഭൂമണ്ഡലത്തെയാണ് വേദപുസ്തകം വെളിപ്പെടുത്തുന്നതു്. ഭൂമണ്ഡലത്തിൻെറ സ്ഥിതിഗതികളും, മനുഷ്യജാതിയുടെ ചരിത്രവും പഠിപ്പിക്കുന്നതിനല്ല വേദപുസ്തകം എഴുതപ്പെട്ടതു്.

(vi)

**വേദപുസ്തകപഠനവും**
**അതിൻെറ ഉപയോഗവും**

വേദപുസ്തകം പലവിധത്തിൽ പഠിക്കാം.

1. മൂലപാഠവിമശം (textual criticism) : നമുക്കു് കയ്യെഴുത്തുപ്രതികളിൽ കൂടി കിട്ടിയിട്ടുള്ളതു് മൂലഗ്രന്ഥകാര ന്മാരുടെ വാക്കുകളും വാചകങ്ങളും തന്നെയാണോ എന്നുള്ള അന്വേഷണം.

2. സാഹിത്യവിമശം (Literary criticism) : ഓരോ പുസ്തകത്തിൻെറയും ഗ്രന്ഥകർത്താക്കൾ, പുസ്തകം എഴുതിയ തീയതി, അവയിലെ ഉള്ളടക്കം ഇവയെപ്പററിയുള്ള പഠനം,

3. വേദഭാഷ്യം (Biblical exegesis) : വേദഭാഗങ്ങ ളുടെയും വാക്കുകളുടെയും വാക്യങ്ങളുടെയും വ്യാഖ്യാനം. ഒരു പുസ്തകത്തിൽ, അതിലെ വാക്യങ്ങളിൽ അടങ്ങിയിരി ക്കുന്ന പാഠം, പ്രബോധനം, എന്താണെന്നുള്ളതാണു് ഈ ഭാഗത്തിൻെറ വിഷയം.

4. വേദവൈദികശാസ്ത്രം (Biblical Theology) : ദൈവത്തെപ്പററിയും, ദൈവത്തിൻെറ പ്രവൃത്തികളുടെ വഴി യെപ്പററിയും വ്യക്തിക്കും സമൂഹത്തിനും നൽകാനുള്ള സാമ്രാജ്യകദൂതു്, മതപരമായ ഉപദേശരൂപവൽക്കരണം തുട ങ്ങിയവയാണു് ഈ ഭാഗത്തിലെ ചിന്താവിഷയം.

**വേദപുസ്തക വ്യാഖ്യാനം :**
**ഓർമ്മിക്കേണ്ട ചില പ്രമാണങ്ങൾ**

ആരാണു് വേദപുസ്തകം വ്യാഖ്യാനിക്കേണ്ടതു്? സഭ യോ വ്യക്തികളോ? റോമാ സഭ പഠിപ്പിക്കുന്നതു്, സഭയ്ക്കാ

പൌലോസ് അപ്പോസ്തലൻ വേദപുസ്തകത്തെ വിലമതിക്കുന്നതു് സൂക്ഷിക്കുക: "എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിൻെറ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ചു് തികഞ്ഞവൻ ആകേണ്ടതിന്നു്, ഉപദേശത്തിന്നും ശാസനത്തിന്നും; ഗുണീകരണത്തിന്നും, നീതിയിലെ അഭ്യാസത്തിന്നും, പ്രയോജനമുള്ളതാകുന്നു."[1]

ദൈവവും മനുഷ്യനും, ദൈവവും ഭൂമിയും, തമ്മിലുള്ള ബന്ധത്തെപ്പററിയും, ദൈവസ്വഭാവത്തെപ്പററിയും, മനുഷ്യസ്വഭാവം, പാപം, പാപത്തിൽനിന്നുള്ള രക്ഷ, ഇവയെപ്പററിയും വേദപുസ്തകം പഠിപ്പിക്കുന്നതിൽ തെററില്ലായ്മ ഉണ്ടു്. "ബാലൻ തൻെറ നടപ്പിനെ നിർമ്മലമാക്കുന്നതു് എങ്ങനെ" എന്ന ചോദ്യത്തിനുള്ള മറുപടിയിൽ, വേദപുസ്തകത്തിന്നു് തെററില്ലായ്മയുണ്ടു്. ചരിത്രപരവും ശാസ്ത്രീയവും ആയ അറിവുകൾക്കു് വേദപുസ്തകമല്ല, അതാതു് രംഗങ്ങളിൽ പഠനം നടത്തിയിട്ടുള്ള വിദഗ്ദ്ധന്മാരുടെ നിഗമനങ്ങളാണു് ആധാരം. എൻെറ ദൈവത്തെ കാണുന്നതിന്നും, എൻെറ പാപങ്ങളിന്മേൽ ജയം പ്രാപിക്കുന്നതിനുള്ള വഴി മനസ്സിലാക്കുന്നതിന്നും എനിക്കു തെററില്ലാത്ത ആധാരം വേദപുസ്തകമാണു്. ("The Bible is infallible in revealing God and teaching men all that is necessary for salvation. It is infallible in pointing men to Christ, and leading them to higher and nobler lives").

"നിങ്ങൾ തിരുവെഴുത്തുകളെ ശോധന ചെയ്യുന്നു, അവയിൽ നിത്യജീവൻ ഉണ്ടു് എന്നു് നിങ്ങൾ നിരൂപിക്കുന്നുവല്ലോ; അവ എനിക്കു് സാക്ഷ്യം പറയുന്നു."

---

1. ii. തിമോത്തിയോസ് 3 : 16, 17.

ണു് ഈ അധികാരം എന്നത്രെ. പ്രോട്ടസ്റ്റൻറു്കാർ പറയുന്നു, വ്യക്തിക്കാണു് ഈ അവകാശം എന്നു്. ലൂഥറിൻെറ കാലത്തെ നവീകരണത്തിന്നു ശേഷം സഭ മുന്നൂറോളം ഭാഗങ്ങളും ഉപവിഭാഗങ്ങളും ആയി പിരിയുന്നതിനുള്ള കാരണം, വ്യക്തികൾ ഉപയോഗിച്ച വ്യാഖ്യാന സ്വാതന്ത്ര്യം ആണു്. ദീർഘ നൂററാണ്ടുകളിലെ അനുഭവത്തിൻെറ പാരമ്പയ്യമുള്ള സഭയുടെയും വ്യക്തിയുടെയും സ്വാതന്ത്ര്യത്തെ സംയോജിപ്പിച്ചുകൊണ്ടു പോകുക അസാദ്ധ്യമാണോ ? ചില കാൎയ്യങ്ങൾ നാം ഓൎമ്മിക്കേണ്ടതുണ്ടു്.

1. വേദപുസ്തക വ്യാഖ്യാനത്തിൽ പരിശുദ്ധാത്മാവിൻെറ പ്രകാശത്തിനുവേണ്ടി നാം അന്വേഷിക്കേണം, കാത്തിരിക്കണം.

2. വേദപുസ്തകത്തിൽ ദൈവവെളിപ്പാടു ഭാഗംഭാഗമായും പടിപടിയായുമാണു് ലഭിക്കുന്നതെന്നുള്ളതു നാം മറന്നുകൂടാ.

3. വേദവാക്യങ്ങളുടെ വ്യാഖ്യാനം, സന്ദർഭം നോക്കി ചെയ്യേണ്ടതാണു്. ആരു്, ആരോടു്, ഏതു സന്ദർഭത്തിൽ പറഞ്ഞു എന്നു് അന്വേഷിക്കണം. സാമ്യമുള്ള മററു വാക്യങ്ങളോടു അതു ഒത്തു നോക്കണം. യേശുക്രിസ്തുവിൻെറ പ്രബോധനത്തിൻെറയും, സ്വഭാവത്തിൻെറയും വെളിച്ചത്തിൽ വേണം, ഓരോ ഭാഗവും വ്യാഖ്യാനിക്കാൻ. ("Study the context lest the text becoming a pretext.")

4 സ്ഥലകാലങ്ങൾക്കനുസരണമായ അലങ്കാര പ്രയോഗങ്ങൾ, രൂപവൎണ്ണനകൾ ഇവക്കു വേണ്ടത്ര പ്രാധാന്യം കൊടുക്കണം. സ്പഷ്ടവും അക്ഷരപ്രകാരവും ഉള്ള അൎത്ഥമാണു് സാധാരണയായി വാക്കുകൾക്കും വാചകങ്ങൾക്കും കൊടുക്കേ

ണ്ടതു്. എന്നിരിക്കിലും അലങ്കാര വൎണ്ണനകളും രൂപങ്ങളും പലേടങ്ങളിലുമുണ്ടെന്നുള്ള കാൎയ്യം മറക്കരുതു്.

### ധ്യാനപരമായ ഉപയോഗം

മേൽ പറഞ്ഞ വിധമെല്ലാം വേദപുസ്തകം പഠിക്കേണ്ടതു് ആവശ്യമാണു്. എന്നാൽ വേദപുസ്തകത്തിൻെറ ഏററവും പ്രധാനമായ ഉപയോഗം, നമ്മുടെ ആത്മാവിനു ലഭിക്കുന്ന ദൈവത്തിൻെറ വചനം എന്ന നിലയിലാണു്. (The Bible as God's personal word to our souls.) എന്തു ചെയ്യണം എന്ന ചോദ്യത്തിനുള്ള മറുപടി നാം വേദപുസ്തകത്തിൽ അന്വേഷിക്കണം. ദൈവസന്നിധിയിലേക്കു നമ്മെ ഉയൎത്തുന്നതിന്നും, ദൈവവുമായുള്ള സംസൎഗ്ഗം അനുഭവിക്കുന്നതിനുമാണു് വേദപുസ്തകം ഉപയോഗിക്കേണ്ടതു്. ക്രൈസ്തവമതത്തിൻെറ പരമോൽകൃഷ്ടമായ പദവിയും പരമപാവനമായ സാദ്ധ്യതയും, ക്രിസ്തുവിൽ ദൈവത്തോടുള്ള കൂട്ടായ്മയാണു്; ദൈവവചനം നാം സദാ ധ്യാന ചിന്തയോടെ കൈകാൎയ്യം ചെയ്തുകൊണ്ടിരിക്കാത്തപക്ഷം, ഇതു തികച്ചും അസാദ്ധ്യമായിത്തീരുന്നു. ("The highest privilege and holiest possibility of the Christian religion is fellowship with God in Christ, and this is absolutely impracticable apart from constant devotional dealings with the Word of God.")

ദൈവവുമായി രഞ്ജിപ്പിൽ ജീവിക്കയും ദൈവത്തിൽ നിന്നു പഠിക്കുവാൻ വാഞ്ഛയോടിരിക്കയും ചെയ്യുന്ന ആളിന്നു മാത്രമേ ഇതു സാധിക്കയുള്ളു. ("The conscience must be kept pure and sensitive; the mind must be kept teachable, self distrustful and ever wish-

ful to learn more; the will must be kept submissive and obedient, and ready to do what God appoints.") ഒരു അന്വേഷണമനസ്സോടെ വേദപുസ്തകം വായിക്കണം. വായിക്കുന്നതേപ്പററി ശ്രദ്ധയോടുകൂടി ധ്യാനിച്ചു ചിന്തിക്കുകയും വേണം. ഇങ്ങനെ വേദപുസ്തകത്തെപ്പററി ധ്യാനിക്കുന്നവക്കു തിരുവചനം, ഉള്ളതുപോലെ തങ്ങളെത്തന്നെ കാണുന്നതിന്നുള്ള ഒരു കണ്ണാടിയും, ശുദ്ധീകരിക്കുന്ന ജലവും, പോഷണം നല്കുന്ന പാലും, മധുരിപ്പിക്കുന്ന തേനും, ജീവിത പോരാട്ടത്തിന്നു ഉപകരിക്കുന്ന ഒരു വാളും ആയിരിക്കും. "നിൻെറ വചനം എൻെറ കാലുകൾക്കു വിളക്കും വഴിക്കു പ്രകാശവും."

---

C. M. S. P.—175—1000—11-8-195

# ശുദ്ധിപത്രം

| പേജ് | ലൈൻ | തെററ് | ശരി |
|---|---|---|---|
| 20 | 12 | വിഭന്ന | ഓരോ |
| 21 | 6 | എങ്ങനെ | യേശു എങ്ങനെ |
| 24 | 9 | വിശദീകരണങ്ങളും തമ്മിൽ | വിശദീകരണങ്ങളിലും |
| 37 | 5 | ദൈവമാണ് | ദൈവം. |
| 40 | 13 | ത്രിതത്തിൽ | തതത്തിൽ |
| 46 | 2 | ഭിന്നതളെ | ഭിന്നതകളെ |
| 51 | 14 | ഗ്രഹിക്കേണ്ട ഒന്നാണത് | ഗ്രഹിക്കേണ്ടതാണ് |
| ,, | 15-16 | ചെയ്ത ശുശ്രൂഷയാണ് സഭയുടെ അന്തം | ആരംഭിച്ച ശുശ്രൂഷയുടെ നിർവ്വഹണവും പൂർത്തീകരണവുമാണ് സഭയുടെ അന്തം |
| ,, | 20-21 | മനുഷ്യാവതാരത്തിൻെറ | ക്രിസ്തു ജഡം ധരിച്ചതിൻെറ |
| 52 | 13 | കാണപ്പെടുന്നതിനാൽ | കാണപ്പെട്ടതിനാൽ |
| 57 | 16 | സഭകളുടെ | ("സഭകളുടെ" വിട്ടുവായിക്കണം) |
| 61 | 4-5 | സഭയിലെ അംഗങ്ങളെ... ...കഴിയുന്നതാണ്... | അതിൻെറ അംഗങ്ങളെ നീതിയിലേക്കു നടത്തുവാൻ സഭയ്ക്കു കഴിവുണ്ട്. |
| 71 | 9 | ചെടിയുടെ തൊലി | ചെടിയുടെ കണ |
| 79 | 17-18 | ഡയോറെറസ്സറോൺ | ഡയാററസ്സറൊൻ |
| ,, | 21 | മുനാറേറാറിയൻ | മുററേറാറിയൻ |
| 90 | 22 | becoming | becomes |

KOTTAYAM PUBLIC LIBRARY

KOTTAYAM

Cl. No. M200 Acc. No. 11438

This book should be returned on or before the date last stamped below.


| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |


If the book is not returned on due date
a fine of ₹1 per day will be charged

M200
YUHC

11438

മുഹമ്മദനോൻ

ചില അടിസ്ഥാനവിശ്വാസങ്ങൾ

KOTTAYAM PUBLIC LIBRARY
Call No M200 Acc. No 11438
Author മുഹമ്മദ്
Title ചില അടിസ്ഥാനവിശ്വാസങ്ങൾ

Indic Digital Archive Foundation
gpura.org